Reg No M 3293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 26 | 1128 കുംഭം 7—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 ഫെബ്രുവരി 18 | ലക്കം 26

# ക്രൈസ്തവസഭകളുടെ ഐക്യം

## 11-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ വിശ്വലേഖനം

11-ാം പീയൂസ് മാർപ്പാപ്പാ തൻെറ വന്ദ്യ സഹോദരന്മാർക്ക് സ്വസ്തി പറയുകയും അപ്പോസ്തലികാശീർവ്വാദം നൽകുകയും ചെയ്യുന്നു.

1. മനുഷ്യവർഗ്ഗത്തിൻെറ പൊതുവായ ഉല്പത്തി, സ്വഭാവം എന്നിവയിൽനിന്നു സംജാതമായതും, നമ്മെ പരസ്പരം ബന്ധിക്കയും യോജിപ്പിക്കയും ചെയ്യുന്നതുമായ സാഹോദര്യബന്ധത്തെ മാനവസമുദായത്തിൻെറ പൊതുനന്മയ്ക്കായി വികസിപ്പിക്കയും ദൃഢീകരിക്കയും ചെയ്യുന്നതിനുള്ള അഭിവാഞ്ഛ ഇദാനീന്തനകാലങ്ങളിലെപ്പോലെ മനുഷ്യഹൃദയങ്ങളിൽ ഒരുപക്ഷേ മുമ്പൊരിക്കലും ആവേശിച്ചിട്ടുള്ളതായി നാം കണ്ടിട്ടില്ല. സമാധാനത്തിൻെറ സൽഫലങ്ങൾ ജനസമുദായങ്ങൾക്ക് ഇനിയും പൂർണ്ണമായി അനുഭൂതമായിട്ടില്ല, എന്നുമാത്രമല്ല പഴയതും പുതിയതുമായ പല അഭിപ്രായവ്യത്യാസങ്ങൾ പല സ്ഥലങ്ങളിലും രാജ്യദ്രോഹവും ആഭ്യന്തരകലഹങ്ങളും ഉളവാക്കിക്കൊണ്ടിരിക്കുന്നു. ജനസമുദായങ്ങളുടെ സമാധാനവും ഐശ്വര്യവും സംബന്ധിക്കുന്ന പല വിവാദങ്ങളും, രാഷ്ട്രങ്ങളെ ഭരിക്കുകയും അവയുടെ താല്പര്യങ്ങളെ പുരോഗമിപ്പിക്കയും ചെയ്യുന്നവരുടെ കർമ്മപരമായ സഹകരണംകൂടാതെ തീരുമാനിക്കുവാൻ സാദ്ധ്യമല്ല. ഇക്കാരണങ്ങളാലും, പ്രത്യേകിച്ചു മനുഷ്യജാതി ഏകമായിരിക്കുന്നു എന്നുള്ള വസ്തുത ഇപ്പോൾ ആരുംതന്നെ വിസംവദിക്കാത്തതിനാലും, വിവിധജനസമുദായങ്ങൾ സാർവ്വത്രികസാഹോദര്യബന്ധത്താൽ പ്രേരിതരായി അന്യോന്യം കൂടുതൽ ദൃഢമായി ബന്ധപ്പെടണമെന്നു പലരും ഇക്കാലത്തു് ആഗ്രഹിക്കുന്നതെന്തുകൊണ്ടാണെന്നു അനായാസേന മനസ്സിലാക്കുവാൻ കഴിയും.

### ക്രൈസ്തവസഭകളെ ഏകീഭവിപ്പിക്കുവാൻ അവലംബിക്കുന്ന തെററായ പ്രസ്ഥാനങ്ങൾ

2. നമ്മുടെ നാഥനായ ക്രിസ്തു പ്രഖ്യാപിച്ച പുതിയ നിയമത്തെ സംബന്ധിക്കുന്ന കാര്യങ്ങളിൽ ഏതാണ്ടിതുമാതിരിയായ ഒരു ലക്ഷ്യം ചിലർ ഉദ്ദേശിക്കുന്നുണ്ടു്. യാതൊരു മതബോധവുമില്ലാത്തവരായി ആരുംതന്നെ ഇല്ലെന്നു അവർ ദൃഢമായി വിശ്വസിക്കുന്നു. അതുകൊണ്ടു്, ആ വിശ്വാസത്തെ അടിസ്ഥാനമാക്കി, വിവിധജനസമുദായങ്ങൾ ചില മതവിഷയങ്ങളിൽ ഭിന്നാഭിപ്രായക്കാരായിരുന്നാലും ആദ്ധ്യാത്മികജീവിതത്തിനു ഒരു പൊതുവായ അടിസ്ഥാനമെന്നോണം ചില വിശ്വാസതത്വങ്ങൾ സ്വീകരിച്ചു പ്രഖ്യാപനംചെയ്യുന്നതിൽ സഹോദരബുദ്ധ്യാ ഏകാഭിപ്രായക്കാരായിത്തീരുവാൻ വലിയ വിഷമമില്ലെന്നു അവർ പ്രത്യാശിക്കുന്നതായി തോന്നുന്നു. എന്തുകാരണത്താൽ അവർ പലപ്പോഴും അസംഖ്യം ശ്രോതാക്കൾക്കു സംബന്ധിക്കത്തക്കവിധം സമ്മേളനങ്ങളും പ്രസംഗയോഗങ്ങളും നടത്തുകയും, ചർച്ചകളിൽ പങ്കെടുക്കുന്നതിനു വിവേചനമെന്യേ സർവ്വജനങ്ങളേയും, സകലവിധ അക്രൈസ്തവരേയും ക്രൈസ്തവരേയും എന്നല്ല, നിർഭാഗ്യകരമായി ക്രിസ്തുവിനെ പരിത്യജിക്കയും, വാശിയോടും




മർക്കടമുഷ്ടിയോടുംകൂടി ക്രിസ്തുവിൻെറ ദൈവത്വത്തെയും ദിവ്യപ്രേഷിതത്വത്തെയും നിഷേധിക്കയും ചെയ്യുന്നവരെപ്പോലും ക്ഷണിക്കയും ചെയ്യുന്നു. ഏതാണ്ടു സംഗതികൾ, എല്ലാ മതങ്ങളും നമ്മെ ദൈവത്തിങ്കലേക്കും ദൈവാധിപത്യത്തിൻെറ അനുസരണാത്മകമായ അംഗീകരണത്തിലേക്കും ആനയിക്കുന്ന നമ്മുടെ ജന്മവാസനയെ പലപ്രകാരത്തിൽ പ്രകടിപ്പിക്കുകയും സൂചിപ്പിക്കുകയും ചെയ്യുന്നതിനാൽ എല്ലാ മതങ്ങളും ഏറെക്കുറെ നല്ലതും പ്രശംസാർഹവുമാണെന്നുള്ള തെററായ അഭിപ്രായത്തെ ആസ്പദമാക്കിയുള്ളവയാണു്. ആകയാൽ അവരെ കത്തോലിക്കർ യാതൊരുതരത്തിലും അംഗീകരിക്കുവാൻ നിവൃത്തിയില്ലെന്നുള്ളതു് നിർവ്വിവാദമത്രെ. പ്രസ്തുത അഭിപ്രായത്തെ മുറുകെപ്പിടിക്കുന്നവർ അബദ്ധത്തിലും ആത്മവഞ്ചനയിലും പെട്ടുപോകുന്നു എന്നുമാത്രമല്ല, മതത്തെ സംബന്ധിച്ചുള്ള ശരിയായ ആശയത്തെ വികൃതമാക്കുന്നതിനാൽ കാര്യത്തിൽ അതിനെ നിരാകരിക്കയും, അല്പാല്പമായി വ്യതിചലിച്ചു ക്രമേണ പ്രകൃതിനിയമങ്ങളെ മാത്രം മതമാക്കുന്നതിനോ, നിരീശ്വരത്വത്തിൽ പതിക്കുന്നതിനോ ഇടയാകുകയും ചെയ്യുന്നു. ഇതിൽനിന്നും പ്രസ്തുത സിദ്ധാന്തങ്ങളെ മുറുകെപ്പിടിക്കയും അവയെ സാക്ഷാൽക്കരിക്കുന്നതിനു ശ്രമിക്കയും ചെയ്യുന്നവർക്കു പിന്തുണ നൽകുന്നതു്, ഈശ്വരാവിഷ്കൃതമായ മതത്തെ ഉപേക്ഷിക്കുന്നതിനോടു ഇപ്പോൾ തുല്യമാകുന്നു എന്നു സ്പഷ്ടമാകുന്നുണ്ടു്.

3. ക്രിസ്ത്യാനികളുടെ ഇടയിൽ ഐക്യം പരിപോഷിപ്പിക്കപ്പെടുക എന്ന പ്രശ്നത്തെ സമീപിക്കുമ്പോൾ ചിലർ നന്മയുടെ ബാഹ്യവേഷത്താൽ വളരെ എളുപ്പത്തിൽ വഞ്ചിതരാകുന്നു. ക്രിസ്തുവിൻെറ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരും പരസ്പരമുള്ള ദോഷാരോപണങ്ങളിൽനിന്നും പ്രതിനിവർത്തിച്ചു അന്യോന്യസ്നേഹത്തിൽ ഐക്യപ്പെട്ടിരിക്കുക എന്നുള്ളതല്ലയോ ശരിയായിട്ടുള്ളതും ക്രൈസ്തവധർമ്മത്തിനു യോജിച്ചതും, എന്നവർ ചോദിക്കുന്നു. സ്വശിഷ്യന്മാരെല്ലാവരും "ഒന്നാകേണ്ടതിനു" (യോഹ: 17, 21) വേണ്ടി പിതാവിനോടപേക്ഷിച്ച ക്രിസ്തുവിൻെറ ആഗ്രഹം സാധിക്കുന്നതിനു സർവ്വശക്തിയും ഉപയോഗിച്ചു പരിശ്രമിക്കാതെ ആരെങ്കിലും താൻ ക്രിസ്തുവിനെ സ്നേഹിക്കുന്നു എന്നു പറയുവാൻ ധൈര്യപ്പെടുമോ? അതേ ക്രിസ്തുതന്നെ നിശ്ചയിച്ചില്ലയോ, പരസ്പരം സ്നേഹിക്കുക എന്ന ലക്ഷണംകൊണ്ടു സ്വശിഷ്യന്മാർ മററുള്ളവരിൽനിന്നും വ്യാവർത്തിക്കപ്പെടണമെന്നു? "നിങ്ങൾക്കു തമ്മിൽത്തമ്മിൽ സ്നേഹമുണ്ടെങ്കിൽ ഇതുകൊണ്ടു നിങ്ങൾ എൻെറ ശിഷ്യന്മാരാകുന്നു എന്നു എല്ലാവരും അറിയും"(യോഹ: 13, 35) എന്നു അവർ പറയുന്നു, എല്ലാ ക്രിസ്ത്യാനികളും "ഒന്നായിരിക്കേണമേ"; എന്തെന്നാൽ ആ നിലയിൽ, സുവിശേഷത്തെ പ്രതിരോധിക്കുന്നതിനു കൂടുതൽ കൂടുതൽ നുഴഞ്ഞുകയറി അനുദിനം വ്യാപിച്ചു സുവിശേഷത്തിൻെറ ശക്തിയെ ദുർബ്ബലമാക്കുമെന്നു ഭീഷണിപ്പെടുത്തുന്ന നിർമ്മതത്വമെന്ന മഹാമാരിയെ ഉച്ചാടനംചെയ്യുന്നതിനു അവർ കൂടുതൽ ശക്തരായി ഭവിക്കും. ഏതാണ്ടിങ്ങനെയുള്ള ആശയങ്ങൾ "സാർവ്വജനീനക്രൈസ്തവർ"(Pan Christians) എന്നറിയപ്പെടുന്ന ആളുകൾ നിരന്തരം ആവർത്തിക്കയും വിപുലമാക്കുകയും ചെയ്യുന്നു. ഈ കൂട്ടർ ചുരുക്കമോ അസംഘടിതരോ അല്ലെന്നു മാത്രമല്ല, ഒരു പ്രത്യേക ജനവിഭാഗമായിത്തീരത്തക്ക ആകൃതി സമാർജ്ജിച്ചു വിവിധസ്ഥലങ്ങളിൽ പ്രചുരപ്രചാരം സിദ്ധിച്ച സംഘങ്ങളായിത്തീർന്നിരിക്കുന്നു. അവയിൽ മിക്കവയും വിശ്വാസവിഷയങ്ങളിൽ വിവിധാഭിപ്രായക്കാരായ അകത്തോലിക്കരാൽ നയിക്കപ്പെടുന്നു. വിവിധസ്ഥലങ്ങളിൽ നിരവധി പരിഷത്തുകളെ അനേകം കത്തോലിക്കരെപ്പോലും, സമ്പാദിക്കത്തക്കവിധത്തിൽ അത്ര സജീവമായി ഈ സംരംഭം പ്രവർത്തിപ്പിക്കപ്പെടുന്നു. അപഥസഞ്ചാരംചെയ്യുന്ന മക്കളെ സ്വഭവനത്തിലേക്കു വിളിക്കുന്നതിൽ അതിവ്യഗ്രതയുള്ള പരിശുദ്ധ കത്തോലിക്കാ മാതാവിൻെറ ആഗ്രഹാനുസരണമുള്ള ഒരു ഐക്യം ഉളവാക്കാമെന്നുള്ള പ്രത്യാശയാൽ ആകൃഷ്ടരായിട്ടാണു കത്തോലിക്കാ വിശ്വാസികൾ ഈ സംരംഭത്തിൽ ഭാഗഭാക്കുകളാകുന്നതു്. പ്രകടമായി ആകർഷകങ്ങളായ ഈ വാക്കുകളുടെയും മധുരഭാഷണങ്ങളുടെയും അടിയിൽ യഥാർത്ഥത്തിൽ കത്തോലിക്കാ വിശ്വാസത്തി

ൻെറ അടിസ്ഥാനതത്വങ്ങളെ സമൂലം തകർക്കുന്ന അതിഭയങ്കരമായ ഒരു അബദ്ധം മറഞ്ഞുകിടപ്പുണ്ട്.

4. ആകയാൽ, വന്ദ്യസഹോദരരേ, കർത്താവിൻെറ അജഗണം ആപൽക്കരങ്ങളായ അബദ്ധവിശ്വാസങ്ങളാൽ അപനയിക്കപ്പെടുവാൻ നാം അനുവദിക്കരുതെന്ന നമ്മുടെ അപ്പസ്തോലിക ഉദ്യോഗത്തിൻെറ കർത്തവ്യബോധം നമ്മെ നിർബന്ധിക്കുന്നതനുസരിച്ച്, ഈ ആപത്തിനെ അകറ്റുന്നതിന് നാം നിങ്ങളുടെ ശുഷ്കാന്തിയെ ആഹ്വാനംചെയ്യുന്നു. ക്രിസ്ത്യാനികൾ എന്നു സ്വയം വിളിക്കുന്ന എല്ലാവരേയും ഉൾപ്പെടുത്തി വ്യാമിശ്രമായ ഒരു സംഘടനയെ ലക്ഷ്യംവെച്ചുള്ള സംരംഭങ്ങൾ ആവിർഭവിക്കുമ്പോൾ എന്തു ചിന്തിക്കയും പ്രവർത്തിക്കയും ചെയ്യണമെന്നു കത്തോലിക്കർ പഠിക്കുന്നതിനുവേണ്ടി, നാം ഇപ്പോൾ വിശദീകരിക്കുവാൻ പോകുന്ന തത്വങ്ങളും ന്യായങ്ങളും നിങ്ങൾ ഭാഷണങ്ങളുടേയും ലേഖനങ്ങളിലും പ്രസംഗങ്ങളിലും കൂടുതൽ സുതരമായി ആളുകൾ അറിയുകയും മനസ്സിലാക്കുകയും ചെയ്യണമെന്ന നമുക്ക് ഉത്തമബോദ്ധ്യമുണ്ട്.

## സത്യമായ പ്രബോധനം

5. പ്രപഞ്ചസ്രഷ്ടാവായ ദൈവത്താൽ നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്, നാം അവനെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നതിനാകുന്നു. അതുകൊണ്ടു നമ്മുടെ സേവനം ആവശ്യപ്പെടുവാൻ പൂർണ്ണമായ അവകാശം സൃഷ്ടികർത്താവിനുണ്ട്. സൃഷ്ടികർമ്മത്തോടുകൂടിത്തന്നെ ദൈവം മനുഷ്യാത്മാവിൽ മുദ്രണം ചെയ്ത പ്രകൃതിനിയമംകൊണ്ടുമാത്രം മനുഷ്യരാശിയുടെ ഭരണത്തിനായി നിയമംവെയ്ക്കുകയും, ആ നിയമത്തിൻെറ വികാസത്തെ തൻെറ സാധാരണപരിപാലനയാൽ നിയന്ത്രിക്കയുംചെയ്യുവാൻ ദൈവത്തിനു കഴിയുമായിരുന്നു. എങ്കിലും നാം അനുസരിക്കുന്നതിനായിവിശേഷാൽ പല നിയമങ്ങളും നൽകുന്നതിന് അവിടുന്നു തിരുമനസ്സായി. കാലം പുരോഗമിക്കവേ, അതായതു മനുഷ്യവർഗ്ഗത്തിൻെറ ആരംഭംമുതൽ യേശുക്രിസ്തുവിൻെറ ആഗമനവും ഉദ്ബോധനങ്ങളും വരെ, വിശേഷബുദ്ധിയുള്ള ഒരു സൃഷ്ടിക്കു സ്രഷ്ടാവിനോടുള്ള കടമകളെ അവിടുന്നുതന്നെ മനുഷ്യരെ പഠിപ്പിച്ചുകൊണ്ടിരുന്നു. "ദൈവം പണ്ടു പലതവണയായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖേന പിതാക്കന്മാരോടു സംസാരിച്ചിട്ട്, ഈ അവസാനനാളുകളിലാകട്ടെ, താൻ ആരെ സകലത്തിൻെറയും അവകാശിയായി സ്ഥാപിച്ചിരിക്കുന്നുവോ, ആർമൂലം ലോകങ്ങളെ ഉണ്ടാക്കിയോ, ആ തൻെറ പുത്രൻ മുഖേന അവൻ നമ്മോടു സംസാരിച്ചിരിക്കുന്നു." (എബ്രായ 1, 1). ഇതിൽനിന്നും ഈ ദൈവാവിഷ്കൃതമായ വചനത്തിൽ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള മതമൊഴികെ യാതൊരു മതവും സത്യമായിരിക്കുവാൻ പാടില്ലെന്നു സിദ്ധിക്കുന്നു. പ്രസ്തുത ആവിഷ്കരണമാകട്ടെ സൃഷ്ടിയോടുകൂടിത്തന്നെ ആരംഭിച്ച് പഴയനിയമത്തിൽ ഉണ്ട്, പുതിയ നിയമത്തിൽ യേശുമിശിഹായിൽ പൂർത്തീകരിക്കപ്പെട്ടു. എന്നാൽ ദൈവം സംസാരിച്ചിട്ടുണ്ടെങ്കിൽ (യഥാർത്ഥത്തിൽ ദൈവം സംസാരിച്ചിട്ടുണ്ടെന്നുള്ളത് ചരിത്രപരമായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഒരു വസ്തുതയാകുന്നു) ദൈവവചനത്തെ നിരുപാധികം വിശ്വസിക്കയും, പരിപൂർണ്ണമായി അനുസരിക്കയും ചെയ്യേണ്ടതു മനുഷ്യധർമ്മമാണെന്ന് എല്ലാവരും മനസ്സിലാക്കണം. ദൈവമഹത്വത്തിനും നമ്മുടെ രക്ഷയ്ക്കും വേണ്ടി ഇവ രണ്ടും നാം ശരിയായി ചെയ്യേണ്ടതിനായിട്ടാണ് ദൈവത്തിൻെറ ഏകജാതൻ തൻെറ സഭയെ ഭൂമിയിൽ സ്ഥാപിച്ചത്. ക്രിസ്തു ഒരു സഭയെ സ്ഥാപിച്ചു എന്നും, ഒരു സഭയെ മാത്രമേ സ്ഥാപിച്ചുള്ളു എന്നും ഉള്ള വസ്തുത ക്രൈസ്തവർ എന്നു സ്വയം വിളിക്കുന്ന ആരുംതന്നെ നിഷേധിക്കുമെന്നു നാം വിചാരിക്കുന്നില്ല.

6. പ്രസ്തുത സഭയുടെ സ്വഭാവം എന്തായിരിക്കണമെന്നതാണ് തൽകർത്താവിൻെറ ഉദ്ദേശം എന്നുള്ള കാര്യത്തെപ്പററി ഉപരിചിന്തനംചെയ്യുമ്പോഴാകട്ടെ എല്ലാവരും ഏകാഭിപ്രായക്കാരല്ല. ഉദാഹരണമായി, ക്രിസ്തുവിൻെറ സഭ ഒരേ വിശ്വാസസത്യങ്ങൾ സ്വീകരിച്ച് പഠിപ്പിക്കുകയും ഭരിക്കുകയും ചെയ്യുന്ന ഏക ഭരണാധികാരത്തിൻകീഴിൽ ആയിരിക്കുന്ന വിശ്വാസികളുടെ ഒരു സംഘടനയായി കാണപ്പെടത്തക്കവണ്ണം അത്ര അധികമായിട്ട് ദൃശ്യവും പ്രകടവും ആയിരിക്കേണ്ട ആവശ്യമില്ലെന്ന് ഒരു നല്ല സംഖ്യ ആളുകൾ സിദ്ധാന്തിക്കുന്നു. നേരെമറിച്ച് വിഭിന്നങ്ങളും പരസ്പരവിരുദ്ധങ്ങളുമായ ഉപദേശങ്ങൾ സ്വീകരിക്കുന്നവയായാലും ശരി, എല്ലാ ക്രൈസ്തവസമൂഹങ്ങളുംകൂടി ചേർന്നുള്ള ഒരു സഖ്യമായി മാത്രം അവർ ദൃശ്യസഭയെ വിഭാവനംചെയ്യുന്നു. പക്ഷേ നമ്മുടെ നാഥനായ ക്രിസ്തു തൻെറ സഭയെ ഒരു പരിപൂർണ്ണസമുദായമായിട്ടാണ് സ്ഥാപിച്ചത്. അതു പ്രകൃത്യാതന്നെ ബാഹ്യവും ഇന്ദ്രിയഗോചരവുമായിരിക്കണം; ഏകതലവൻെറ നേതൃത്വത്തിൽ (മത്താ: 16, 18 ...... ലൂക്കാ: 22, 32, യോഹ: 21, 15—17) അതു ഭാവിയിൽ മനുഷ്യരക്ഷാജോലി തുടർന്നുകൊണ്ടുപോകണം; സ്വർഗ്ഗീയ പ്രസാദവരത്തിൻെറ ഉറവകളായ കൂദാശകളുടെ (യോഹ: 3, 5; 6, 48, 59; 20, 22 ......, മത്താ: 18, 1o......) പരികർമ്മത്താലും വാമൊഴിയാലും (മാർക്കോസ് 16, 15) പഠിപ്പിക്കുന്നതിനുള്ള അധികാരവും അതിനുണ്ടായിരിക്കണം. ഏതൽകാരണത്താൽ അവിടുന്നു സഭയെ ഒരു രാജ്യത്തോടും (മത്താ: 13) ഭവനത്തോടും (മത്താ: 16, 18) ആട്ടിൻതൊഴുത്തിനോടും (യോഹ: 10, 16) അജഗണത്തോടും (യോഹ: 21, 15—17) താരതമ്യവിവേചനംചെയ്തുപമിച്ചു പറഞ്ഞു. അത്ര അത്ഭുതകരമായവിധം സ്ഥാപിതമായ ഈ സഭയാകട്ടെ തൽസ്ഥാപകൻെറയും തൽപ്രചരണോദ്യമത്തിൽ മുൻനിന്നു വഴിതെളിച്ച അപ്പസ്തോലന്മാരുടെയും മരണാനന്തരം നിശ്ശേഷം നിർമ്മാർജ്ജനംചെയ്യപ്പെട്ട് ഇല്ലാതായിപ്പോകുവാൻ പാടുണ്ടായിരുന്നില്ല; എന്തുകൊണ്ടെന്നാൽ, സ്ഥലകാലഭേദമെന്യേ സകലരെയും നിത്യരക്ഷയിലേക്ക് ആനയിക്കുന്നതിനുള്ള കല്പന അതിനു നൽകപ്പെട്ടിരുന്നു. "ആകയാൽ നിങ്ങൾ പോയി സകല ജാതികളേയും ഉപദേശിച്ചു ... ... ..." (മത്താ: 28, 19) "ഞാനോ ഇതാ! ... ... ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടെയുണ്ട്" (മത്താ: 28, 20) എന്നുള്ള സ്വവാഗ്ദാനമനുസരിച്ച് ക്രിസ്തുതന്നെ സഭയോടുകൂടി നിത്യം ഉണ്ടായിരിക്കുന്ന സ്ഥിതിക്ക് പ്രസ്തുത ജോലിയുടെ നിർവ്വഹണത്തിൽ ശക്തിയുടേയും കാര്യക്ഷമതയുടേയും എന്തെങ്കിലും അംശം സഭയ്ക്കു പോരാതെ വരുമോ? അതിനാൽ ഇതിൽനിന്നും ക്രിസ്തുവിൻെറ സഭ ഇന്നും എന്നും നിലനിൽക്കുന്നു എന്നു മാത്രമല്ല അപ്പസ്തോലകാലത്ത് അത് എപ്രകാരമായിരുന്നുവോ അപ്രകാരംതന്നെ ഇപ്പോഴും ആയിരിക്കുന്നു എന്നും സിദ്ധിക്കുന്നുണ്ട്, അല്ലാത്തപക്ഷം ക്രിസ്തുവിൻെറ ഉദ്ദേശം നിർവ്വഹിക്കുവാൻ കഴിഞ്ഞില്ലെന്നോ, "നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല" (മത്താ: 16, 18) എന്നരുളിച്ചെയ്തപ്പോൾ പ്രമാദം പററിയെന്നോ, പറയേണ്ടിവരും; അതിനു ദൈവം ഇടയാകാതിരിക്കട്ടെ.

## ഐക്യമാണ് ആവശ്യം, സഖ്യം മാത്രമല്ല

ഈ പ്രശ്നത്തിൻെറയും അതുപോലെതന്നെ ക്രൈസ്തവസഭകളുടെ ഐക്യം സാധിക്കുന്നതിനുവേണ്ടി അകത്തോലിക്കർ നടത്തുന്ന ആ സങ്കീർണ്ണ സംരംഭത്തിൻെറയും അടിയിൽ കിടക്കുന്ന ഒരു അബദ്ധാഭിപ്രായത്തെ ഇത്തരുണത്തിൽ വിശദീകരിച്ചു ഖണ്ഡിക്കുന്നതു സമീചീനമായി തോന്നുന്നു. ഈ അഭിപ്രായത്തെ ആദരിക്കുന്ന ഗ്രന്ഥകാരന്മാർ "അവർ എല്ലാവരും ഒന്നാകേണ്ടതിനു" (യോഹ: 17, 21), "ഇങ്ങനെ ആട്ടിൻകൂട്ടം മുഴുവൻ ഒന്നും ഒരിടയനും ആകും" എന്നുള്ള ക്രിസ്തുവിൻെറ വാക്കുകളെ സർവ്വദാ ഉദ്ധരിക്കുന്നു; പക്ഷേ അവർ അതിനു നൽകുന്ന അർത്ഥം, യേശുക്രിസ്തു ഇതുവരെയും സഫലമാകാത്ത ഒരു അഭിഗ്രഹവും പ്രാർത്ഥനയും പ്രകടിപ്പിക്ക മാത്രമാണ ചെയ്തതെന്നാകുന്നു; എന്തെന്നാൽ അവരുടെ അഭിപ്രായം, ഏകസത്യസഭയുടെ ലക്ഷണമായ, വിശ്വാസത്തിലും ഭരണത്തിലുമുള്ള ഐക്യം ഏതൽക്കാലപര്യന്തം ഒരിക്കലും നിലവിലിരുന്നിട്ടില്ലെന്നും, ഇന്നു നിലവിലില്ലെന്നും ആണ്. അപ്രകാരം ഒരൈക്യം വാസ്തവത്തിൽ അഭിലഷണീയവും ഏകമനസ്സോടെ മുൻനിറുത്തി ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ ഒരു കാലത്തു സാധിതപ്രായമാക്കാവുന്നതുമാണെങ്കിലും അതുവരെക്കും കേവലമൊരാദർശമായി മാത്രം അതു കരുതപ്പെടേണ്ടതാണെന്നാണ് അവരുടെ അഭിപ്രായം. എന്നു മാത്രമല്ല "സഭ നിജസ്വഭാവത്താൽതന്നെ വ്യതിരിക്തങ്ങളായി സ്ഥിതിചെയ്യുന്ന പല സഭകൾ അഥവാ സമൂഹങ്ങൾ കൂടിച്ചേർന്നിട്ടുള്ള വിഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു; ഏതാനും ചില വിശ്വാസസത്യങ്ങൾ പൊതുവിൽ സ്വീകൃതങ്ങളായിട്ടുണ്ടെന്നിരുന്നാലും ബാക്കിയുള്ളവയിൽ അഭിപ്രായൈക്യമില്ല; ഇവയെല്ലാം ഒരേ അവകാശമാണുള്ളത്; കൂടിയപക്ഷം അപ്പസ്തോലികകാലംമുതൽ ആദ്യസൂനഹദോസുകൾവരെ മാത്രമേ സഭ ഒന്നുമാത്രമായിരുന്നിട്ടുള്ളു; അതുകൊണ്ട് ക്രൈസ്തവകുടുംബങ്ങളിലെ അംഗങ്ങളെ ഇക്കാലംവരെ വേർതിരിച്ചു നിറുത്തുന്ന ചിരസ്ഥായിയായ അഭിപ്രായവ്യത്യാസങ്ങളും വാദങ്ങളും മുഴുവനായി മാററിവച്ച് പിന്നിടവശേഷിക്കുന്ന വിശ്വാസസത്യങ്ങളിൽനിന്നും പൊതുവായ ഒരു തത്വസംഹിത തിരഞ്ഞെടുത്ത് വിശ്വാസവിഷയമായി പ്രഖ്യാപനം ചെയ്യണം; ആ വിശ്വാസസംഹിതയാകട്ടെ തൽസ്വീകരണത്താൽ തങ്ങൾ സഹോദരന്മാരാണെന്ന് എല്ലാവർക്കും അറിയുന്നതിനു മാത്രമല്ല അനുഭവമാകുന്നതിനും ഉതകുന്നതായിരിക്കണം" എന്നെല്ലാം അവർ സിദ്ധാന്തിക്കുകയുംചെയ്യുന്നു. വിവിധങ്ങളായ സഭകൾ അഥവാ സമുദായങ്ങൾ എല്ലാം ഇങ്ങനെ വല്ല ഉടമ്പടിയിൽ സാർവ്വത്രികമായ ഒരു സഖ്യത്തിൽ യോജിച്ചു നിൽക്കുന്നപക്ഷം നിരീശ്വരത്വത്തിൻെറ പുരോഗതിയെ വിജയപൂർവ്വം ബലവത്തായി എതിർക്കുന്നതിനു ശക്തമായി ഭവിക്കുമത്രെ.

വന്ദ്യസഹോദരന്മാരേ, ഇക്കാര്യങ്ങൾ സാധാരണമായി പറയപ്പെടുന്നവയാണ്. എന്നാൽ, യഥാർത്ഥത്തിൽ അഭിലഷണീയങ്ങളും ഉപയോഗയോഗ്യങ്ങളും റോമാസഭ ഇപ്പോഴും നിലനിറുത്തിക്കൊണ്ടുപോരുന്നതുമായ ചില വിശ്വാസസത്യങ്ങളേയും ബാഹ്യനടപടിക്രമങ്ങളേയും പ്രൊട്ടെസ്റ്റൻറുകർ എന്നു പറയപ്പെടുന്നവർ അത്യന്തം വിവേചനാശൂന്യമായി തള്ളിക്കളഞ്ഞു എന്നു സമ്മതിച്ചുപറയുന്നവരും ഇല്ലാതില്ല.

## 8. അധികാരപാരമ്യം ദൈവദത്തം

എന്നാൽ ഇതുപോലെതന്നെ കത്തോലിക്കാസഭയും തെററിൽ അകപ്പെടുകയും, സുവിശേഷത്തിൽനിന്നും അന്യമെന്നു മാത്രമല്ല വിരുദ്ധവുമായ ചില തത്വങ്ങൾ കൂട്ടിച്ചേർത്തു വിശ്വാസവിഷയമായി ഉന്നയിച്ചുകൊണ്ട് ആദിമവിശ്വാസത്തെ ദുഷിപ്പിക്കയും ചെയ്തിട്ടുണ്ടെന്നും ഇക്കൂട്ടർ വാദിക്കുന്നു. അവയിൽ പ്രധാനമായി അവർ കണക്കാക്കുന്നത്, വിശുദ്ധ പത്രോസിനും, റോമാസിംഹാസനത്തിലുള്ള തൽപിൻഗാമികൾക്കും നൽകപ്പെട്ടിരിക്കുന്ന അധികാരത്തിൻെറ പ്രാഥമ്യത്തെ സംബന്ധിച്ചുള്ളതാണ്. റോമാമെത്രാന് ബഹുമാനത്തിൽ ഒരു അഗ്രിമസ്ഥാനവും എന്തോ ഒരു അധികാരവും ശക്തിയുംതന്നെയും വകവച്ചുകൊടുക്കുന്നവർ ചുരുക്കമാണെങ്കിലും, ചിലരെല്ലാമുണ്ട്. പക്ഷെ അതു ദൈവികനിയമത്തിൽ നിന്നല്ല വിശ്വാസികളുടെ സമ്മതത്തിൽനിന്നും ജന്യമായിട്ടുള്ളതാണ് എന്നവർ കരുതുന്നു. മററു ചിലരാകട്ടെ അവരുടെ വ്യാമിശ്രസമ്മേളനങ്ങളിൽ റോമായിലെ പ്രധാനാചാര്യൻതന്നെ ആദ്ധ്യക്ഷ്യം വഹിക്കണമെന്നാഗ്രഹിക്കത്തക്ക നിലവരെ എത്തുന്നുണ്ട്. എങ്കിലും, ക്രിസ്തുവിലുള്ള സഹോദരത്വത്തിൻെറ ഐക്യത്തെ ഉദ്ഘോഷിക്കുന്ന അനേകം അകത്തോലിക്കരെ കാണുവാൻ കഴിയുമെന്നിരുന്നാലും, ക്രിസ്തുവിൻെറ പ്രതിനിധിയെ അദ്ധ്യാപകനും ഭരണാധികാരിയും എന്ന നിലയിൽ അനുസരിക്കയും അദ്ദേഹത്തിനു കീഴ്വഴങ്ങുകയും ചെയ്യേണ്ടതാണെന്ന് എപ്പോഴെങ്കിലും വിചാരിക്കുന്നവരായി ഒരുത്തരേയും കാണുവാൻ സാധിക്കയില്ല. അതേസമയംതന്നെ, തുല്യനിലയിൽ സമന്മാർ തമ്മിലെന്നവണ്ണം റോമാസഭയുമായി ചർച്ചകൾ നടത്തുന്നതിനുള്ള സന്നദ്ധത അവർ പ്രകടിപ്പിക്കുന്നുണ്ട്. അപ്രകാരം പ്രവർത്തിക്കുവാൻ അവർക്ക് കഴിഞ്ഞാൽതന്നെ


# ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇൻഡ്യാ ക്ലിപ്തം

(1938-ൽ സ്ഥാപിച്ചത്)

ഹെഡാഫീസ്: ചങ്ങനാശേരി

ശാഖകൾ: ആലപ്പുഴ, അതിരമ്പുഴ, കോഴിക്കോട്, ചങ്ങനാശേരി, എടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം

## അഭിവൃദ്ധി പത്രിക

| വർഷം | അടച്ചുതീർത്ത മൂലധനം | സ്ഥിരനിക്ഷേപം | ആകെ നിക്ഷേപങ്ങൾ | ആകെ പ്രവർത്തനമൂലധനം |
|---|---|---|---|---|
| 1946 | 4,75,420 | 9,90,671 | 15,39,463 | 21,80,311 |
| 1947 | 4,93,540 | 11,24,472 | 16,65,536 | 23,30.676 |
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,575 |
| 1949 | 5,92,310 | 13,17,211 | 17,20,138 | 25,26.296 |
| 1950 | 5.95,250 | 15,49,027 | 20,90,505 | 28,87,573 |
| 1951 | 5,95,750 | 19,3൪,775 | 25,13,654 | 32,22,250 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും

കഞ്ചെറിയ ററി. മാറാട്ടുകളം എം. എ (മാനേജിംഗ് ഡയറക്ടർ)

# വിമർശനവീഥി

## കമ്മ്യ. ആരോപണങ്ങളുടെ പൊള്ളത്തരം പാർലമെൻറിൽ

ഇൻഡ്യൻ കമ്മ്യൂണിസ്റ്റുകൾ കോൺഗ്രസ്സ് ഗവർമ്മെൻറിൻെറനേരെ പുറപ്പെടുവിക്കുന്ന ആരോപണങ്ങളിലൊന്ന്, അമേരിക്ക, ബ്രിട്ടൺ മുതലായ പാശ്ചാത്യശക്തികളോട് അനുകൂല്യവും റഷ്യയോടും അതിൻെറ പിടിയിലുള്ള രാജ്യങ്ങളോടും പ്രാതികൂല്യവും പ്രകടിപ്പിക്കുന്നു എന്നാണല്ലോ. കഴിഞ്ഞ പാർലമെൻറു സമ്മേളനത്തിൽ, ഉപരിസഭയിൽ കമ്മ്യൂണിസ്റ്റ് നേതാവ് അവതരിപ്പിച്ച പ്രമേയത്തിൽ ഈ ആരോപണം ഉന്നയിക്കുകയുണ്ടായി. അതുസംബന്ധിച്ച് നടന്ന വാദപ്രതിവാദത്തിൽ ആരോപണത്തിൻെറ പൊള്ളത്തരം ഏററവും സ്പഷ്ടമായി തെളിഞ്ഞു. തന്മൂലം തല്പരകക്ഷിയുടെ ആ സാമാജികൻ തൻെറ പ്രമേയം പിൻവലിക്കേണ്ടിവന്നു.

സോവ്യററുഷ്യയും ഇരുമ്പുമറയ്ക്കു പിന്നിലുള്ള മററു രാജ്യങ്ങളുമായി കച്ചവട ഉടമ്പടികൾ നടത്തണമെന്ന് ഇന്ത്യാ ഗവർമ്മെൻറിനോട് ആവശ്യപ്പെടുന്നതായിരുന്നു കമ്മ്യൂണിസ്റ്റ് സാമാജികൻെറ പ്രമേയം.

### കമ്മ്യൂണിസ്റ്റ് സാമാജികൻെറ പ്രമേയം

"ഈ കൗൺസിലിൻെറ അഭിപ്രായമെന്തെന്നാൽ വിദേശങ്ങളുമായുള്ള കച്ചവടക്കമ്മറത്തിൽ ഇപ്പോഴുള്ള വൈഷമ്യങ്ങളെയും, ഇന്ത്യൻ കയററുമതി മാർക്കററിൽ ഇതുവരെയുള്ള മാന്ദ്യത്തെയും, യന്ത്രങ്ങളും മൂലധനസാമഗ്രികളും ഇവിടെ വേണ്ടത്രയും ഇറക്കുമതി ചെയ്യുന്ന ആവശ്യത്തെയും നേരിടുന്നതിനു വേണ്ടി, ഇന്ത്യയുടെ കയററുമതി—ഇറക്കുമതി വ്യാപാരത്തിൽ വൈവിധ്യം ഉണ്ടാക്കുവാനും, യു. എസ്സ്. എസ്സ്. ആർ.-ലും, ചൈനയിലെ ജനകീയ റിപ്പബ്ലിക്കിലും ചെക്കോസ്ലോവക്കിയായിലും ഹംഗറിയിലും കിഴക്കൻ യൂറോപ്പിലെ മററു രാജ്യങ്ങളിലും ഗവർമ്മെൻറുകളുമായി കൂടിയാലോചനകൾ നടത്തുവാനും, അങ്ങനെ അവരുമായി ദീർഘകാലത്തേക്കുള്ള കച്ചവട ഉടമ്പടികൾ ചെയ്യുവാനും ഇന്ത്യാഗവർമ്മെൻറ് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു." ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് കമ്മ്യൂണിസ്റ്റു നേതാവ് (മിസ്റ്റർ സുന്ദരയ്യ) ഇന്ത്യാഗവർമ്മെൻറിൻെറ കച്ചവടസമ്പ്രദായത്തെപ്പററി ചില ആരോപണങ്ങളും ഉന്നയിച്ചു:— ഇൻഡ്യയുടെ വിദേശവ്യാപാരം അധികവും യു. എസ്സ്. എ.-യും, യു. കെ.-യും (ബ്രിട്ടൺ) അവയുടെ കോളണികളും, പാശ്ചാത്യയൂറോപ്യൻ രാജ്യങ്ങളുമായിട്ടാണ്. ഇന്ത്യക്കുവേണ്ട യന്ത്രങ്ങളുടെ ആവശ്യങ്ങൾ നിറവേററിത്തരുവാൻ യു. എസ്സ്. എ.-ക്കും യു. കെ.-ക്കും സാദ്ധ്യമല്ല. അമേരിക്കയിൽനിന്ന് ഗോതമ്പ് ഇറക്കുമതി ചെയ്യുന്ന കാര്യത്തിൽ കഴിഞ്ഞകൊല്ലം ഇന്ത്യാഗവർമ്മെൻറിന് പല ക്ലേശങ്ങളും നേരിട്ടു. 10 ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങൾ വാഗ്ദാനം ചെയ്തു. ഇറക്കുമതി ചെയ്യാൻ ചൈന തയ്യാറായി ഒരു കരാറിൽ ഏർപ്പെടാൻ ഗവർമ്മെൻറ് വിസമ്മതിച്ചു. ഇൻഡ്യക്കാവശ്യമായ ഇറക്കുമതിക്കുറവ് തീർച്ചയായി ലഭിക്കുവാനും, മൂലധനസാധനങ്ങൾ ആവശ്യത്തോളം കിട്ടുമെന്ന് ഉറപ്പുവരുത്തുവാനും ഇൻഡ്യക്കാഗ്രഹമുണ്ടെങ്കിൽ, ചൈനയും റഷ്യയും കിഴക്കേ യൂറോപ്യൻ രാജ്യങ്ങളുമായി ദീർഘകാലകച്ചവട ഉടമ്പടികൾ ചെയ്യണം. നേരെമറിച്ച്, ഗവർമ്മെൻറ് ചെയ്യുന്നത്, ഈ രാജ്യങ്ങളുമായുള്ള കച്ചവടവികസനത്തിൻെറ മാർഗ്ഗത്തിൽ വിഘ്നങ്ങൾ ഉണ്ടാക്കിവയ്ക്കുകയാണ്. നമുക്കുവേണ്ട മൂലധനസാധനങ്ങൾ തരാൻ സോവ്യററുയൂണിയനും ചെക്കോസ്ലോവാക്കിയായ്ക്കും മററും ഇല്ല എന്നു പറയുന്നത് ശരിയല്ല. മോസ്കോയിലെ സാമ്പത്തിക കോൺഫറൻസിൻെറ നടപടികളും സോവ്യററു ഗവർമ്മെൻറിൻെറ പ്രതിനിധികൾ ആ കോൺഫറൻസിൽ ചെയ്ത പ്രസ്താവനകളും ഇതിനു തെളിവാണ്.

### ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങളെന്ന് പല സാമാജികന്മാർ

പ്രമേയത്തെക്കുറിച്ചു നടന്ന വാദപ്രതിവാദങ്ങളിൽ, ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്ന് കോൺഗ്രസ്സ് പാർട്ടിയിലെയും പ്രജാസോഷ്യലിസ്റ്റു പാർട്ടിയിലെയും മററും ചില സാമാജികന്മാർ സ്പഷ്ടമായി തെളിയിച്ചു. അവർ പറഞ്ഞ ന്യായങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:

(സി. ജി. കെ. റെഡ്ഡി). അവികസിതരാജ്യങ്ങൾക്ക് സഹായം നൽകുവാൻ ഒരു പ്രമേയം യു. എൻ. സാമ്പത്തികകമ്മിററിയിൽ അവതരിപ്പിച്ചതിൽ സോവ്യററുയൂണിയൻ വോട്ടുചെയ്ത ഒരു പ്രമേയത്തിന്നനുകൂലമായിട്ടല്ല. അവികസിതരാജ്യങ്ങളുടെ നേർക്കുള്ള സോവ്യററുയൂണിയൻെറ നില ഇതാണെങ്കിൽ അവരുമായുള്ള കച്ചവടത്തിൽനിന്ന് എന്തു ഗുണമാണ് ഇന്ത്യക്കു കിട്ടാനുള്ളത്? റഷ്യ വോട്ടുചെയ്യാഞ്ഞതിന് കാരണം മനസ്സിലാക്കിയിട്ടുള്ള സ്വീകർത്താക്കൾ ഉണ്ടായിരിക്കാം. അതായത്, ഒരു രാജ്യം വികസിച്ചില്ലെങ്കിൽ മാത്രമേ അവിടെ വിപ്ലവം ആരംഭിപ്പിക്കുകയും ആ രാജ്യം കമ്മ്യൂണിസ്റ്റായി തീരുകയും ചെയ്യുകയുള്ളൂ. മററുരാജ്യങ്ങളുമായി ചെയ്ത കച്ചവട ഉടമ്പടികളുടെ വ്യവസ്ഥകൾ റഷ്യ പാലിച്ചിട്ടില്ലെന്നതിന് അനേകം ദൃഷ്ടാന്തങ്ങൾ ഉണ്ട്. ഇന്ന് ഇന്ത്യ റഷ്യയുമായി കച്ചവട ഉടമ്പടിയിൽ ഏർപ്പെട്ടാൽ അതിൽ പറഞ്ഞിരിക്കുന്ന സാധനങ്ങൾ തന്നുകൊള്ളാമെന്ന് റഷ്യക്കാർ സമ്മതിച്ചേക്കും. എന്നാൽ നമ്മുടെ ആവശ്യങ്ങളെ പരിഗണിച്ച് നാം പ്രവർത്തിക്കില്ലെങ്കിൽ അവർ പറയും, സ്ഥിതിഗതികൾ മാറിയിട്ടുണ്ടെന്നും അതുകൊണ്ട് ഉടമ്പടി നിറവേററാൻ സാദ്ധ്യമല്ലെന്നും.

(ദിവാൻ ചമൻ ലാൽ) ഈ പ്രമേയം സമയോചിതമല്ലാത്തതും അനാവശ്യവുമാണ്. കമ്മ്യൂണിസ്റ്റു സാമാജികൻ പറഞ്ഞ രാജ്യങ്ങളുമായി ഇന്ത്യ ഇപ്പോൾതന്നെ കച്ചവടം നടത്തുന്നുണ്ട്. പേരുകേട്ട സകല രാജ്യങ്ങളുമായി കച്ചവടം നടത്തുവാൻ ഇന്ത്യാഗവർമ്മെൻറ് ആവുന്നതെല്ലാം ചെയ്തിട്ടുണ്ട്, ഇപ്പോഴും ശ്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. പോളണ്ടുമായി ഇന്ത്യ കച്ചവട ഉടമ്പടികൾ ചെയ്തുകഴിഞ്ഞു. ചെക്കോസ്ലോവാക്കിയായുമായുള്ള ഉടമ്പടി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഹംഗറിയുമായുള്ളതിന് ഉടനെ ഒപ്പുവയ്ക്കും. റഷ്യയുടെ കച്ചവടം ഇന്ത്യയിലേക്ക് വ്യാപിപ്പിക്കുവാൻ തടസ്സപ്പെടുത്തുന്ന യാതൊരു നിയമമോ ചട്ടമോ ഉത്തരവോ ഈ ഗവർമ്മെൻറ് പാസ്സാക്കിയിട്ടില്ല. പ്രസ്തുത രാജ്യങ്ങളിൽനിന്ന് യന്ത്രങ്ങൾ ഇൻഡ്യ വാങ്ങുന്നുണ്ട്. ആ രാജ്യങ്ങളുമായുള്ള ഇറക്കുമതി ഏററുമതികളുടെ കണക്കുകൾ ചൂണ്ടിക്കാണിച്ച് ഈ സാമാജികൻ സമർത്ഥിക്കുകയും ചെയ്തു.

(ടി. എസ്. പട്ടാഭിരാമൻ). ഈ പ്രമേയം അവതരിപ്പിച്ചവർ അവരുടെ പാർട്ടിയുടെ മേന്മക്കായി ആരോപിച്ചതാണെന്ന് വെളിപ്പെടുത്തിയിരിക്കുന്നു. ഏതു രാജ്യത്തിൽനിന്നും സഹായം വാങ്ങുവാൻ തയ്യാറാണെന്ന് ഇൻഡ്യ പ്രഖ്യാപിച്ചിട്ടുള്ളതാണ്. സഹായത്തിൻെറ അററത്ത് ചരടുകൾ ഉണ്ടായിരിക്കരുതെന്നേ നിർബന്ധമുള്ളൂ. റഷ്യ എന്തുകൊണ്ട് സഹായം നൽകുന്നില്ല? ഏതു സാധനങ്ങൾ കൊടുക്കണമെന്നും പകരം ഏതു സാധനങ്ങൾ എടുക്കണമെന്നും അവർ എന്തുകൊണ്ട് ഇൻഡ്യാഗവർമ്മെൻറിനോട് പറയുന്നില്ല? അതിൻെറ യഥാർത്ഥകാരണമെന്തെന്നാൽ, യുദ്ധത്തിൻെറ നാശങ്ങൾനിമിത്തം സാമാനങ്ങൾ കൊടുക്കുവാൻ തക്ക ഒരു നിലയല്ല റഷ്യക്കുള്ളത്. റഷ്യയിലെ സമൃദ്ധിയെപ്പററിയുള്ള കഥകൾ വെറും ഭോഷ്കാണ്. കമ്മ്യൂണിസ്റ്റ് സുഹൃത്തുക്കൾ കാര്യമായി പറയുകയാണെങ്കിൽ, അവരുടെ പാർട്ടിനേതാ-

---

**ഫാത്തിമാ ആർട്ട് സ്റ്റുഡിയോ, അങ്കമാലി**

ഏതാനും കൊല്ലങ്ങൾക്കുമുമ്പ് ഇരിങ്ങാലക്കുട ഹോളി ഏഞ്ചൽസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലിചെയ്തുകൊണ്ടിരുന്ന ഞാൻ അങ്കമാലി ചെറുപുഷ്പം ആസ്പത്രിക്കു മുൻവശം പുതുതായി ഒരു സ്റ്റുഡിയോ ആരംഭിച്ചിരിക്കുന്ന വിവരം ബ. അച്ചന്മാരെയും കന്യാസ്ത്രീകളെയും മററു മഹാജനങ്ങളെയും സസന്തോഷം അറിയിക്കുകയും എല്ലാവരുടെയും സഹായം അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ഓയിലും, ക്രയോണും, സീനറികളും എല്ലാത്തരം രൂപങ്ങളും, സക്രാരി, സിംഹാസനം മുതലായവയും തൃപ്തികരമായി ചെയ്തുകൊടുക്കുന്നതാണ്.

എന്ന്,

ആർട്ടിസ്റ്റ് പി. ജെ. റോക്കി

---

-വും ഇപ്പോൾ മോസ്കോയിൽ സന്നിഹിതനായ മിസ്റ്റർ എ. കെ. ഗോപാലനെ നേരിട്ട് ആവശ്യപ്പെടട്ടെ. മെഷിനറിയും ലാത്തിയും ഇൻഡ്യൻ ചലച്ചിത്രങ്ങളും വാങ്ങുന്നതിന് തൻെറ ജന്മനാടായ പറഞ്ഞ് വഴിപ്പെടുത്തുമോ? എത്രയധികം സോവ്യററ് ചലച്ചിത്രങ്ങളാണ് ഈ രാജ്യത്ത് പ്രദർശിപ്പിക്കപ്പെടുന്നത്. എന്നാൽ ഇൻഡ്യൻ ചലച്ചിത്രം ഒററ എണ്ണം റഷ്യയിൽ പ്രദർശിപ്പിക്കപ്പെടുന്നില്ല. ഒരു വഴിക്കുള്ള കച്ചവടം മാത്രമേ അവർക്ക് വേണ്ടൂ. "സകല റോഡുകളും മോസ്കോയിലേക്ക് ആനയിക്കണം" എന്നാണ് അവരുടെ ശാഠ്യം.

(എൻ. ജി. രംഗ). യു. കെ.-യും യു. എസ്സ്. എ.-യും കച്ചവടത്തെ രാഷ്ട്രീയ ആയുധമായി ഉപയോഗപ്പെടുത്തുകയാണെന്നുള്ള ആരോപണം കമ്മ്യൂണിസ്റ്റ് സുഹൃത്തുക്കൾ ഇനിയും തെളിയിക്കേണ്ടിയിരിക്കുന്നു. കച്ചവടബന്ധങ്ങൾ രാഷ്ട്രീയ ആയുധമാണെങ്കിൽ, കച്ചവടബന്ധങ്ങൾ ഏർപ്പെടുത്തി പ്രസ്തുത ആയുധം ഉപയോഗപ്പെടുത്തുവാൻ അവർ എന്തുകൊണ്ട് റഷ്യയോടും മററു കമ്മ്യൂണിസ്റ്റു രാജ്യങ്ങളോടും ആവശ്യപ്പെടുന്നില്ല? ഇൻഡ്യയിലെ കരകൗശലവസ്തുക്കളും മററു സാമാനങ്ങളും വാങ്ങുവാൻ അവർ റഷ്യയെ പറഞ്ഞു വഴിപ്പെടുത്തണം. റഷ്യയും അതിൻെറ പിടിയിലുള്ള രാജ്യങ്ങളും 20 ലക്ഷം വാര തുണിമാത്രമേ വാങ്ങിയിട്ടുള്ളൂ. ചണത്തിൻെറ കാര്യവും ഇങ്ങനെ തന്നെ. യു. കെ. 200 ലക്ഷം യൂണിററും, ബെൽജിയം 250 ലക്ഷം യൂ-

---

**സൗജന്യവിതരണ ഫണ്ട്**

അഞ്ചു യാക്കോബായക്കാർക്ക് "സത്യദീപം" സൗജന്യമായി കിട്ടുന്നതിന് ആഗ്രഹിക്കുന്ന 6 ക. 8 ണ. വീതം 5 പേർ അയക്കുന്നപക്ഷം ഒന്നാണ്ടത്തെ 5 സഹോദരന്മാരുടെ അനുഗ്രഹം സമ്പാദിച്ചുകൊടുക്കാവുന്നതാണ്. ഇക്കാര്യത്തിലേക്ക് ഉദാരമതികളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

പത്രാധിപർ, സത്യദീപം,
എറണാകുളം

---

-ണിററും, പാകിസ്ഥാൻ 150 ലക്ഷം യൂണിററും, ബർമ്മ 340 യൂണിററും, ക്യൂബ 340 യൂണിററും വാങ്ങിയപ്പോൾ ചൈന ഉൾപ്പെടെ സോവ്യററുചേരിയിലെ സകല രാജ്യങ്ങളുംകൂടി 700 ലക്ഷം യൂണിററ വാങ്ങിയിട്ടുള്ളൂ. യു. കെ.-യിൽനിന്നും യു. എസ്സ്. എ.-യിൽനിന്നും വളരെയധികം യന്ത്രങ്ങൾ ഇൻഡ്യ ഇറക്കുമതി ചെയ്യുന്നുണ്ട്. ഈ സാമാനങ്ങൾ കയററിയയക്കാൻ റഷ്യ തയ്യാറാണെങ്കിൽ അവ വാങ്ങുവാൻ ഇൻഡ്യക്കു സമ്മതമാണ്. റഷ്യ തൻെറ കച്ചവടബന്ധങ്ങളെ രാഷ്ട്രീയലക്ഷ്യങ്ങൾക്കുവേണ്ടിയാണ് മിക്കപ്പോഴും ഉപയോഗപ്പെടുത്തിയിട്ടുള്ളത്. കിഴക്കൻ യൂറോപ്പിലെ ചില രാജ്യങ്ങൾക്ക് മാർഷൽ പ്ലാനിൻെറ സഹായം വാങ്ങാൻ ആഗ്രഹമുണ്ടായിരുന്നു. എന്നാൽ റഷ്യ അതു വിരോധിച്ചു. യാതൊരു കച്ചവട ഉടമ്പടിയും കൂടാതെയാണ് യു. എസ്സ്. എ. ഇന്ത്യയുമായി കച്ചവടം നടത്തുന്നത്. റഷ്യക്കും അങ്ങനെ ചെയ്യാൻ ഒരു തടസ്സവുമില്ല. വാസ്തവമെന്തെന്നാൽ, കമ്മ്യൂണിസ്റ്റ് സുഹൃത്തുക്കൾ ഇവിടെ അധികാരത്തിൽ വരണമെന്നും, വന്നില്ലെങ്കിൽ, ഈ രാജ്യവുമായി കച്ചവടം നടത്താൻ റഷ്യക്കു താല്പര്യമില്ല. അധികാരത്തിൽ വരാൻ അവർ ശ്രമിച്ചുകൊള്ളട്ടെ. അവരുടെ പരിശ്രമം തടയാൻ നമ്മൾ കഴിവുള്ളതെല്ലാം നമുക്കും ശ്രമിക്കാം.

### മോസ്കോയിലെ വിലക്കൂടുതൽ

(എൽ. എച്ച്. ഭോഷെ). ഇദ്ദേഹം മോസ്കോയിലെ സാമ്പത്തിക കോൺഫറൻസിൽ സംബന്ധിച്ച ആളാകയാൽ അവിടത്തെ അനുഭവങ്ങൾ വെച്ചുകൊണ്ടാണ് സംസാരിച്ചത്:— യു. എസ്സ്. എസ്സ്. ആറിലെ ചെയിമ്പേഴ്സ് ഓഫ് കൊമേഴ്സിൻെറ പ്രസിഡണ്ട്, റഷ്യയും മററു രാജ്യങ്ങളും തമ്മിൽ കച്ചവടം വികസിപ്പിക്കേണ്ടതിനെപ്പററി പല നിർദ്ദേശങ്ങളും കോൺഫറൻസിനു നൽകി. എന്നാൽ ആശ്ചര്യം!, യു. എസ്സ്. എസ്സ്. ആറും കോൺഫറൻസിൽ സംബന്ധിച്ച യാതൊരു രാജ്യവും തമ്മിൽ യാതൊരു കരാറും നടത്തുകയുണ്ടായില്ല. ഇൻഡ്യൻ പ്രതിനിധിസംഘം ചില കരാറുകൾ നടത്തുവാൻ ചില ശ്രമങ്ങൾ ചെയ്തു. പക്ഷെ അവ ഫലിച്ചില്ല. സാധാരണമാതിരിയുള്ള ഒരു പാൻറ് തയ്പ്പിന് 200 റൂബിൾസ് (225 രൂപ) ആണ് അവിടെ വില. ഒരു കട്ട സോപ്പിന് ഏഴോ എട്ടോ രൂപ വിലവരും. ഷൂകളും സോപ്പുകളും ഷൂസുകളും റഷ്യയിലേക്ക് കയററുമതി ചെയ്യാൻ കരാർ ചെയ്യണമെന്ന് ഇൻഡ്യൻ പ്രതിനിധിസംഘത്തിന് വളരെ താല്പര്യമുണ്ടായിരുന്നു. പക്ഷെ അവർക്ക് അതു സാധിച്ചില്ല. മോസ്കോയിൽ സമ്മേളിച്ച പ്രതിനിധികൾ മിക്കവർക്കും ആഗ്രഹമുണ്ടായിരുന്നു, അവരുടെ കച്ചവടത്തിൽ വൈവിധ്യം വരുത്താനമെന്ന്. പടിഞ്ഞാറോട്ടും അവരുടെ രാജ്യങ്ങളിലേക്ക് സോവ്യററു സാമാനങ്ങൾ വാങ്ങുകയും അവരുടെ സാമാനങ്ങൾ റഷ്യക്ക് വില്ക്കുകയും ചെയ്യണമെന്ന്. എന്നാൽ അതിലേക്ക് യാതൊന്നും ചെയ്യാൻ സാദ്ധ്യമായില്ല. കാരണം റഷ്യക്ക് നല്ലതായാലും ചീത്തയായാലും സ്വന്തം സാമാനങ്ങൾ ഉണ്ടാക്കുവാനാണ് താല്പര്യം; വിദേശങ്ങളിൽനിന്നുള്ള ഇറക്കുമതികൾ കൂടാതെ സ്വന്തം സമ്പാദ്യനിലയെ ആശ്രയിക്കാനാ-

ഒന്നും അവർ ചെയ്യേണ്ടിവരുന്ന ഏതു ഉടമ്പടിയും അവരുടെ അഭിപ്രായങ്ങളിൽനിന്നും വ്യതിചലിക്കുന്നതിന് അവരെ നിർബന്ധിക്കാതിരിക്കയില്ലല്ലോ. ഇതിൽ സംശയത്തിനു വഴിയുണ്ടെന്നു തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ മിക്കവാറും എല്ലാ രാജ്യങ്ങളിൽനിന്നും വിട്ടുമാറി നില്ക്കുന്നതിന് അവർക്ക് ഇതുവരെയുള്ള അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടല്ലോ. (ശേഷം അടുത്തതിൽ.)


---

ലേഖകൻ: ഫാ. ജോസഫ്, നീലപ്പറ.

ണ് അവരുടെ താല്പര്യം. ആകയാൽ ഈ പ്രമേയം അസ്വീകാര്യമാകുന്നു.

### മന്ത്രിയുടെ മറുപടി

കച്ചവടവകുപ്പുമന്ത്രി (മിസ്റ്റർ ഡി. പി. കർമാക്കർ) പ്രമേയത്തെ എതിർത്തു ചെയ്ത പ്രസംഗത്തിൽ, പ്രമേയാവതാരകൻ്റെ തെറ്റായ ധാരണകൾ, മറ്റു സാമാജികന്മാർ ചെയ്തുകഴിഞ്ഞപോലെ ചൂണ്ടിക്കാണിച്ചതിനുപുറമെ ഇങ്ങനെ പ്രസ്താവിച്ചു: കയററുമതിക്കുള്ള ലൈസൻസുകൾ കൊടുക്കുമ്പോൾ ഏതു രാജ്യത്തെക്കെന്നു നോക്കി പരിധികൾ നിശ്ചയിക്കാറില്ല. ഇറക്കുമതികളുടെ കാര്യത്തിലും അങ്ങനെ തന്നെ. റഷ്യയിൽനിന്നു വാങ്ങുന്നതാണ് ആദായമെന്നു തോന്നിയാൽ ആർക്കും അവിടെനിന്നു ഇറക്കുമതിചെയ്യാൻ പാടുള്ളതാണ്. അങ്ങനെയിരിക്കെ, ഒരു പ്രത്യേകരാജ്യവുമായി കച്ചവട ഉടമ്പടി ചെയ്യാത്തതിനാൽ ആ രാജ്യത്തിൻ്റെ കച്ചവടമാന്ദ്യത്തിനു കാരണക്കാർ ഇൻഡ്യാഗവർമ്മെൻ്റാണെന്നു ആവലാതിപ്പെടാൻ ന്യായമില്ല. 17 രാജ്യങ്ങളുമായി ഇൻഡ്യാഗവർമ്മെൻ്റ് ഉടമ്പടികൾ ചെയ്തിട്ടുണ്ട്. യൂറോപ്യൻ രാജ്യങ്ങളിൽ ചെക്കോസ്ലാവാക്കിയയുമായിട്ടാണ് ആദ്യം ഉടമ്പടി നടന്നതു. യു. എസ്. എ. യുമായി യാതൊരുടമ്പടിയും ചെയ്തിട്ടില്ല. "പ്രിഫറൻഷ്യൽ എഗ്രിമെൻ്റ്" എന്നതൊഴിച്ച് യു. കെ. യുമായും ഉടമ്പടി ചെയ്തിട്ടില്ല. എന്നു



എൻ്റെ മകൾ, ബ. അൽഫോൻസാമ്മയുടെ സഹായത്താൽ യാതൊരുവക ആപത്തുംകൂടാതെ പ്രസവിച്ചതിനു കൃതജ്ഞത.

മാവുങ്കൽ തിയ്യോ വർക്കി

വരികിലും ഈ രാജ്യങ്ങളുമായിട്ടാണ് ഇന്ത്യയിലെ കച്ചവടം അധികവും. ഒരു പ്രത്യേകകച്ചവടക്കാരനിൽനിന്ന് ആരും വാങ്ങുന്നില്ലെങ്കിൽ അതു വാങ്ങുന്നവൻ്റെ കുററമല്ല. കച്ചവടക്കാരൻ്റെ കച്ചവടത്തിലോ സമ്പ്രദായങ്ങളിലോ ആയിരിക്കണം കുററമുള്ളത്. ഏററവും ആദായമുള്ള മാർക്കററിൽ വില്ക്കുവാനും ഏററവും ആദായമുള്ള മാർക്കററിൽനിന്നു വാങ്ങുവാനും കഴിവുള്ളവനാണ് സമർത്ഥനായ കച്ചവടക്കാരൻ. കമ്മ്യൂണിസ്റ്റ് രാജ്യങ്ങളുമായി ചെയ്ത ഉടമ്പടിയിൽ ഇൻഡ്യാഗവർമ്മെൻ്റ് വാക്കു പാലിച്ചിട്ടില്ലാത്ത ഒരു സംഗതിയുമില്ല. നേരെമറിച്ച് ആ രാജ്യങ്ങൾ വാക്കു പാലിച്ചിട്ടില്ലെന്നു, നയതന്ത്രമര്യാദയനുസരിച്ച് തെളിച്ചുപറയാൻ സന്നദ്ധമായില്ലെങ്കിലും, അതാണ് വാസ്തവമെന്ന ബോധം സാമാജികന്മാരുടെ ഉള്ളിൽ മന്ത്രി ജനിപ്പിക്കാതിരുന്നില്ല.

ഈ വിധത്തിലാണ് ഇൻഡ്യാഗവർമ്മെൻ്റിൻ്റെ കച്ചവടസമ്പ്രദായങ്ങളെപ്പററി കമ്മ്യൂ. നേതാവു ഉന്നയിച്ച ആരോപണങ്ങൾ പാർലമെൻ്റിലെ പല സാമാജികന്മാരും കച്ചവടകാര്യമന്ത്രിയും പിച്ചിക്കീറുകയും അങ്ങനെ അവയുടെ പൊള്ളത്തരം സ്പഷ്ടമാക്കുകയും ചെയ്തതു. വസ്തുതകളുടെ വെളിച്ചത്തിൽ തൻ്റെ പ്രമേയത്തിനു സ്ഥാനമില്ലെന്നു ബോധ്യപ്പെട്ടതിനാൽ ഗത്യന്തരമില്ലാതെ കമ്മ്യൂ. നേതാവു പ്രമേയം പിൻവലിക്കുവാൻ തയാറായി. സഭ അതിനു അനുമതി നൽകുകയും ചെയ്തു. നി

ലവിലിരിക്കുന്ന കോൺഗ്രസ്സ് ഗവർമ്മെൻ്റിൻ്റെമേൽ ചെളി വാരിയെറിയുകയും അതുവഴിയായി ആ ഗവർമ്മെൻ്റിനെതിരെ ജനസാമാന്യത്തിനു വെറുപ്പുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്ക തങ്ങളുടെ നയമായി സ്വീകരിച്ചിരിക്കുന്ന സ്വരാജ്യദ്രോഹികളാണ് കമ്മ്യൂ. പാർട്ടിയെന്നു നമുക്കറിയാമല്ലൊ.


## Religion by Mail

Non-Catholics can learn about the Catholic Church by Mail through a twelve lesson correspondence course in English, covering all Catholic doctrines. There are no obligations and no charge.

Write to the following address:
Institute for Home Study,
P. O. Box No. 42,
Patna, North India





(ശിവറാം)

അന്തോണി ഇങ്ങനെ കരയുകയാണ്. വയസ്സ് ആറേഴായി. രണ്ടാംക്ലാസിലാണ് പഠിക്കുന്നതു. എന്നിട്ടും അവനിങ്ങനെ കരയുകയാണ്. ഉറക്കെ. അയൽവക്കത്തുള്ളവർക്കും റോഡേ പോകുന്നവർക്കും കേൾക്കത്തക്കവിധം കണ്ണുമടച്ചിങ്ങനെയാണവൻ്റെ കരച്ചിൽ. അമ്മ വൃത്തിപസമതിപ്പുള്ള ഇവിടെയെത്ത കരയാൻ ഇടയായിട്ടു. അവൻ്റെ കരച്ചിലിനു പരിഹാരം വർക്കിച്ചേട്ടനും അന്നമ്മയും വളരെ ശ്രമിച്ചിട്ടും കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. ആ വീട്ടിലെ അന്തരീക്ഷം മുഴുവൻ നിലവിളിയുടെ ഭീകരമുഴക്കം വ്യാപിച്ചിരിക്കയാണ്.

അന്തോണിയെന്താണിങ്ങനെ കരയുന്നതു? അവൻ്റെ ദേഹമാസകലം നിറയെ ചൊറിയാണ്. ഉണങ്ങിക്കഴിഞ്ഞതും ഇനിയും ആറേണ്ടതും ഉണ്ടു. അവൻ്റെ മുണ്ടഴിഞ്ഞാൽ അതെടുത്തു അമ്മ ഉടുപ്പിക്കണം. സ്കൂളിൽപോയിട്ടു മാസം രണ്ടാകാറായി. ചൊറിയില്ലാത്ത കുട്ടികൾ അന്തോണിയെ അടുപ്പിക്കുന്നില്ല. ആ കുട്ടികളെ അവരുടെ സാറു പഠിപ്പിച്ചിട്ടുണ്ടു് ചൊറി പകരുമെന്നു. എന്നാലന്തോണിക്കു ചൊറി എവിടുന്നുകിട്ടി? അതന്തോണിക്കോ അവൻ്റെ അമ്മച്ചിക്കോ അപ്പച്ചനോ അറിയാൻപാടില്ല. ഒന്മേൻ വൈദ്യൻ കഷായത്തിനും ലേപനത്തിനും അ

നക്കാൻ പോലും അനുവദിക്കായ്ക ലെസ്സുകൂടെ. അതു് വൈദ്യൻ കാര്യമായി ശാസിച്ചുനിറുത്തിയിട്ടുണ്ട്. എന്തിനു് ചുരുക്കത്തിൽ അന്തോണിയുടെ വീട്ടിൽ ആകെക്കൂടി ഒരു പാതിരാകട്ട്. ആർക്കും ഒരു സുഖമില്ല. ഉണ്ണാനായി വർക്കിച്ചേട്ടൻ കൈകഴുകി പലകയിലിരിക്കുമ്പോഴാണ് അന്തോണിയുടെ അപസ്വരം കാതിൽ കടന്നിരിക്കുന്നതു്. എങ്ങനെ ഉണ്ണാൻ സുഖമുണ്ടാകും? ശരിക്കുറങ്ങാനും ഉറക്കമില്ല രാത്രിയിൽ ക്ഷീണമായി. മനസ്സിനു വിഷമമായി. പണികൾ ശരിക്കു നടപ്പില്ല. വരവു കുറയുന്നു. കുടുംബകാര്യങ്ങൾ അലങ്കോലപ്പെടുന്നു. അങ്ങനെ അന്തോണിയുടെ ചൊറി ആ ഒരു കുടുംബത്തെ ദൈന്യത്തിലേക്കു വീഴ്ത്തുകയാണ്. എത്ര നിഷ്കർഷയായി ചികിത്സിച്ചാലും കുറെനാൾ കഴിഞ്ഞേ അന്തോണിക്കുണ്ടായ ചൊറി ഉപേക്ഷിച്ചുപോകൂ.

അന്നു് അന്തോണിയവൻ്റെ അപ്പൂപ്പൻ്റെ വീട്ടിലെ വിരുന്നിനുപോയതാണ് അമ്മച്ചിയും അപ്പച്ചനും കൂട്ടത്തിലുണ്ടായിരുന്നു. അന്നവൻ്റെ രണ്ടു കൈകളും എത്ര ഭംഗിയുള്ളവയായിരുന്നു! നഖങ്ങളെല്ലാം നീട്ടി വെട്ടി വെളുത്തുകൊണ്ടു മിനുങ്ങുന്നവയായി ആ കൈകൾ അവൻ്റെ മടിയിൽ പതിഞ്ഞിരുന്നു. ബസ്സിലായിരുന്നു യാത്ര. തിക്കുംതിരക്കും—അമ്പോ! അതിൽ കോരമവലയപെട്ട പാടു പറയാനില്ല! അന്നാമ്മ അന്തോണിയെയും കൊണ്ടു് സ്ത്രീകളുടെ സീററിലേക്കുപോയി, അവിടെ ഞെരുങ്ങിക്കൂടിയിരുന്നു. അന്തോണിയും മടിയിൽ ചേർന്നിരുന്നു. അടുത്തിരുന്നതു് ഒരു കുഞ്ഞുങ്ങളും അവരുടെ അമ്മയും. കൈയിലും കാലിലും കൈകാലുകളും നിറയെ ചൊറിയായിരുന്നു. ഒരെണ്ണത്തി ആനച്ചൊറി. പൊട്ടിയൊലിച്ചു വിത്തങ്ങനെ വൃത്തികേടായി കണ്ടാമായിരുന്നു.

അന്തോണിക്കു് കുട്ടികളുടെ കൊഞ്ചിനെ തടയാൻ ആരും സാധ്യമായിരുന്നില്ല. ചൊറിയുള്ള കാലിലെ ചൊട്ടവും അവരെ കൂട്ടിമുട്ടിച്ചു. അങ്ങനെ ഒന്നരമണിക്കൂർ നീണ്ടുനിന്ന ബസ്സുയാത്ര അവസാനിച്ചു. അന്തോണിയും മററും പിതാക്കളെ ഏല്പിച്ച വീട്ടിലെത്തി. ആഹാരസമയം അതിക്രമിച്ചിരുന്നു. അന്തോണി ചെന്നവഴിയെ അടുക്കളയിലേക്കാനയിക്കപ്പെട്ടു. അവൻ വയറു പൊട്ടുവോളം ചോറും മീനും ഭോജനമേകിക്കൊണ്ടു പായാറിലേക്കടിച്ചുകയറി. അമ്മച്ചി അന്തോണിയുടെ കൈകളെക്ക ഒചാറിച്ചു ചൊറിയുമെന്നോ ആസ്വദിച്ചു. നല്ലവണ്ണം ചൊറിഞ്ഞു കൊണ്ടു. അവിടെയെല്ലാം പൊട്ടി. പിറേറന്നു് കൈകളിൽ കുരുമണിപോലെ ചെറിയ തടിപ്പുകളായി. അങ്ങനെ കുട്ടികളുടെ കൈപ്പത്തികൾ്ററ ശരീരത്തിൽ തമസിച്ചിരുന്ന "ചൊറിയണുക്കളി"ൽ ഒരു വിഭാഗം അന്തോണിയുടെ ദേഹത്തിൽ കുടിയേറിപ്പാർപ്പു തുടങ്ങി.

ചൊറി തേക്കിനാളയായി. കാപ്പിയും മുട്ടയും എന്നുവേണ്ട തരിമ്പരക്കം പടിയൊഴിപ്പിച്ചു. അന്തോണി ഇന്നും കരയുകയാണ്. അവനെച്ചൊല്ലുന്നൻ്റെ വീട്ടിൽനിന്നും തിരിച്ചുപോന്നിട്ടത്തെ രീതിവിസമയി. വേദനകൊണ്ടു് ഇന്നും അവൻ കണ്ണുനീർ ഒലിപ്പിച്ചുകൊണ്ടു് നിലവിളിക്കുന്നു.

വേനൽക്കാലം. ചൊറിയുടെ ഉപദ്രവം കൂടും. രോഗാണുക്കൾ തഴച്ചു വളർന്നു നടക്കുകയാണ്. സ്വന്തം ശരീരം വൃത്തിയായി സൂക്ഷിക്കണം. വസ്ത്രങ്ങൾ ശുചിയായി അലക്കി ധരിക്കണം. ആഹാരം കഴിക്കുന്നതിനുമുമ്പ് അതിശ്രദ്ധയോടെ കൈകൾ കഴുകണം. വൃത്തിയായി സൂക്ഷിച്ചിട്ടുകഴുകുന്നതു നന്നു്. ഒരു യാത്രചെയ്യേണ്ടിവന്നാൽ അതിനുശേഷം വൃത്തിയായി ഒന്നു കുളിക്കയും വസ്ത്രങ്ങൾ അലക്കിയിടുകയും ചെയ്യേണ്ടതു് അത്യാവശ്യമാണ്. ആരോഗ്യപൂർണ്ണമായ ഒരു ശരീരം അനുഭവിക്കാൻ ജീവിതം സുഖമായിക്കഴിക്കുന്നതിനു് ഒഴിച്ചുകൂടാത്തതാണല്ലൊ. അതിനാൽ കുടുംബനാഥന്മാർ സ്വന്തം കുട്ടികൾക്കും തങ്ങൾക്കും പകർച്ചവ്യാധികളും മറവുമെന്തെല്ലാം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുക. വീട്ടുസുഖത്തെ ഭഞ്ജിക്കുന്ന അപകടങ്ങളെപ്പറെ മനോഭാവത്തോടെ കണക്കാക്കുക.

—

## എഴുത്തുപെട്ടി

S. D. S. College,
Pavaratty, 9—2—'53

Very Rev: & Dear Father,

സത്യദീപം 23-ാം ലക്കത്തിൽ വിജ്ഞാനവീഥിയിൽ കത്തോലിക്കാ കോളേജുകളുടെ വിവരം കൊടുത്തതിൽ ഈ കോളേജു് ഒഴിവാക്കപ്പെട്ടിരിക്കുന്നതായിട്ടാണ് കണ്ടതു്. അതു് ശരിയല്ല. കേരളത്തിലുള്ള ഒരേ ഒരു കത്തോലിക്കാ സംസ്കൃത കോളേജ് ഇതാണെന്നുള്ള വിവരം അറിയിക്കട്ടെ. വാസ്തവത്തിൽ ഇതൊരു Mixed College ആണ്. കോളേജ് ക്ലാസുകളിൽ യുവതികളാണ് ഭൂരിഭാഗം. ഇതിൽ യുവാക്കളിലധികം ഇന്ന പഠിച്ചുകൊണ്ടിരിക്കുന്നുണ്ടു്. സാഹിത്യശിരോമണി (സംസ്കൃതം) സംസ്കൃതം മലയാളം എന്നിങ്ങനെ മൂന്നു ഗ്രൂപ്പുകൾ നടക്കുന്നുണ്ടു്. കത്തോലിക്കാ യുവതിയുവാക്കന്മാർ ധാരാളം പഠിക്കുന്നതു്, മലയാളവിഭാഗത്തിൽ ക്ലാസ്സിലാണ്. ഈ വിവരവും ഒക്കെ പ്രസിദ്ധപ്പെടുത്തുമല്ലൊ. ... ...

എന്നു് വിധേയൻ,

P. K. Francis Principal.
[ഒപ്പു്]

## അറിയിപ്പ്

പട്ടിത്താനം മീനാരിൽ ഫാദർ റിഡിംഗ്റൂം സെക്രട്ടറിയപ്രകാരം ശ്രീ. സി. കുര്യാക്കോസ്, പട്ടിത്താനം അവർകളെ സത്യദീപം ഏജൻ്റായി നിയമിച്ചിരിക്കുന്നു.


മാനേജർ, സത്യദീപം

## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത.

പള്ളത്തു് ത്രേസ്യാ ജോസഫ്,
തൊടുപുഴ

## For favours received
through
**SR. ALPHONSA**
Excuse delay.
N. I. K. Trichur



ഉണ്ണാനായി വർക്കിച്ചേട്ടൻ കൈകഴുകി പലകയിലിരിക്കുമ്പോഴാണ് അന്തോണിയുടെ അപസ്വരം കാതിൽ കടന്നിരിക്കുന്നതു്.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

THE CATHOLIC SYRIAN BANK Ltd.,
H. O. TRICHUR
BRANCHES: കൊച്ചി, ചാലക്കുടി, ചിററൂർ, എറണാകുളം, ഈരോഡ്, ഇരിങ്ങാലക്കുട, കരൂർ, കോട്ടപ്പടി, കുന്നംകുളം, കണ്ടശ്ശാങ്കടവ്, പാലാരിവട്ടം (Ernakulam North), തോപ്പുംപടി (Cochin), തൃശ്ശിവപേരൂർ, തൃപ്പൂണിത്തുറ, തിരുവനന്തപുരം.
SAVINGS BANK DEPOSIT
സേവിങ്ങ്സ് ബാങ്ക് (S. B.) കണക്കിനു 1953 ഫെബ്രുവരി 10-ാംനു മുതൽ 3% (4 ണ.) വീതം പലിശ ആയി വർദ്ധിപ്പിച്ചിരിക്കുന്നു.
Trichur, 9-2-1953 GENERAL MANAGER

## പുസ്തകാഭിപ്രായം

# യോദ്ധാക്കൾ

(ഗ്രന്ഥകർത്താ: സി ജെ കോക്കാട്ട്, പൂളശേരി. എസ്സ് ജെ പ്രസ്സ്, മാന്നാനം. പേജ് ii + 36. വില അണ 4.)

"കുസുമ"ഗ്രന്ഥാവലിയുടെ 123-ാമത്തെ ഉരുളായി പുറപ്പെടുന്ന ഒരു ലഘു ഗ്രന്ഥമാണ് "യോദ്ധാക്കൾ." ഡോൺ മൊറോസീനി, സഹാറായിലെ പ്രേഷിതൻ, സ്വാതന്ത്ര്യസ്നേഹി, ബിഷപ്പ് തിയോഫിലസ്, ഫാദർ ജേക് സിമിയൻ, മിസ്റ്റർ എഡ്വേർഡ് ലിയോൺ മെസ്സേ, ഫാദർ ജോൺ തുങ്ങ് ഇങ്ങനെ "ചുവന്ന ഭീകരത്വത്തിന്റെ" മുമ്പിൽ മരണപര്യന്തം വിശ്വാസം ഘോഷിച്ച് ആത്മരക്ഷ നേടുന്ന ഏഴു ധീരാത്മാക്കളുടെ ജീവചരിത്രമാണ് ഈ കൊച്ചുപുസ്തകത്തിൽ സംക്ഷിപ്തമായി പ്രതിപാദിച്ചിരിക്കുന്നത്.

പലപ്പോഴായി പത്രമാസികകളിൽ പ്രസിദ്ധീകരിച്ചിരുന്ന ഈ ജീവചരിത്രങ്ങൾ അങ്ങിങ്ങായി കിടന്ന് വിസ്മൃതിയിൽ ആണ്ടുപോകാതെ അവയെ ശേഖരിച്ച് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചത് ശ്ലാഘനീയമായിരിക്കുന്നു.

ജീവിതമാകുന്ന രംഗത്തിൽ വിവിധ സഹചര്യങ്ങളാകുന്ന സമരമുഖങ്ങളെ അഭിമുഖീകരിക്കേണ്ടിയിരുന്ന യുവാക്കന്മാരെ യഥാർത്ഥമായ വിജയപഥം ദർശിക്കുവാൻ സഹായിക്കുന്ന ഒരു മാർഗ്ഗദീപമാണ് ഈ ചെറുപുസ്തകം.

# സ്ത്രീ

(ഗ്രന്ഥകർത്താ: പി എസ്സ് പുല്ലുവിള. ജെ എം പ്രസ്സ്, സെന്റ് ജോസഫ്സ് സെമിനാരി, ആലുവാ. പേജ് 126.)

പ്രസിദ്ധ വാഗ്മിയും പ്രഖ്യാതപണ്ഡിതനുമായ മോൺ ഫുൾട്ടൻ ഷീൻ ക്രിസ്തുമാതാവായ കന്യകാമറിയത്തിന്റെ മാഹാത്മ്യങ്ങളെയും ജപമാലഭക്തിയെയും അധികരിച്ചു ചെയ്തിട്ടുള്ള റേഡിയോ പ്രഭാഷണങ്ങൾ സമാഹരിച്ച് "The Woman" എന്ന അഭിധാനത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥത്തിലെ ആശയങ്ങൾ ശ്രീ പി എസ്സ് പുല്ലുവിള മലയാളത്തിലേക്ക് പകർത്തിയിട്ടുള്ളതാണ് ഈ ഗ്രന്ഥം. അഗാധചിന്തകനായ മോൺ ഷീനിന്റെ ആശയങ്ങൾ ലളിതവും പ്രസന്നവുമായ ശൈലിയിൽ അവതരിപ്പിച്ചിട്ടുള്ളതാണ് ഈ ഗ്രന്ഥം എന്നു പറഞ്ഞാൽ അതിന്റെ വൈശിഷ്ട്യം ഊഹ്യമാണല്ലോ.

നന്മയുടെ ഉറവിടവും മഹിമയുമായ ദൈവത്തിൽനിന്നും അകന്നുകൊണ്ടു തിന്മയുടെ ആഴങ്ങളിലേക്ക് ആണ്ടുപോയിരിക്കുന്ന മനുഷ്യവർഗ്ഗത്തിന് അവശേഷിച്ചിരിക്കുന്ന ആശാകിരണമാണ് മറിയമെന്നും അണുബോംബുകളുടെ ഈ യുഗത്തിൽ ഇനിയുണ്ടാകുന്ന മഹാസമരങ്ങളാൽ നാടുകളും നഗരങ്ങളും തകർക്കപ്പെട്ടുകൊണ്ട് എങ്ങനെ നാമാവശേഷമായിത്തീരുമെന്നു ചിന്തിച്ച് ഭയചകിതരും ആശാഹതരും ആയിത്തീർന്നിരിക്കുന്ന ലോകത്തിനു സമാധാനത്തിന്റെയും സമാശ്വാസത്തിന്റെയും സന്ദേശമാണ് ദിവ്യജനനി ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടു നൽകിയിരിക്കുന്നതെന്നും ഗ്രന്ഥത്തിൽ യുക്തിയുക്തം സമർത്ഥിച്ചിരിക്കുന്നു. പരിശുദ്ധ കന്യകാമറിയത്തോടു ഭക്ത്യാദരങ്ങൾ പ്രകടിപ്പിക്കേണ്ടതിന്റെ ആവശ്യകത, മറിയത്തിന്റെ കന്യാമാതൃത്വം, ദിവ്യമാതൃത്വം, അമലോത്ഭവം, മാദ്ധ്യസ്ഥശക്തി, ജപമാലഭക്തി മുതലായവയെപ്പററി ശാസ്ത്രീയവും താത്വികവും എന്നാൽ സുഗ്രഹവും ആയ രീതിയിൽ പ്രതിപാദിച്ചിട്ടുള്ള ഒരു ഗ്രന്ഥമാണിത്. മറിയംവഴി ക്രിസ്തുവിനേയും ക്രിസ്തുവഴി ദൈവത്തെയും എങ്ങനെ പ്രാപിക്കാമെന്നും അങ്ങനെ പ്രാപിച്ചുകഴിയുമ്പോൾ ലോകത്തെ ഇന്നാവരണം ചെയ്തിരിക്കുന്ന ദുരവസ്ഥ എങ്ങനെ തിരോധാനം ചെയ്യുമെന്നും ഇതിൽ വിവരിച്ചിരിക്കുന്നു.

ഈ പുസ്തകത്തിന്റെ "സ്ത്രീ" എന്ന സംജ്ഞ ഇതിലെ പ്രതിപാദ്യത്തിന്റെ വൈശിഷ്ട്യത്തെ പ്രതിഫലിപ്പിക്കുവാൻ പര്യാപ്തമാണോ എന്ന സംശയമാണ്. മററു ഭാഷകളിൽ ഈ പദത്തിന്റെ അർത്ഥവും പ്രയോഗവും എങ്ങനെ ആയിരുന്നാലും അതിവന്ദ്യയും അതിശ്രേഷ്ഠയും ദൈവമാതാവുമായ പരിശുദ്ധ കന്യകയുടെ മഹിമാവിനെ പ്രകീർത്തിക്കുന്ന ഗ്രന്ഥമാണിതെന്ന ചിന്ത ഇതിന്റെ സംജ്ഞാശ്രവണത്തിൽ ഒരു സാധാരണ മലയാളിയിൽ ഉളവാകുകയില്ല.

# ഹൃദയദാഹം

(ഗ്രന്ഥകർത്താ: അബ്രാഹം ഇയറാട്ടുകുന്നേൽ. സേക്രഡ് ഹാർട്ട് ലീഗ്, മംഗലപ്പുഴ സെമിനാരി, ആലുവാ. പേജ് 60. വില 6ണ.)

റവ പി മവനിസ്ച്, എസ് ജെ എഴുതിയിട്ടുള്ള He Must Reign എന്ന ഗ്രന്ഥത്തിന്റെ പരിഭാഷയാണ് ഈ പുസ്തകം. വി. തോമാശ്ലീഹാ ഭാരതത്തിൽ ക്രിസ്തുമതം പ്രസംഗിച്ചിട്ട് 19 നൂററാണ്ടുകൾ കഴിഞ്ഞിരിക്കുന്നുവെങ്കിലും ഇനിയും കഷ്ടിച്ച് ഒരു ശതമാനം മാത്രമേ ഇവിടെ യഥാർത്ഥത്തിൽ ക്രിസ്തുവിനെ അറിയുകയും അവിടുന്നു സ്ഥാപിച്ച കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയും ചെയ്തിട്ടുള്ളു. അകത്തോലിക്കരായ ഭാരതീയ സഹോദരന്മാരുടെ ഇടയിൽ ക്രിസ്തുവിനെ അറിയിച്ച് അവരെ സത്യസഭയിലേക്ക് ആനയിക്കുന്നതിന് ഭാരത കത്തോലിക്കർക്കു ഉള്ള കടമ എന്താണെന്നും, പ്രാർത്ഥനയും പരിത്യാഗവും മാതൃകാജീവിതവും വഴി എങ്ങനെ അകത്തോലിക്കരുടെ മാനസാന്തരം സാധിക്കാമെന്നും, പരോപകാരത്തിൽ പ്രേഷിതത്വം അതിന്റെ പൂർണ്ണതയിൽ എത്തുന്നു എന്നും പ്രകാരമൊക്കെ ഇതിൽ ഹൃദയംഗമമായി പ്രതിപാദിച്ചിരിക്കുന്നു.

ഭാരതപ്രേഷിതരായ വി. തോമാശ്ലീഹായുടെയും വി. ഫ്രാൻസിസ് സേവ്യറിന്റെയും ജൂബിലികൾ ആഘോഷിച്ച ഈ അവസരത്തിൽ ആ പ്രേഷിതപ്രവരന്മാരുടെ വേലയെ സഫലമാക്കിത്തീർക്കാൻ ഉപകരിക്കുന്നതിനു നമുക്കുള്ള ചുമതലയായ കടമയെ സവിശേഷം അനുസ്മരിപ്പിക്കുന്നതാണ് ഈ ചെറുഗ്രന്ഥം. ഇത്ര ഉപകാരപ്രദമായ ഒരു ഗ്രന്ഥം മലയാളത്തിലേക്കു വിവർത്തനം ചെയ്ത അബ്രാഹം ഇയറാട്ടുകുന്നേൽ അവർകൾ നമ്മുടെ ഏവരുടെയും കൃതജ്ഞതയ്ക്കും അഭിനന്ദനത്തിനും അർഹനാണ്.

(A. V. T.)

---

# സിനിമാതാരം കന്യകാമഠത്തിലേക്ക്

ഹോളിവുഡിലെ ഒരു പ്രസിദ്ധ സിനിമാതാരമായ മിസ് ജൂണെ ഹാവർ ഒരു കന്യകാമഠത്തിൽ ചേർന്ന് ശിഷ്യയാകുവാൻ തീരുമാനിച്ചിരിക്കുന്നതായി പ്രസ്താവിച്ചിരിക്കുന്നു. അങ്ങനെ ട്വൻറിയത്ത് സെഞ്ചുറി ഫോക്സ് സ്റ്റുഡിയോയുമായുള്ള ദീർഘകാലബന്ധത്തെ അവർ അവസാനിപ്പിച്ചിരിക്കുന്നു. ഏതു മഠത്തിലാണ് ചേരുവാൻപോകുന്നതെന്ന് അവർ വ്യക്തമാക്കിയിട്ടില്ല. മിസ് ഹാവർക്ക് ഇപ്പോൾ 26 വയസ്സു പ്രായമുണ്ട്.

# അധികാരപത്രം സമർപ്പിച്ചു.

ഇന്ത്യയിലെ അപ്പസ്തോലിക്ക് ഇന്റർനൺഷ്യോ മോസ്റ്റ് റവ ഡോക്ടർ മാർട്ടിൻ എച്ച് ലൂക്കാസ് തിരുമനസ്സുകൊണ്ട് ഫെബ്രുവരി 14-ാംനു രാഷ്ട്രപതി ഭവനിൽ നടന്ന പ്രത്യേക ചടങ്ങിൽവച്ച് ഇന്ത്യൻ പ്രസിഡണ്ട് ഡോക്ടർ രാജേന്ദ്രപ്രസാദിനു തന്റെ നിയമനം സംബന്ധിച്ച അധികാരപത്രം നൽകിയിരിക്കുന്നു.

---

# ഞാൻ എന്തുകൊണ്ട് ക: സഭയിൽ ചേർന്നു?

[കെ. എം. മാണി, റിട്ടയർഡ് ഹെഡ്മാസ്റ്റർ]

"നീ കേപ്പായാകുന്നു; ഈ കേപ്പായിന്മേൽ എന്റെ പള്ളി ഞാൻ പണിയും; നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല."

പലരും എന്റെ ചിരകാലപ്രതീക്ഷയുടെ ഫലത്തിനുശേഷം—സമ്പൂർണ്ണമൈക്യം—ചോദിക്കുന്നു, എന്തുകൊണ്ട് ദീർഘകാലം മേരുട്ടു സി എം എസ്സ് ഇംഗ്ലീഷ് സ്കൂൾ ഹെഡ്മാസ്റ്റർ, പള്ളിയിലെ സെക്രട്ടറി, സമാപ്രവർത്തകൻ എന്നീ വിവിധ ശൃംഖലകളിൽ സേവനം അനുഷ്ഠിച്ച വ്യക്തി ഹെന്റി 8-ാമന്റെ സഭയെ പരിത്യജിച്ചു? അതിനു മറുപടി: കർദ്ദിനാൾ ന്യൂമൻ, മാർ ഈവാനിയോസ് എന്നീ തിരുമേനിമാർ എന്തുകൊണ്ട് കത്തോലിക്കാ തിരുസ്സഭയിൽ പ്രവേശിച്ചു? കർദ്ദിനാൾ ന്യൂമൻ ദീർഘകാലത്തെ ഗവേഷണങ്ങൾക്കും വന്ദ്യ തിരുമേനിയുടെ പ്രവർത്തനം എന്റെ അന്തഃകരണത്തിനു പ്രചോദനം നൽകി. മലങ്കരയിൽ അന്ത്യോക്യാസഭയുടെ ജനയിതാവായ നി. വ. ദി. മ. മാർ ഈവാനിയോസ് തിരുസ്സഭയെ ആശ്ലേഷിച്ചു ഇപ്പോൾ തിരുവനന്തപുരം അതിരൂപതയുടെ മേലദ്ധ്യക്ഷനായി പരിലസിക്കുന്നു. അല്ലയോ അകത്തോലിക്കരേ, ഞാൻ ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു. തക്ക സമാധാനം നൽകണം. ഏതുകൊല്ലമായി ഞാൻ സത്യതിരുസ്സഭയെപ്പററി ഗവേഷണം നടത്തുകയായിരുന്നു.

ഈ ലേഖനകർത്താവ് ഇടത്വാ പരേതനായ ഉളകപ്പാടിൽ ബ. തോമാസ് അച്ചന്റെ അനന്തിരവനും പരേതനായ ഫാദർ പള്ളി ഇടവക ചാപ്ലൈൻ ടി ബ. തോമാച്ചന്റെ ഒരു സഹോദരനും ആണ്. കത്തോലിക്കാ കുടമാളൂർ പള്ളിയുടെ ആലയത്തിൽ വച്ച് 57 കൊല്ലം മുമ്പു നടന്നു. എന്റെ പിതാമഹൻ, പിതൃസഹോദരി ഇവർ കത്തോലിക്കരായി ജീവിക്കുകയും മരിക്കുകയും ചെയ്തു. എനിക്ക് എനിക്ക് ഒരു വയസ്സു കഴിഞ്ഞപ്പോൾ നിർഭാഗ്യവശാൽ എന്റെ മാതാപിതാക്കൾ സത്യസഭയിൽനിന്നു വേർപെട്ടു. എനിക്ക് അഞ്ചു വയസ്സു പൂർത്തിയായപ്പോൾ എന്റെ മാമ്മോദീസാ നടത്തിയ പള്ളിയിൽ പോയി നേർച്ചകാഴ്ചകൾ കഴിച്ചിട്ടില്ല. അന്നുമുതൽ മനസ്സിൽ തോന്നിക്കൽ കത്തോലിക്കാപള്ളിയിൽ പോകുക, കുർബാന കാണുക എന്റെ പതിവാണ്.

55 വയസ്സു പൂർത്തിയായപ്പോൾ മാനേജ്മെന്റുജോലിയിൽനിന്നു എന്നെ വിരമിച്ചു. എനിക്കു അനുഭവിക്കേണ്ടി വന്ന വിഷമതകൾ ഞാൻ വെളിപ്പെടുത്തുന്നില്ല. കുടുംബപരിതസ്ഥിതികൾ പുനരൈക്യത്തിനു ബാധകമായിത്തീർന്നു. എന്നാൽ പു: ദൈവജനനിയുടെ കൃപയാൽ അവയെല്ലാം ദൂരീകരിച്ചു. 1952 ഡിസംബർ 21-ാംനു വി. തോമാശ്ലീഹായുടെ തിരുനാളിൽ മൂന്നു വൈദികരുടേയും ഒരു ചെറിയ ജനക്കൂട്ടത്തിന്റെയും സാന്നിദ്ധ്യത്തിൽ ബ. വികാരി ഔസേപ്പച്ചൻ വെമ്പേനിയുടെ മുമ്പാകെ ഞാൻ സത്യപ്രതിജ്ഞ ചെയ്തു.

രണ്ടുപ്രാവശ്യം ഭരണങ്ങാനത്തു സിസ്റ്റർ അൽഫോൻസാമ്മയുടെ കബറിടത്തിൽ പോയി. അടുത്തു ഒരു പ്രാവശ്യംകൂടി പോകുവാൻ നേർച്ചയുണ്ട്. പ. ദൈവജനനിയുടേയും, സി. അൽഫോൻസാമ്മയുടെയും മാദ്ധ്യസ്ഥ്യം എനിക്കു വലിയ പ്രചോദനം നൽകുന്നുണ്ട്.

അല്ലയോ സി എം എസ്സുകാരേ, എങ്ങനെ, എപ്പോൾ നിങ്ങളുടെ സഭ ഉടലെടുത്തു? ഹെൻറി എട്ടാമൻ കത്തോലിക്കാസഭയെ സംരക്ഷിച്ച് ഒരു ഗ്രന്ഥം എഴുതി. അക്കാലത്തെ മാർപ്പാപ്പാ "വിശ്വാസസംരക്ഷകൻ" എന്ന ബിരുദം കല്പിച്ചുനൽകി. ജഡമോഹത്തിൽ മുഴുകിയിരുന്ന ഹെൻറി കാതറൈനിനെ ഉപേക്ഷിക്കണം, ആനിബോളിനെ വിവാഹം ചെയ്യണം എന്നു തീരുമാനിച്ചു. പ. മാർപ്പാപ്പാ അനുമതി നൽകിയില്ല. തിരുസ്സഭയിൽനിന്നു എടുത്തുചാടി. ആർച്ചുബിഷപ്പ് ക്രാന്മറിനെ കൂട്ടുപിടിച്ചു. സത്യവിശ്വാസികളുടെ എത്ര പള്ളികൾ രാജാക്കന്മാർ അപഹരിക്കപ്പെട്ടു. അല്ലയോ ഇംഗ്ലീഷ് ജനതേ, നിങ്ങളുടെ പൂർവ്വപിതാക്കൾ കത്തോലിക്കരായിരുന്നപ്പോൾ സത്യദീപം ഇംഗ്ലണ്ടിൽ കൊണ്ടുവന്നതു ആർ? എപ്പോൾ? മാർപ്പാപ്പാ മഹാനായ ഗ്രിഗറി വി. അഗസ്റ്റിനെ അയച്ചു. ആ പരിശുദ്ധനായ പിതാവിന്റെ ന്യായമായ പിൻഗാമി (262 മത്തെ മാർപ്പാപ്പാ) പീയൂസ് 12-ാമനെ എന്തുകൊണ്ടു നിങ്ങളിൽ ഒരു ഭൂരിപക്ഷം തള്ളി അന്ധകാരത്തിൽക്കൂടി പ്രയാണം ചെയ്യുന്നു? മാർട്ടിൻ ലൂഥർ എന്തുകൊണ്ടു ആശ്രമനിയമങ്ങളെ ഭേദിച്ചു ഒരു കന്യാസ്ത്രീയെ അപഹരിച്ചു വെളിയിൽ ചാടി? ഇന്നു പ്രോട്ടസ്റ്റന്റു സഭകൾ 500-ൽപ്പരം. കിഴക്കൻ സഭകൾ അനവധി—ഗ്രീക്ക്, അർമീനിയൻ, കോപ്റ്റിക്, നെസ്തോറിയൻസ് മുതലായവ. ഒന്നായിരിക്കേണ്ട യാക്കോബായസഭ ഇപ്പോൾ മൂന്ന്—പാത്രിയർക്കീസുസഭ, ഓർത്തഡോക്സ് സഭ, മാർത്തോമ്മാസഭ.

സി എം എസ്സിൽനിന്നും ബി സി എം എസ്, വിചാരൻകുട്ടിയുടെ സഭ, പൊയ്കയിൽ യോഹന്നാന്റെ സഭ, ഏലിയാമ്മ ഉമ്മന്റെ സഭ, ഇത്യാദി മുളച്ചുവന്നു.

ഒരു അകത്തോലിക്കാ സംഘത്തിനും സത്യതിരുസ്സഭയുടെ മൗലികലക്ഷണങ്ങൾ ഇല്ല. 16-ാം നൂററാണ്ടിലെ ധൂർത്തരുടെ അധമമനോഭാവം ഒന്നായിരുന്ന ക്രിസ്തീയസഭയെ പല വേലികളായി പിരിച്ചു. അന്നുമുതൽ അവർ തമ്മിൽ ഭിന്നിച്ചു നാമാവശേഷമാകുന്നു. "എന്റെ പിതാവു നട്ടിട്ടില്ലാത്ത എല്ലാം വേരോടെ പിഴുതെറിയപ്പെടും" എന്ന് ഈശോ കല്പിച്ചിരിക്കുന്നു. ഈ പാറമേൽ വീഴുന്നവൻ ധൂളിയാകും ... ...

---

# ചരമം

എറണാകുളം മഹാരാജാസ് കോളേജ് പ്രൊഫസർ ശ്രീ കെ. ജെ. ആന്റണി എം. എ. യുടെ പ്രിയപത്നി ശ്രീമതി മേരി ഫെബ്രുവരി 15-ാംനു പ്രസവസംബന്ധമായ രോഗത്താൽ നിര്യാതയായി. വികാരിജനറാൾ വെരി റവ മോൺ. മത്യൂ പോത്തനാമൂഴി അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ ശവസംസ്കാരം നടത്തപ്പെട്ടു. എറണാകുളം മെത്രാപ്പോലീത്തൻ പള്ളി അസിസ്റ്റന്റ് റവ. ഫാ. ജോസഫ് ചക്യത്ത് ചരമപ്രഭാഷണം നടത്തി.

—കലയന്താനി: മാളിയേക്കൽ മത്തായി റോസ ഫെബ്രുവരി 11-ാംനു 95-മത്തെ വയസ്സിൽ നിര്യാതയായി.

R. I. P.

# സത്യദീപം

പത്രാധിപന്മാർ

റൈറ്റ്. റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി

Vol. 26 ‖ ERNAKULAM FEBRUARY 18, 1953 ‖ No. 26


# പാവങ്ങളെ സഹായിക്കുവാൻ പ. പിതാവിന്റെ ഉദ്ബോധനം

പരിശുദ്ധ പിതാവ് 12-ാം പിയൂസ് ഷി പത്രോസ്സിന്റെ സിംഹാസനത്തിൽ ആരൂഢനായശേഷം ക്രിസ്തുമസ് തിരുനാൾ പ്രമാണിച്ച് കൊല്ലംതോറും റേഡിയോ പ്രക്ഷേപണംവഴിയായി ലോകത്തിന് കാലോചിതങ്ങളായ ഉപദേശങ്ങളും മുന്നറിവുകളും നൽകാറുണ്ടല്ലോ. ഇക്കഴിഞ്ഞ ക്രിസ്തുമസിന്റെ തലേദിവസം തിരുമേനി ചെയ്ത പ്രക്ഷേപണപ്രസംഗത്തിൽ പാവങ്ങളുടെയും ദുഃഖിതരുടേയും കഷ്ടതകളെപ്പററിയും, അവയുടെ നിവാരണമുണ്ടാകേണ്ട ആവശ്യകതയേയും വിധത്തെയും പററിയുമാണ് പ്രതിപാദിച്ചിട്ടുള്ളത്. ക്രിസ്തുവിന്റെ മംഗളസന്ദേശം പ്രഥമവും പ്രധാനവുമായി തിരുമേനി നൽകിയത് പാവങ്ങൾക്കും മററുള്ളവർക്കുമാണ്. അവർ തന്റെ പ്രിയപ്പെട്ട മക്കളാണെന്നും, അവരുടെ സംഖ്യ വളരെയധികമാണെന്നും, സഹായത്തിനായുള്ള അഭ്യർത്ഥനകളുമായി അവരുടെ സ്വരം കഴിഞ്ഞ മഹായുദ്ധത്തിനുശേഷം വർദ്ധമാനമായി മുഴങ്ങിക്കൊണ്ടിരിക്കയാണെന്നും, ലോകത്തിന്റെ സകല ഭാഗങ്ങളിലും നിന്നായി തന്റെ ചെവിയിൽ അടിച്ചുകൊണ്ടിരിക്കുന്ന ആ സ്വരം തന്റെ ഹൃദയത്തെ തകർക്കുന്നതാണെന്നും തിരുമേനി പറയുന്നു. അവരുടെ ദുഃഖങ്ങൾക്കും ദുരിതങ്ങൾക്കും സമാശ്വാസം നൽകുവാനും അവയെ തടഞ്ഞുനിർത്തുവാനും വേണ്ടി പബ്ലിക്കും ഔദ്യോഗികവുമായ ഏജൻസികൾ അസംഖ്യം നിർദ്ദേശങ്ങളും പദ്ധതികളും രൂപീകരിക്കുന്നുണ്ട്. അവയുടെ കർത്താക്കൾക്കുള്ള സന്മനസ്സിനെ സംശയിക്കുന്നില്ലെങ്കിലും, ആ നിർദ്ദേശങ്ങളും പദ്ധതികളും പലപ്പോഴും മനുഷ്യരുടെ പുരുഷോത്തമമായ വ്യക്തിമാഹാത്മ്യത്തെയും [illegible] അവകാശങ്ങളേയും വേണ്ടവിധം പരിഗണിക്കാത്തവയാകയാൽ, പാവങ്ങൾക്കും ദുഃഖിതർക്കും ശരിയായ രക്ഷ നൽകുവാൻ അവ പര്യാപ്തങ്ങളാകുന്നില്ലെന്ന് തിരുമേനി സവിസ്തരം വിശദീകരിക്കുന്നു. "ഏററവുമധികം ഉല്പാദനശക്തി സൃഷ്ടിക്കുന്നതിനുവേണ്ടി ആളുകളേയും വസ്തുക്കളേയും നിഷ്കൃഷ്ടമായ ഐക്യബന്ധത്തിൽ സംഘടിപ്പിക്കുകയാണ് [illegible] എന്നുള്ള സുദൃഢമായ അഭിപ്രായം അന്ധവിശ്വാസമാകുന്നു." ഈ അന്ധവിശ്വാസംനിമിത്തം "സാംഘടനയാകുന്ന പിശാച് മനുഷ്യന്റെ ആത്മികചൈതന്യത്തെ ആക്രമിക്കുകയും അടിമപ്പെടുത്തുകയും ചെയ്യുന്നു. ചില രാജ്യങ്ങളിൽ ആധുനികരാഷ്ട്രം ബൃഹത്തായ ഒരു യന്ത്രമായിത്തീർന്നുകൊണ്ടിരിക്കയാണ്. ജീവിതത്തിന്റെ മിക്കവാറും എല്ലാ വശത്തേക്കും തന്റെ സ്വാധീനശക്തി അതു വ്യാപിപ്പിക്കുന്നു. രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവും മാനസികവുമായ സകല രംഗങ്ങളും ജനനംമുതൽ മരണംവരെ തന്റെ മേൽനോട്ടത്തിൻകീഴ് കൊണ്ടുവരണമെന്ന് അതു് ആഗ്രഹിക്കുന്നു. ഇതിന്റെ ഫലമായി, [illegible]പ്പററിയുള്ള ബോധമന്നും വ്യക്തികളുടെ മനസ്സാക്ഷിയിൽ മരവിച്ചു കിടക്കുവാൻ ഇടവരുന്നു. ധാർമ്മികമായ ഉത്തരവാദിത്വബോധമുള്ള പൗരന്മാരുടെ സമൂഹമെന്ന പ്രധാനമായ സ്വഭാവം രാഷ്ട്രത്തിന് കൂടുതൽ കൂടുതൽ നഷ്ടമാകുകയും ചെയ്യുന്നു." ചുരുക്കത്തിൽ, നിവാരണമാർഗ്ഗങ്ങളായി [illegible] ചെയ്യുന്ന പല നിർദ്ദേശങ്ങളും പദ്ധതികളും മനുഷ്യരെ പുരുഷോത്തമമായ മാഹാത്മ്യവും വ്യക്തിപരമായ അവകാശങ്ങളുമുള്ള ആളുകളായിട്ടല്ല, പ്രത്യുത സാംഘടിതമായ ഒരു മഹായന്ത്രത്തിന്റെ അംശങ്ങളായിട്ടാണ് പരിഗണിക്കുന്നതെന്നു തിരുമേനി വിലപിക്കുന്നു.

## പാവങ്ങളുടെ ദുരിതങ്ങൾ

അനന്തരം പരിശുദ്ധ പിതാവിന്റെ ചിന്തകൾ "പ്രത്യേകവും പ്രിയങ്കരവുമായ ഉൽക്കണ്ഠയോടുകൂടി, ലോകമാസകലം ചിതറിക്കിടക്കുന്ന ദുഃഖിതരായ പാവങ്ങളുടെ നേരെ" തിരിയുന്നു. ആ നോട്ടത്തിൽ തന്റെ കൺമുമ്പിൽകൂടി കടന്നുപോകുന്ന കുടുംബങ്ങളുടെ കഷ്ടതകളെ തിരുമേനി ചിത്രീകരിക്കുന്നു. പെട്ടെന്നുണ്ടാവുന്ന തൊഴിലില്ലായ്മയാൽ സകല ജീവസന്ധാരണമാർഗ്ഗങ്ങളും നഷ്ടപ്പെടുമെന്ന ആപത്തിൽ പെട്ടിരിക്കുന്നവർ; വേല കിട്ടിയാൽതന്നെയും കൂലി ആവശ്യങ്ങൾക്കു മതിയാകാത്തവർ; തന്മൂലം ഉണ്ണാനും ഉടുക്കാനും രോഗത്തിനു ചികിത്സിക്കാനും സാധിക്കാത്തവർ; യാതൊരു സ്വകാര്യവും ഇല്ലാതെ, പ്രാഥമികങ്ങളായ സുഖങ്ങൾപോലും തീരെ നഷ്ടപ്പെടുത്തുന്ന, പാർപ്പിടങ്ങളിൽ കഴിഞ്ഞുകൂടുവാൻ നിർബന്ധിക്കപ്പെടുന്നവർ, അഞ്ചോ ആറോ പത്തോ പേർ ഒരു മുറിയിൽമാത്രം കഴിഞ്ഞുകൂടേണ്ടിവരുന്നതിൽ നിന്നുള്ള ദുരനുഭവങ്ങൾ ആർക്കും ഊഹിക്കാൻ കഴിയുമല്ലോ. അല്പസ്വല്പമായ വേലയുണ്ടെങ്കിലും വീടില്ലാതെ, താൽക്കാലികങ്ങളായ കുടിലുകളിലും ഗുഹകളിലും പാർപ്പിക്കുവാൻ കൊള്ളാത്ത ഗൃഹങ്ങളിലും കഴിഞ്ഞുകൂടുന്ന കുടുംബങ്ങളെപ്പററി എന്തു പറയേണ്ടൂ? സ്ഥിരമായി അദ്ധ്വാനിക്കുകയും കുറച്ചു മിച്ചംവയ്ക്കുകയും ചെയ്തശേഷം, പണത്തിന്റെ വിലയിടിവുനിമിത്തം യാതൊരു വരുമാനവുമില്ലാതെ കൊടിയ ദാരിദ്ര്യത്തിൽ നിപതിച്ചിരിക്കുന്നവരുടെ സ്ഥിതി എത്ര ദയനീയം! ഇതിലും പരിതാപകരമാണ് [illegible] യാതൊന്നും ഇല്ലാത്ത കുടുംബങ്ങളുടെ സ്ഥിതി. ജോലിയൊന്നും കിട്ടാത്ത പിതാവ്, മക്കൾ പട്ടിണിയാൽ ക്ഷയിച്ചുകൊണ്ടിരിക്കുന്നതു കാണുകയും എന്നാൽ അതിനു നിവൃത്തിയുണ്ടാക്കുവാൻ തീരെ അശക്തയായിരിക്കുകയും ചെയ്യുന്ന മാതാവ്, അവരെ തീററാൻ ഒരിക്കലും ഭക്ഷണമില്ല, അവരെ ഉടുപ്പിക്കാൻ ഒരിക്കലും വസ്ത്രവുമില്ല; അങ്ങനെയുള്ള കുടുംബത്തിൽ, മനുഷ്യവാസയോഗ്യമല്ലാതായിത്തീർന്നിരിക്കുന്ന ആ ഗൃഹത്തിൽ, രോഗം അതിന്റെ ഭയാനകമായ സന്ദർശനം നടത്തിയാൽ, അഹോ എന്തായിരിക്കും സ്ഥിതി! ഈ ചിത്രം വരച്ചശേഷം പ. പിതാവു അരുളിച്ചെയ്യുന്നു: "നമ്മുടെ ചിന്തകൾ ദാരിദ്ര്യത്തിന്റെയും ശൂന്യതയുടെയും ഈ രംഗങ്ങളിൽ പതിയുമ്പോൾ നമ്മുടെ ഹൃദയം ഉൽക്കണ്ഠയാലും അനുകമ്പയാലും നിറയുന്നു; മരണത്തോളമുള്ള ദുഃഖംകൊണ്ടുതന്നെ നിറയുന്നുവെന്നു നമുക്കു പറയുവാൻ കഴിയും. ദാരിദ്ര്യത്തിന്റെയും, അതിലധികം ശൂന്യതയുടെയും വൈഷമ്യങ്ങളെപ്പററിയാണ് നാം ചിന്തിക്കുന്നത്." ഇവന്നു ആ വൈഷമ്യങ്ങൾ തിരുമേനി ചിത്രീകരിക്കുന്നു. ചില കുടുംബങ്ങൾക്ക് ദിവസംതോറും, മണിക്കൂർതോറും, അനുഭവപ്പെടുന്ന മരണമുണ്ട്. തങ്ങളുടെ പ്രിയപ്പെട്ട സന്താനങ്ങൾ സഹിക്കുകയും ക്ഷയിക്കുകയും ചെയ്യുന്നതു കാണേണ്ടിവരുന്ന [illegible] മാതാപിതാക്കൾക്കു പ്രത്യേകിച്ചും ആ മരണം [illegible]ണ്. ശരിയായ ചികിത്സ ചെയ്യാത്തതിനാൽ രോഗം ഗുരുതരമാകുന്നു. രോഗത്തെ തടയുവാൻ മാർഗ്ഗങ്ങളില്ലാത്തതിനാൽ കുഞ്ഞുങ്ങളെയാണ് പ്രത്യേകിച്ചും അതു് അടിച്ചുവീഴ്ത്തുന്നതു്. ഇതിന്റെ ഒരു ഫലമായി പുരുഷന്മാരുടെ ശാരീരികമായ അധഃപതനം പിടിപെടുന്നു. അനേകം ജനസാമാന്യം നിയമത്തിന്റെയും ക്രമത്തിന്റെയും ശത്രുക്കളായി വളരുന്നു. അനേകം പാവപ്പെട്ട ബാലികമാർ നേർവഴിവിട്ട് പാതാളത്തിന്റെ [illegible] തള്ളിയിടപ്പെടുന്നു. കാരണം, ഭയങ്കരമായ തങ്ങളുടെ ദാരിദ്ര്യത്തിൽനിന്നു രക്ഷനേടാനുള്ള ഏകമാർഗ്ഗം അതാണെന്നു് അവർ വിശ്വസിക്കുന്നു. ദരിദ്രരെയും പാതകങ്ങളിലേക്ക് ആനയിക്കുന്ന സംഭവങ്ങൾ അപൂർവ്വമല്ല. പരസ്നേഹപ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നവർ നമ്മുടെ കാരാഗൃഹങ്ങൾ സന്ദർശിക്കുമ്പോൾ നിരന്തരം പറയുന്നതു്, മൗലികമായി നല്ലവരായ പലരും കാരാഗൃഹത്തിൽ ചെന്നു പററിയിട്ടുണ്ടെങ്കിൽ അതിനു കാരണം [illegible] ചില പാതകങ്ങൾ ചെയ്യാൻ അവരെ പ്രേരിപ്പിച്ചിട്ടുള്ളത് അത്യധികമായ ദാരിദ്ര്യമാണെന്നാണ്.

## ഈശോയും പാവങ്ങളും

ഇവയെല്ലാം മനസ്സിൽ കരുതിക്കൊള്ളുമ്പോൾ ഉയരുന്ന ചോദ്യമെന്താണെന്നു തിരുമേനി ചോദിക്കുന്നു. "ക്രിസ്തുവിന്റെ മാതൃക മനുഷ്യരെ എന്താണു് പഠിപ്പിച്ചിട്ടുള്ളതു്? ഈശോ തന്റെ ഭൗമികപ്രവാസത്തിനിടയിൽ ദാരിദ്ര്യത്തോടും ദുരിതങ്ങളോടും [illegible]?" അതിനു തിരുമേനിതന്നെ ഇങ്ങനെ പറയുന്നു: "രക്ഷകനെന്ന നിലയിൽ അവിടുത്തെ ഉദ്ദേശം ഏററവും വലിയ ദുരിതമായ പാപത്തിന്റെ അടിമത്തത്തിൽനിന്നു മോചിപ്പിക്കുകയായിരുന്നുവെന്നു തീർച്ചതന്നെ, എങ്കിലും താൻ ആരുടെയിടയിൽ ജീവിക്കുവാൻ ഇഷ്ടപ്പെട്ടുവോ ആ ദുഃഖിതരുടെ സഹനങ്ങളുടെ നേരെ കണ്ണടയ്ക്കുവാൻ അവിടുത്തെ ഏററവും അനുകമ്പയുള്ള ഹൃദയത്തിന്റെ മാഹാത്മ്യത്തിനു് അവിടുത്തെ അനുവദിക്കുവാൻ സാദ്ധ്യമല്ലായിരുന്നു. ദൈവപുത്രനും തന്റെ സ്വർഗ്ഗരാജ്യത്തിന്റെ സന്ദേശവാഹകനുമായ അവിടുത്തേക്കു് മനുഷ്യവർഗ്ഗത്തിന്റെ പ്രാണങ്ങളുടേയും ശരീരത്തിന്റെ [illegible] മീതെ ആ സകലമേൽക്കൂട്ടി കുനിയുവാൻ സന്തോഷമായിരുന്നു. നീതിയുടേയും സ്നേഹത്തിന്റെയും നിയമം പ്രഖ്യാപനം ചെയ്തുകൊണ്ടു് അവിടുന്നു തൃപ്തിപ്പെട്ടില്ല; കാഠിന്യമുള്ളവരുടേയും ക്രൂരഹൃദയരുടേയും പരാതിക്കാരുടേയും മേൽ കൊടിയ ശാപങ്ങളാൽ അപലപിച്ചുകൊണ്ടും തൃപ്തിപ്പെട്ടില്ല; ലോകാവസാനദിനത്തിൽ ഉച്ചരിക്കപ്പെടുന്ന അന്ത്യവിധിയുടെ മാനദണ്ഡം ദൈവത്തോടുള്ള സ്നേഹത്തിന്റെ തെളിവായി അനുഷ്ഠിക്കപ്പെട്ട പരോപകാരപ്രവൃത്തികളായിരിക്കുമെന്നു മുന്നറിവു് കൊടുത്തുകൊണ്ടും തൃപ്തിപ്പെട്ടില്ല; പിന്നെയോ സഹായിക്കുവാനും സുഖപ്പെടുത്തുവാനും തിരിച്ചുപോരുവാനും താൻതന്നെ നേരിട്ടിറങ്ങി, തന്റെ വ്യക്തിത്വം മുഴുവനും ചെലവഴിച്ചു്, പ്രവർത്തിച്ചു. തന്റെ കാലത്തിലെ സാമൂഹ്യവും സാമ്പത്തികവുമായ വ്യവസ്ഥിതികളുടെ ന്യൂനതയോ അപൂർണ്ണതയോ ആണോ തന്റെ മുമ്പിലുള്ള ദുരിതങ്ങൾക്കു കാരണമാകുന്നതു്, ആരെങ്കിലും എത്രത്തോളമാണു കുററക്കാരെന്നു്, അവിടുന്നു ചോദിച്ചില്ല. അക്കാര്യത്തിൽ അവിടുത്തേക്കു് ശ്രദ്ധയില്ലായിരുന്നിട്ടല്ല. പ്രപഞ്ചത്തിന്റെയും അതിലെ ക്രമത്തിന്റെയും നാഥൻ അവിടുന്നായിരുന്നല്ലോ. അതിൽ ശ്രദ്ധയില്ലായ്മ സാദ്ധ്യമല്ല. പ്രത്യുത, രക്ഷകനെന്ന നിലയിൽ തന്റെ പ്രവർത്തനം തന്നെ നേരിട്ടിറങ്ങി, സ്വന്തം വ്യക്തിത്വം മുഴുവനും [illegible] പോലെ, ജീവിതത്തിലെ മററു ദുരിതങ്ങൾക്കും നിവാരണമുണ്ടാകണമെന്നുള്ള, തന്നെ നേരിട്ടിറങ്ങി, സ്വന്തം വ്യക്തിത്വം മുഴുവനും ചെലവഴിച്ചു് പ്രവർത്തിക്കുന്ന സ്നേഹം [illegible]ണെന്നു് അവിടുന്നാഗ്രഹിച്ചു. ഇതുതന്നെയാണ് ഈ ദൃഷ്ടാന്തം എന്നത്തേതുപോലെ ഇന്നും സകലർക്കും അനുപേക്ഷണീയമാകുന്നു."

## ദുരിതനിവാരണം

അനന്തരം ഈ ദുരിതങ്ങളുടെ നിവാരണത്തിനുവേണ്ടി താൻ ചെയ്തിട്ടുള്ളതും ചെയ്യാൻ ആഗ്രഹിക്കുന്നതുമായ സഹായങ്ങളെപ്പററി തിരുമേനി പ്രസ്താവിക്കുന്നു. ലോകത്തിന്റെ സകല ഭാഗങ്ങളിലുമുള്ള [illegible] വിശ്വാസികൾ അയച്ചുകൊടുത്ത ദാനങ്ങളാൽ ദരിദ്രരും പരിത്യക്തരുമായ തന്റെ മക്കൾക്ക് കാര്യമായ സഹായം നൽകാൻ തിരുമേനിക്കു സാധിച്ചു. ആ സഹായം ഇനിയും ഇടവിടാതെ പ്രവഹിച്ചുകൊണ്ടിരിക്കണമെന്നാണ് തിരുമേനിയുടെ ആഗ്രഹം. അഭയാർത്ഥികളുടെ അടുത്തെത്തി, സ്വഗൃഹങ്ങളിലേക്കു മടങ്ങുന്നതുവരെ അവർക്കുവേണ്ട സഹായം നൽകുവാൻ തനിക്കാഗ്രഹമുണ്ട്. അനാഥരെ ശേഖരിച്ച്, കിടപ്പിടവും ഭക്ഷണവും വേണ്ടത്ര അമ്മയേയും തങ്ങൾക്കു ലഭിക്കണമെന്നു് അവർക്കു് ഉറപ്പുനൽകാൻ അവിടുന്നു ശ്രമിച്ചിട്ടുണ്ട്. കാരാഗൃഹവാസികളേയും രോഗബാധിതരേയും സ്വദേശത്തുനിന്നകന്ന വളരെ ദൂരത്തിൽ ഇനിയും കഴിഞ്ഞുകൂടുന്ന യുദ്ധത്തടവുകാരേയും [illegible] ഇരയായവരേയും സഹായിക്കണമെന്ന് താൻ വളരെ ആഗ്രഹിക്കുന്നു. നിർഭാഗ്യവശാൽ ഈ ആവശ്യങ്ങളുടെ ഗൗരവത്തോടും സംഖ്യയോടും താരതമ്യപ്പെടുത്തുമ്പോൾ അവയുടെ നിവാരണത്തിനുള്ള തന്റെ ശക്തികൾ ഒരേ അവസരത്തിലും കുറവായിരിക്കുന്നുവെന്നുള്ള ബോധമാണ് തനിക്കുള്ളത്. അതു തനിക്കു അത്യന്തം ദുഃഖകരമായിരിക്കുന്നു. തനിയ്ക്കുള്ള തന്റെ ആഗ്രഹമെന്തെന്നാൽ, പാവങ്ങളോടുള്ള സ്നേഹം കൂടുതൽ ശക്തിമത്തും കൂടുതൽ പ്രവർത്തനക്ഷമവുമാകണം; ആ സ്നേഹം സഹായങ്ങളുടെ ഒരു പ്രവാഹമായി ഇളകിവരണം; ആ പ്രവാഹം വിപുലമായ [illegible] ഒരു വൃദ്ധനോ, ഒരിടത്തു ഒരു രോഗിയോ, ദുഃഖിതനായ ഒരു കുഞ്ഞോ, അതിനെ സഹായിക്കാൻ ഒന്നും ചെയ്യാൻ കഴിയാത്തതിനാൽ ആകുലചിത്തയായ ഒരമ്മയോ എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം അതു് ഇരച്ചുകയറി ചെല്ലേണ്ടതാണ്. തിരുമേനി ഇങ്ങനെ പറയുന്നു:

"ഭൂമിയിലെങ്ങുമുള്ള ദരിദ്രരും കഷ്ടപ്പെടുന്നവരുമായ പ്രിയപ്പെട്ട മക്കളേ, വ്യാകുലതയും ഉൽക്കണ്ഠയും നിറഞ്ഞ പിതൃസ്നേഹത്തോടുകൂടി നിങ്ങളോടു് എത്ര അടുത്താണ് നാം ഇരിക്കുന്നതെന്നു് നിങ്ങൾക്കു ബോധമുണ്ടാകുവാൻ നാം ഈശോയോടു പ്രാർത്ഥിക്കുന്നു. നിങ്ങൾ കാരാഗൃഹങ്ങളിലും പാർപ്പിടങ്ങളിലും പ്രവേശിക്കുവാനും, സഹായവും സമാശ്വാസവും, ഭക്ഷണവും വേലയും, പ്രശാന്തതയും സമാധാനവും നിങ്ങൾക്കു നൽകുവാനും കൂടെക്കൂടെ കഴിയണമെന്നും ദൈവത്തിന്റെ [illegible] ലഭിക്കാൻ നമുക്കു ആഗ്രഹമുണ്ടെന്നു് അവർ അറിയണം. ആശുപത്രികളിലെ രോഗശയ്യകളിലും നിങ്ങൾ ക്ഷീണിതരായിരിക്കുമ്പോൾ, രോഗബാധിതരായി എഴുന്നേൽക്കാൻ കഴിയാതെ നിങ്ങൾ കിടക്കുമ്പോൾ, വിശപ്പിന്റെ മൂർച്ചയുള്ള കത്തികൊണ്ടു് നിങ്ങൾ വലയുമ്പോൾ നിങ്ങളുടെ അടുത്തു ഉണ്ടായിരിക്കുവാൻ നമുക്കു് ആഗ്രഹമുണ്ടു്."

ഈ ദുരിതങ്ങൾക്കെല്ലാം നിവാരണമുണ്ടാക്കുവാൻ ഏററവും നല്ല ജീവകാരുണ്യസംഘടനകൾക്കു തനിച്ചു് സാദ്ധ്യമല്ലെന്നു് തിരുമേനി ഉപസംഹാരത്തിൽ പ്രസ്താവിക്കുന്നു. വേറിട്ടുള്ള, സ്വാതന്ത്ര്യത്തോടുകൂടിയ, ഉൽക്കണ്ഠയും ഉല്ലാസവും നിറഞ്ഞ, സഹായം നൽകുന്നവനും സഹായം ലഭിക്കുന്നവനും തമ്മിലുള്ള ദൂരം [illegible]; പാവങ്ങൾ ക്രിസ്തുവിന്റെയും നമ്മുടെയും സഹോദരന്മാരാകയാൽ അവരോടു് അടുത്തു ചെല്ലണമെന്ന ബോധമുള്ള, പ്രകാശനംകൂടി ഉണ്ടായേ

കഴിയും. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ ഇക്കാലത്തു് ഇല്ലെന്നു് തീരുമേനി ചൂണ്ടിക്കാണിക്കുന്നു. സാമൂഹ്യബോധമുള്ള കാലമാണു് ഇന്നത്തേതെന്നു് വിചാരിക്കപ്പെടുന്നുണ്ടെങ്കിലും, തിരുസ്സഭയ്ക്കു പുറമേ രാഷ്ട്രവും മുനിസിപ്പാലിററിയും മററു പബ്ലിക് സംഘടനകളും സമുദായികപ്രശ്നങ്ങളിൽ വളരെയധികം പ്രവർത്തിക്കുന്നുണ്ടെങ്കിലും, പരവശപ്പെട്ടവൻ വാതിൽക്കൽ മുട്ടുമ്പോൾ ജനങ്ങൾ, വിശ്വാസികൾപോലും, ചെയ്യുന്നതു് സോഷ്യൽ ഏജൻസികളുടെ പക്കലേക്കോ കേന്ദ്രങ്ങളിലേക്കോ സംഘടനയിലേക്കോ അവരെ പറഞ്ഞയക്കുകയാണു്. ആ സ്ഥാപനങ്ങളിലേക്കു് നിങ്ങളുടെ ദ്രവ്യത്തിലോ സാധനസമ്പത്തിലോ ഉള്ള ദാനങ്ങളായയച്ചു തങ്ങൾ നൽകുന്ന സംഭാവനകൾ തങ്ങളുടെ വ്യക്തിപരമായ കർത്തവ്യം തങ്ങൾ വേണ്ടുവോളം നിർവ്വഹിച്ചുവെന്നാണു് അവരുടെ വിചാരം. ആ വഴിക്കു് നിങ്ങളുടെ സഹായം പാവപ്പെട്ടവനു ലഭിക്കുന്നുണ്ടെന്നു തീർച്ചതന്നെ. എന്നാൽ പലപ്പോഴും നിങ്ങളുടെ വ്യക്തിപരമായ സഹായത്തേയും, ഒരുപക്ഷേ സമാശ്വാസമുള്ള നിങ്ങളുടെ വാക്കുകളെങ്കിലും, അവർ പ്രതീക്ഷിക്കുന്നുണ്ടു്. പാവങ്ങൾക്കു സഹായം നൽകുവാൻ മനുഷ്യനായി ഇറങ്ങിവന്ന ദൈവത്തിന്റെ പരസ്നേഹത്തോടു് ആനുരൂപ്യമുള്ളതായിരിക്കണം നിങ്ങളുടെ പരസ്നേഹം. സാമൂഹ്യഏജൻസികൾക്കു് അവരുടെ സഹായം വേണ്ടുവോളം വ്യക്തിപരമായ അടിസ്ഥാനത്തിൽ നൽകുവാൻ എല്ലായ്പോഴും സാധിക്കുകയില്ല. തന്നിമിത്തം ജീവകാരുണ്യസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വ്യക്തികളുടെ സ്വമനസ്സാ ഉള്ള സഹായങ്ങളാൽ അവശ്യം പൂരിപ്പിക്കപ്പെടണം. അവസാനമായി തിരുമേനി ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു.

"നിങ്ങളുടെ വ്യക്തിപരമായ സഹകരണം ആഹ്വാനംചെയ്യുന്ന ഈ ചിന്തകൾ നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. ജീവിതത്തിന്റെ നിഷ്ഠുരമായ ഭാരങ്ങൾ വഹിക്കുന്ന പാവങ്ങൾ, സകലവിധ ദുരിതങ്ങളും അനുഭവിക്കുന്നവർ, ഈ സഹോദരങ്ങൾ കാത്തിരിക്കുകയാണു്. 38 വർഷം നിസ്സഹായനായി കുളത്തിന്റെ കരയ്ക്കു കിടന്ന സുവിശേഷത്തിലെ ആ തളർവാതരോഗി "കർത്താവേ, എനിക്കാരുമില്ല എന്നെ എടുത്തു് കുളത്തിൽ ഇറക്കാൻ", എന്നു ദീനതരമായി പറഞ്ഞതുപോലെ, നിങ്ങളെപ്പററി ആരും ഇനി പരിഭവം പറയാനിടവരാതിരിക്കട്ടെ. കഴിവുള്ളേടത്തോളം നിങ്ങൾ ശ്രമിക്കുവിൻ."

എന്റെ സ്നേഹം ഉൾക്കൊള്ളുന്ന പിതാവിന്റെ പാവങ്ങളുടെ നേരെ ജീവിതരീതികളുടെ എല്ലാത്തരം ദയനീയചിത്രം നിങ്ങൾ കണ്ടിരിക്കുന്നു! എല്ലാ കാരുണ്യങ്ങളേയും ... ഏതു പാവപ്പെട്ടവന്റെ ആഹ്വാനം "ഇതാ ഏററവും ചെറിയ ക്രിസ്തുനാഥൻ", അല്ല, "ഏററവും ചെറിയവനായ ക്രിസ്തു" ഈ ആഹ്വാനത്തിനു നേരെ ചെവിപൊത്താതെയും ഏതും അടച്ചും ... ക്രിസ്ത്യാനികൾ വിശേഷവിധിയായി നമ്മെ ചൂഴുന്ന ഈ വലിയ നോമ്പുകാലത്തു പ്രത്യേകിച്ചും പാവങ്ങളുടെ ... നമുക്കു് പാവങ്ങളെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യാം.

# സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | 6—8—0 |
| ഇൻഡ്യക്കു പുറമെ | 8—0—0 |

# അടുത്തയാഴ്ചയിൽ

ഫെബ്രുവരി

22 ഞാ: നോമ്പു് 1-ാം ഞായർ
23 തി: പീററർ ഡാമിയൻ
24 ചൊ: മത്തിയാസ്
25 ബു: തരാസിയൂസ്
26 വ്യാ: അലക്സാണ്ടർ
27 വെ: ഗബ്രിയേൽ
28 ശ: റൊമാനൂസ്

# പ്രസ്താവനകൾ

## ഐസനോവറുടെ തീരുമാനം

### ലോകമഹായുദ്ധത്തിൽ കലാശിക്കുമോ?

ചൈനയെ മരിച്ചിരിക്കുന്ന ചിയാംഗ് കൈഷക്കിന്റെ നാഷണൽ ഗവൺമെന്റും അവിടത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയും തമ്മിൽ നടന്നിരുന്ന ആഭ്യന്തരയുദ്ധത്തിൽ കമ്മ്യൂണിസ്റ്റുകാർ ജയിച്ചു് ആ രാജ്യം പിടിച്ചടക്കുമെന്ന ഘട്ടം വന്നപ്പോൾ നാഷണൽ ഗവൺമെന്റു് ചിയാംഗിന്റെ കീഴിൽ ഫോർമോസയെന്ന വലിയ ദ്വീപിൽ അഭയംപ്രാപിക്കുകയും ചൈനാവൻകരയെ ആക്രമിച്ചു് കൈവശപ്പെടുത്തുവാൻ തക്കംനോക്കിയിരിക്കുകയുമായിരുന്നു. അതോടൊന്നിച്ചു ഫോർമോസയുംകൂടി പിടിച്ചു ചിയാംഗിനേയും കക്ഷിയേയും പരിപൂർണ്ണമായി തോല്പിക്കുവാൻ കമ്മ്യൂണിസ്റ്റുചൈനയുടെ ഗവൺമെന്റു് തക്കം നോക്കി നിൽക്കുകയായിരുന്നു. ചൈനാവൻകരയുടെ കിഴക്കായും ജപ്പാന്റെ തെക്കായും കിടക്കുന്ന, ഏകദേശം തിരുവിതാംകൂറിന്റെ ഇരട്ടി വിസ്തീർണ്ണമുള്ള ഫോർമോസ ജപ്പാൻസാമ്രാജ്യത്തിന്റെ ഒരു വിഭാഗമായിട്ടാണിരുന്നിരുന്നതു്. ചൈന-ജപ്പാൻ യുദ്ധത്തിന്റെ ഫലമായി 1895 ൽ അതു ജപ്പാന്റെ കൈവശം വന്നു. 2-ാം ലോകമഹായുദ്ധത്തിൽ ജപ്പാൻ തോററതോടുകൂടി അതു വീണ്ടും ചൈനയ്ക്കു ലഭിച്ചു. ചൈനീസ് വൻകരയിലുള്ള കമ്മ്യൂണിസ്റ്റ് ഗവൺമെന്റും ഫോർമോസയിൽ സ്വതന്ത്രമായിരിക്കുന്ന ചിയാംഗ് ഗവൺമെന്റും പരസ്പരം ആക്രമിക്കുവാൻ തക്കംനോക്കിയിരിക്കുമ്പോഴാണു് കൊറിയയുദ്ധം പൊട്ടിപ്പുറപ്പെട്ടതു്. റഷ്യയുടെ അധീനതയിലിരിക്കുന്ന, കമ്മ്യൂണിസ്റ്റുഭരണത്തിലുള്ള, വടക്കേ കൊറിയ ഐക്യരാഷ്ട്രശക്തികളുടെ കരവലയത്തിലായിരുന്ന തെക്കേ കൊറിയയെ പെട്ടെന്നു് ആക്രമിച്ചു. അതോടെ അന്യായമായ ആക്രമണം നടത്തുന്ന വടക്കേ കൊറിയ പിൻവലിയണമെന്നും ഐക്യരാഷ്ട്രസംഘടനയിലെ ഇൻഡ്യ ഉൾപ്പെടെയുള്ള ബഹുഭൂരിപക്ഷം രാഷ്ട്രങ്ങളും നിശ്ചയം പാസാക്കി. വടക്കേകൊറിയ അതിനു വഴിപ്പെടാത്തതിനാൽ ഐക്യരാഷ്ട്രസംഘടനയുടെ തീരുമാനമനുസരിച്ചു് അമേരിക്കയും മററുചില രാജ്യങ്ങളും സഹകരിച്ചു വടക്കേ കൊറിയയ്ക്കെതിരായി യുദ്ധം ഇടങ്ങി. അതിൽ പ്രധാനപങ്കു് വഹിച്ചുപോരുന്നതു അമേരിക്കയാണു്. കൊറിയയുദ്ധം അവിടെ തുടങ്ങി നില്ക്കുവാൻവേണ്ടി, തെക്കേ കൊറിയയ്ക്കു പിൻതുണ നൽകുന്നവേണ്ടി, ഫോർമോസയും ചൈനയും പരസ്പരം ആക്രമിക്കാതിരിക്കുവാൻ വേണ്ടി, അവ തമ്മിലിടയ്ക്കു് അമേരിക്കയുടെ 7-ാം നാവികപ്പട കാവലിരുപ്പിച്ചു. എന്നാൽ ഇപ്പോൾ പുതിയ അമേരിക്കൻ പ്രസിഡണ്ടായ ഐസനോവർ നാവികപ്പടയെ ആ സ്ഥാനത്തുനിന്നും ആ ഉദ്യമത്തിൽനിന്നും പിന്മാറുവാൻ ഉത്തരവു കൊടുത്തു. ഇതു് യുദ്ധത്തിന്റെ ഫലമായി, വടക്കേ കൊറിയയെ യുദ്ധത്തിൽ വളരെയധികം സഹായിച്ചുകൊണ്ടിരിക്കുന്ന കമ്മ്യൂണിസ്റ്റു ചൈന അതിൽനിന്നു പിന്മാറുമെന്നും, അങ്ങനെ കൊറിയായുദ്ധം വേഗം അവസാനിക്കുമെന്നാണു് ഐസനോവറുടെ പ്രതീക്ഷ. മാത്രമല്ല, ഐക്യരാഷ്ട്രസമിതികളായ, അതിനെ സംരക്ഷിക്കുന്ന യുദ്ധത്തിൽ പ്രധാനപങ്കു വഹിക്കുന്ന അമേരിക്കക്കെതിരായി, ആക്രമികളായ വടക്കേ കൊറിയക്കാരെ സഹായിക്കുന്ന കമ്മ്യൂണിസ്റ്റു ചൈനയെ ഫോർമോസയിലെ ചിയാംഗ് ഗവൺമെന്റിന്റെ ആക്രമണത്തിൽനിന്നു് തടയുവാൻ 7-ാം നാവികപ്പടയെ നിലനിർത്തിക്കൊണ്ടുപോകുന്നതു ന്യായമല്ലെന്നും ഐസനോവർ ചിന്തിക്കുന്നു. നാവികപ്പടയുടെ പിന്മാറേറത്തോടുകൂടി ചിയാംഗ് തന്റെ ചൈനാവൻകരയെ ആക്രമിക്കാൻ തയ്യാറെടുക്കുമെന്നു് വാർത്തകളുണ്ടു്. ചൈനാവൻകരയ്ക്കു് അടുത്തുള്ള ആമോയ് എന്ന ചെറിയ ദ്വീപിൽ ചിയാംഗിന്റെ സൈന്യം ഇറങ്ങിയെന്നും, ചൈനാ വൻകരയിൽ നേരിട്ടു ഇറങ്ങുന്നതിനുള്ള ചിയാംഗിന്റെ ഒരുക്കങ്ങൾ പൂർത്തിയായിട്ടില്ലെന്നും വാർത്തകളുണ്ടു്. അമേരിക്കയുടെ ഈ പുതിയ സമീപനം കൊറിയയുദ്ധം പരക്കെ വ്യാപിക്കുന്നതിനും, മൂന്നാം ലോകമഹായുദ്ധത്തിനു തന്നെ കാരണമായിത്തീരുമെന്നും ചിലർ ഭയപ്പെടുന്നു. ചൈനാ വൻകരയെ ബ്ലോക്കേയ്ഡ് ചെയ്യുവാൻ അമേരിക്ക തീരുമാനിക്കുമെന്ന ആശങ്കയും തീവ്രമായി വർദ്ധിച്ചിരിക്കുന്നുണ്ടു്. ഇനി ഒരു മഹായുദ്ധമുണ്ടായാൽ ആററംബോംബുകളുടെ പ്രയോഗം നിമിത്തം ലോകം ശ്മശാനമാകുകയും മനുഷ്യവർഗ്ഗം നശിക്കുകയും ചെയ്യും. ആകയാൽ യുദ്ധം ഒഴിവാക്കി എല്ലാ രാഷ്ട്രങ്ങൾക്കും സുരക്ഷിതമായി ജീവിക്കാനുള്ള സമാധാനം ഉണ്ടാകുവാൻ വേണ്ടി രാഷ്ട്രങ്ങളുടെ നേതാക്കന്മാർ ശ്രമിക്കേണ്ടതാണു്. സത്യദൈവത്തിന്റെ ആശീർവാദത്താൽ മാത്രമേ അതു സാധിക്കുകയുള്ളു. ഏററവും വിശ്വാസ്യമായ ഈ ഉദ്ബോധനം രാഷ്ട്രങ്ങൾ സ്വീകരിച്ചിരുന്നെങ്കിൽ! സ്വീകരിക്കുവാനുള്ള സൽബുദ്ധി ഉണ്ടാകട്ടെയെന്നു നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം.

## കമ്മ്യൂണിസ്റ്റുകാർക്കു

### വോട്ടുകൊടുക്കരുതെന്നു് ഹിന്ദുക്കളോടു്

### ആനന്ദമഠത്തിലെ സ്വാമികൾ

ദൈവവിശ്വാസത്തിനും മതത്തിനും പ്രധാന്യം കല്പിക്കുന്നവർ ആരും, ക്രിസ്ത്യാനികൾ മാത്രമല്ല, മററു മതവിശ്വാസികളും മതവിരോധികളായ കമ്മ്യൂണിസ്റ്റുകാർക്കു് തിരഞ്ഞെടുപ്പുകളിൽ വോട്ടുകൊടുക്കരുതെന്നുള്ള തത്വം സ്വീകരിക്കുകയും പ്രയോഗിക്കുകയും ചെയ്യേണ്ടതാണെന്നു് ന്യായമായ ഈ പംക്തികളിൽ പലപ്പോഴും ഞങ്ങൾ ഉദ്ബോധിപ്പിച്ചിട്ടുണ്ടല്ലോ. ആ കർത്തവ്യം മതനേതാക്കന്മാർ അവരുടെ അനുയായികളെ മനസ്സിലാക്കിക്കൊടുക്കണമെന്നു് ഞങ്ങൾ ആഗ്രഹിക്കുകയും ചെയ്തിട്ടുണ്ടു്. ആകയാൽ ആനന്ദമഠത്തിലെ സ്വാമികൾ ഇതുസംബന്ധിച്ചു് ഹിന്ദുക്കൾക്കു് പരസ്യമായ പ്രസംഗങ്ങളിൽ ഉദ്ബോധനം നൽകിയിരിക്കുന്നതു് ഏററവും സന്തോഷകരമാകുന്നു.

"മഹാത്മാഗാന്ധി പറയുന്ന, മതമില്ലാത്ത രാജ്യതന്ത്രം ആത്മാവിനെ കൊല്ലുന്ന മരണക്കുരുക്കാണു്" എന്നു്. നിങ്ങൾ വോട്ടുചെയ്യുമ്പോൾ ഇതു ഓർമ്മിക്കണം. ഞാൻ രാഷ്ട്രീയക്കക്ഷികളിലൊന്നും പെട്ടവനല്ല. എങ്കിലും ഞാൻ പറയുന്നു, എല്ലാ കക്ഷിയിൽപെട്ട ആളുകളും നിങ്ങളെ വോട്ടിനു സമീപിക്കുമ്പോൾ നിങ്ങൾ അവരോടു ചോദിക്കണം: നിങ്ങൾ ഈശ്വരനിൽ വിശ്വസിക്കുന്നുണ്ടോ? നിങ്ങളുടെ പെട്ടികൾ വീട്ടിൽ ദൈവാരാധന നടക്കുന്നുണ്ടോ? നാമം ജപിക്കാറുണ്ടോ? നിങ്ങൾ ഈശ്വരവിചാരം ചെയ്യാറുണ്ടോ? നിങ്ങൾ ദേവാലയങ്ങളിൽ ആരാധന ചെയ്യാറുണ്ടോ? നിങ്ങൾ താങ്കളെ ഏകാഗ്രമായി കണ്ടു് അർത്ഥിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാറുണ്ടോ? ഉണ്ടെന്നു പറയുകയാണെങ്കിൽ മാത്രം നിങ്ങൾ അവർക്കു് വോട്ടുകൊടുക്കുവിൻ. ഇതു മഹിന്ദുമതനേ സംബന്ധിച്ചു പറയുകയാണു്. നിങ്ങളുടെ വോട്ടുവാങ്ങി എം. എൽ. എ. മാരാകുന്ന ഹിന്ദുക്കൾ ദേവസ്വം ബോർഡു് തിരഞ്ഞെടുക്കേണ്ടതു്. നാസ്തികന്മാർ നിയമസഭയിൽ വന്നാൽ അവർ നിരീശ്വരവാദം ദേവസ്വം ബോർഡിലേക്കു് നീട്ടുമെന്നതു് ഫലമെന്താകും? ഈശ്വരവിശ്വാസമില്ലാത്ത അവർ ദേവസ്വം ബോർഡിൽ ഭരണമേററാൽ ദേവാലയങ്ങൾ എന്തിനാണു നിലനിർത്തുന്നതു്? പൂജ്യരുടെ കൈയിൽ എപ്പോഴും വിളക്കുതാൻ കൊടുത്താലുള്ള അവസ്ഥയല്ലേ ഉണ്ടാവുക."

നിയമസഭയിലുള്ള വോട്ടിന്റെ കാര്യത്തിൽ സ്വാമികൾ പറയുന്ന ഈ ന്യായം പഞ്ചായത്തുതിരഞ്ഞെടുപ്പിലെ വോട്ടിന്റെ കാര്യത്തിലും ഇതുപോലെ ബാധകമാണു്. ആകയാൽ അടുത്തുവരുന്ന പഞ്ചായത്തു തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റുകാർക്കു് വോട്ടുചെയ്യാതിരിക്കുവാൻ ഹിന്ദുസമുദായം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ഇതു് മനുഷ്യനെ സാധിക്കുമെങ്കിൽ! പൂയപ്പള്ളിയിലെ ഫെബ്രുവരി 30-ാം-ാം തീയതി പ്രസംഗത്തിൽ വന്നാണു് ആനന്ദമഠസ്വാമികൾ ഈ പ്രസംഗം പ്രസ്താവിച്ചതു്.

## യഥാർത്ഥമായ മതേതരരാഷ്ട്രം—

### പ്രധാനമന്ത്രി നെഹ്റുവിന്റെ അഭിപ്രായം

ഹിന്ദുമതപ്രചാരകനായ ആനന്ദമഠസ്വാമികളുടെ സ്വാഭിമതമായ ഈ അഭിപ്രായമാണു് പരാമർശകമായി ഉട്ടിയിട്ടും ശ്രീ സാമ്പൂർണ്ണാനന്ദൻ പ്രകാശിപ്പിച്ചിട്ടുള്ളതു്. ഇദ്ദേഹം ഉത്തരപ്രദേശ് സംസ്ഥാനത്തെ വിദ്യാഭ്യാസമന്ത്രിയാണു്; "ഇന്ത്യൻ കമ്മീറിൽ പ്രസിദ്ധീകരിച്ച എന്ന സംസ്കൃതിക സംഘടനയുടെ എക്സിക്യൂട്ടീവ് കമ്മിററിയുടെ ഒരു മെമ്പറുമാണു് "ഹിന്ദുസ്ഥാൻ ടൈംസ്" എന്ന പത്രത്തിന്റെ ഹോൺഗ്ഗ്രന്ഥ സപ്ലിമെന്റിൽ ഇദ്ദേഹം ഇങ്ങനെ എഴുതിയിരിക്കുന്നു:—

"നമ്മുടെ ഭരണഘടന മാർഗ്ഗങ്ങളിലൂടെ ഒരു സർക്കാരുണ്ടു്. ആ മണ്ഡലങ്ങൾ കൊണ്ടു് മാഹാത്മ്യമേറിയ ലൗകികമായിരിക്കുന്ന ചട്ടം അതിലില്ല. മതേതരസ്വഭാവമില്ലാത്ത ഒരു ലക്ഷ്യം ആ ഭരണഘടനയ്ക്കുണ്ടു്. കുറേ പ്രിയരാഷ്ട്രീയതത്വങ്ങളും അതിലുണ്ടു്. അതിന്റേതു് ദുർബ്ബലമായ അനേകം ദേശങ്ങൾ കൂടുതൽ അഭിസ്സംഗ്യമുണ്ടെന്നേയുള്ളൂ. എന്നാൽ നമുക്കു് നമ്മുടെ ജീവിതത്തിന്റെ ദിശയ്ക്കു ഒരു ദേശം കൊടുക്കാനില്ല. ജീവിതം എന്തെന്നോ, എവിടേക്കാണു നയിക്കേണ്ടതെന്നോ നിശ്ചയമായ ഒരു ബോധവും നമുക്കില്ല. സാധനങ്ങളെന്നു് അതിനു വേണ്ടതു കൊണ്ടു മതിയാവില്ല. കുറേയേറെ ഈ പാഠം ഉപയോഗിക്കുമ്പോൾ അതിന്റെ സമ്പ്രദായം ഉണ്ടെങ്കിലും മുഴുവനും ശേഖരിക്കുന്നതിനു് നാം ശ്രമിക്കണം. ഉദാഹരണമായി, ദാരിദ്ര്യം തുടങ്ങിയ പല ക്ലേശങ്ങൾ നിരീശ്വരത്വമാണു്; നമ്മിൽ പലർക്കുമുള്ള, സ്വന്തം ഫലപ്പൂർത്തിയിലുള്ള ദാഹത്തെ ആ ചിന്ത കണ്ടുപിടിച്ചിട്ടുണ്ടു്. ഏററവും വലിയ നന്മ എന്നതു് അന്യാത്മാക്കൾക്കു സ്വന്തസ്സിൽ ആശ്വസിപ്പിക്കാൻ ആണു് ഉത്തമമെന്നുള്ള ഭാവം........ നാം നമ്മെ തന്നെ പാപങ്ങളിൽനിന്നു് കെട്ടിപ്പിണച്ചുവെച്ചിരിക്കുകയാണു്. അദ്ദേഹം കളപ്പോലെ അവ നമ്മെ ബന്ധിച്ചിരിക്കുന്നു. ഈ വിഷയത്തിൽ ഏററവും നിസ്സംഗമായുള്ള "മതേതരം" (Secular) എന്ന പദമാണു്. ആ പദം ഉപയോഗിച്ചു് അതിന്റെ വിപരീതശക്തി മനസ്സിലാക്കേണ്ടതുണ്ടു്. യാതൊരു പ്രത്യേക മതത്തിനും അനുകൂലമല്ലാത്ത യാതൊരു പ്രത്യേക ആനുകൂല്യവും കാണിക്കാത്തതായ നിലപാടാണതു്, ഏതെങ്കിലും ഒരു മതത്തിനു പ്രീതിയുണ്ടാക്കുന്ന വിദ്യാഭ്യാസത്തിൽ ബാധ്യതകളെ ചുമത്തുന്ന മതനിരപേക്ഷതയും വിശ്വാസങ്ങളും മതാനുഷ്ഠാനങ്ങളും ചോദ്യം ചെയ്യപ്പെടുന്നതല്ല. രാഷ്ട്രത്തിന്റെ നിശ്ചയം എന്ന അർത്ഥത്തിൽ അതു വളരെ നല്ല പദമാണു്. എന്നാൽ ആ അർത്ഥത്തിൽ അതു ഭിന്നമതങ്ങളിൽ നിന്നുമൊഴിഞ്ഞു് നിൽക്കണം. "ഒരു രാഷ്ട്രത്തിന്റെ, അതിലെ ഗവൺമെന്റു് മതനിരപേക്ഷമായിരിക്കുന്നതിനോടുകൂടി ഒരു ദേശത്തിനും ഉത്തമമായിരിക്കാൻ കഴിയും...... ഇന്നത്തെ സകല സംസ്കാരികളുടെയും വേദ ഗ്രന്ഥങ്ങളുടെ വ്യക്തികളുടെ ജീവിതങ്ങളിലെ അവരുടെ ഉന്നതമായ ഉൽകൃഷ്ടമായ ജീവിതവൃത്തി ചെയ്യേണ്ട ലോകത്തിലെ ഒരു സ്ഥാനം ഹിന്ദുമത അഭിവൃദ്ധിയാണു്. കേവലം മതേതരമായ ശക്തികൾ, ലക്ഷ്യം, വസ്ത്രം, പാർപ്പിടം, ആരോഗ്യം, സുഖം, ഭോഗം ഇതുപോലെയുള്ള ഉൽകൃഷ്ടമായ ലക്ഷ്യങ്ങളാണു് ലോകത്തെക്കാൾ രാഷ്ട്രങ്ങളെങ്കിൽ, ആ രാഷ്ട്രത്തിന്റെ ആരോഗ്യത്തിലും സമ്പത്തിലും ഉത്സാഹവും ഉത്തേജനവും മതാഭ്യാസിൽ അടിയുറയ്ക്കാൻ സാധിക്കുകയില്ല. നമ്മുടെ ജനങ്ങളുടെ മുമ്പിൽ നാം വെച്ചുകൊടുക്കേണ്ട പുതിയ ലോകത്തിന്റെ വീക്ഷണം ശരിയായ മത്ത ഉദാരമായ പരിണാമത്തിലധിഷ്ഠിതമായിരിക്കണം."

പ്പെട്ടവരുമായിരിക്കണം. അതിൽ മക്കതിരം സ്വയപരിത്യാഗത്തിനും സന്നദ്ധരായിരിക്കണം. നമ്മുടെ വിപ്ലവാദർശസമ്പ്രദായം ഇങ്ങനെയുള്ള വിശ്വാസത്തിൽ അടിയുറപ്പിച്ചിട്ടുള്ളതല്ലെന്നു സ്പഷ്ടമാണ്. മതത്തോട് ഒരുതരബന്ധവുമില്ലാത്ത വിഷയങ്ങളെ നാം പഠിപ്പിക്കുകയുള്ളൂ. വിപ്ലവങ്ങളെക്കൾ വിപ്ലവങ്ങളെല്ലാം സമത്വവിശ്വാസത്തിനായി മുറവിളി കൂട്ടുന്നു. എന്നാൽ വിവേകമുള്ള സകല മനുഷ്യർക്കുമറിയാം, സമത്വവിശ്വാസം ഫലപ്രദമാകണമെങ്കിൽ അതിനു അടിസ്ഥാനമുണ്ടായിരിക്കണമെന്ന്. അടിസ്ഥാനമായിരിക്കുവാൻ മതത്തിനോ അതിന്റെ സ്ഥാനം വഹിക്കുന്ന ഒരു സംഘടനയ്ക്കോ മാത്രമേ കഴിയുകയുള്ളൂ. ആ അടിസ്ഥാനം ഉറപ്പിക്കുന്നതിലാണ് നമ്മുടെ നേതാക്കന്മാർക്കുള്ള കർത്തവ്യം കിടക്കുന്നത്."

മതത്തെയും അതിനെ ആധാരമാക്കിയുള്ള സന്മാർഗ്ഗത്തെയും ജനഹൃദയങ്ങളിൽനിന്ന് വേരോടെ പിഴുതുകളയുക മുഖ്യലക്ഷ്യമായി സ്വീകരിച്ചിരിക്കുന്ന കമ്മ്യൂണിസ്റ്റുകാർക്ക് വോട്ടുകൊടുക്കുന്നവർ ഈ രാജ്യത്തെ നാശത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുന്നതെന്നല്ലയോ ഈ മഹാപ്രവാചകന്റെ വാക്കുകളുടെ അർത്ഥം?

## കമ്മ്യൂ: പാർട്ടിക്ക് പാശ്ചാത്യരാജ്യങ്ങളിൽ ഇടിവു തട്ടിക്കൊണ്ടിരിക്കുന്നു

സോവ്യററുരാഷ്ട്രത്തിന്റെ ദേശീയവാദിത്വവും സമാധാനമകവും വഞ്ചനാപരവുമായ നയങ്ങളും പ്രവർത്തനങ്ങളും കൂടുതൽ കൂടുതൽ മനസ്സിലാക്കിക്കൊണ്ടിരിക്കുന്നതിനാൽ, അതിന്റെ ഏജൻറന്മാരായിരിക്കുന്ന കമ്മ്യൂ: പാർട്ടികളോട് പല പാശ്ചാത്യരാജ്യങ്ങളിലെയും ജനങ്ങൾക്ക് കൂടുതൽ കൂടുതൽ വെറുപ്പുണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി അവിടങ്ങളിലെ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ശക്തിക്ക് ഇടിവു തട്ടിക്കൊണ്ടിരിക്കുന്നു. ബ്രിട്ടനിലെ കമ്മ്യൂ: പാർട്ടിക്ക് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഒരു സീററുപോലും കിട്ടിയില്ലല്ലോ. 1946-നും 52-നും ഇടയ്ക്ക് നോർവേയിൽ കമ്മ്യൂ: വോട്ട് 10.5 ശതമാനത്തിൽനിന്ന് 6.4 ആയിക്കുറഞ്ഞു; സ്വീഡനിൽ 6.3-ൽനിന്ന് 4.6 ആയി; ഡൻമാർക്കിൽ 6.9-ൽനിന്ന് 4.7 ആയി; ബൽജിയത്തിൽ 12.8-ൽനിന്ന് 4.5 ആയി; ഹോളണ്ടിൽ 7.7-ൽനിന്ന് 6.2 ആയി. ഫ്രാൻസിലെ അംഗസംഖ്യ 7 ലക്ഷമായി ഇടങ്ങുന്നു പാർട്ടിയോടുള്ള മമതക്കുറവുകൊണ്ടല്ല, മററു പ്രാദേശികകാരണങ്ങളാലുമാണ്. 601,000 പ്രതികൾ 1946-ൽ ചെലവായിരുന്ന അവിടത്തെ പ്രധാന കമ്മ്യൂണിസ്റ്റു പത്രം കഴിഞ്ഞ ആഗസ്റ്റിൽ 174 000 പ്രതികളായി അടിച്ചു. കഴിഞ്ഞമാസത്തെ രാഷ്ട്രീയകൂട്ടുകെട്ടുനിമിത്തം ഇററലിയിലെ കമ്മ്യൂണിസ്റ്റുകാർ അവരുടെ നില പരിരക്ഷിച്ചിട്ടുണ്ടെന്നു തോന്നുന്നു. കമ്മ്യൂണിസ്റ്റ് പാശ്ചാത്യരാജ്യങ്ങളിലുള്ള ശക്തിക്കുറവിനു "ന്യൂസ് ക്രോണിക്കിൾ" എന്ന പത്രം നൽകുന്ന ഈ കാരണങ്ങൾ ശരിയായിരിക്കുവാനേ തരമുള്ളൂ. കമ്മ്യൂണിസ്റ്റു മേധാവികളുടെ പിടിയിൽപ്പെട്ട യൂറോപ്യൻ രാജ്യങ്ങളിൽ പോലീസിന്റെയും പട്ടാളത്തിന്റെയും നിന്ദ്യമായവകുപ്പുകളുടേയും ഭീകരനടപടികളാണ് കമ്മ്യൂണിസ്റ്റു പാർട്ടികളെ താങ്ങിക്കൊണ്ടിരിക്കുന്നത്. എന്നിട്ടും അവിടങ്ങളിൽ കമ്മ്യൂണിസത്തോട് ശക്തിയായ എതിർപ്പുകൾ നടക്കുന്നുണ്ട്. ആ ഗവർമ്മെൻറുകൾ പലതും ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന "ശുചീകരണനടപടികൾ"—മന്ത്രിമാരെയും ഉന്നതസ്ഥാനം വഹിക്കുന്ന മററുദ്യോഗസ്ഥന്മാരെയും രാജ്യദ്രോഹക്കുററം ആരോപിച്ച്, കേസുവിചാരണകളിൽ കുററം സമ്മതിപ്പിച്ച്, തൂക്കിലിട്ടും ജീവപര്യന്തം തടവുനൽകിയും ശിക്ഷിച്ചുകൊണ്ടിരിക്കുന്ന നടപടികൾ—ഈ വസ്തുതയ്ക്ക് സാക്ഷ്യം വഹിക്കുന്നതല്ലേ. പാശ്ചാത്യരാജ്യങ്ങളിൽ പിടി അയഞ്ഞുകൊണ്ടിരിക്കുന്ന സാർവ്വദേശീയകമ്മ്യൂണിസ്റ്റു സംഘടന പൗരസ്ത്യരാജ്യങ്ങളിൽ പിടി ഉറപ്പിക്കുവാനാണ് ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ വസ്തുതകൾ ഇന്നാട്ടിലെ സാമാന്യജനങ്ങളും തൊഴിലാളികളും മററും അറിഞ്ഞിരുന്നെങ്കിൽ!

— —

## കാവുകാട്ടുതിരുമേനി തിരിച്ചെത്തി

റോമിലേക്ക് പോയിരുന്ന ചങ്ങനാശേരി മെത്രാൻ ഡോക്ടർ കാവുകാട്ടുതിരുമേനി ഫെബ്രുവരി 11-ാംനു- എറണാകുളത്തു തിരിച്ചെത്തുകയും 12-ാംനു- ചങ്ങനാശേരിയിലേക്കെഴുന്നള്ളുകയും ചെയ്തിരിക്കുന്നു.

## പുതിയ മെത്രാന്മാർ

മദ്രാസ് അതിരൂപതയിൽനിന്നു തഞ്ചാവൂരും വെല്ലൂരും വേർപെടുത്തി അവയെ ഓരോ പുതിയ രൂപതകളായി അടുത്തകാലത്തു ഉയർത്തുകയുണ്ടായല്ലോ. ഇപ്പോൾ തിരുസിംഹാസനത്തിൽനിന്നും, മോററ് റവ. മോൺ. പോൾ മരിയ സെൽവം എസ്. ഡി. ബി. തിരുമേനിയെ വെല്ലൂർ മെത്രാനായും, മോററ് റവ. മോൺ. ആരോഗ്യസ്വാമി സുന്ദരം തിരുമേനിയെ തഞ്ചാവൂർ മെത്രാനായും നിയമിച്ചിരിക്കുന്നു.

## തിരുകൊച്ചിവാർത്തകൾ

### മുനിസിപ്പൽ തിരഞ്ഞെടുപ്പ്

തിരു-കൊച്ചി മുനിസിപ്പൽ തിരഞ്ഞെടുപ്പിന്റെ ഇടനുള്ള ഫലങ്ങൾ താഴെ ചേർക്കുന്നു:

കുഴിത്തുറ

| | |
|---|---|
| തമിഴ്നാട്ടു കോൺഗ്രസ് | 9 |
| പൊതുമുന്നണി | 5 |
| പ്രജാസോഷ്യലിസ്റ്റ് | 1 |
| സ്വതന്ത്രൻ | 1 |

തക്കല

| | |
|---|---|
| സ്വതന്ത്രർ | 12 |
| തമിഴ്നാട്ടു കോൺഗ്രസ് | 4 |

ആററിങ്ങൽ

| | |
|---|---|
| ജനാധിപത്യമുന്നണി | 7 |
| കോൺഗ്രസ് | 4 |
| പ്രജാസോഷ്യലിസ്റ്റ് | 4 |
| സ്വതന്ത്രൻ | 1 |

നെയ്യാററിൻകര

| | |
|---|---|
| സ്വതന്ത്രർ | 12 |
| പ്രജാസോഷ്യലിസ്റ്റ് | 3 |
| പൊതുമുന്നണി | 1 |

### നെല്ലുവില്പനയ്ക്കു ലൈസൻസ്

പൂഴ്ത്തിവയ്പും വിലക്കയററവും തടയുന്നതിനും അധികമുള്ള നെല്ല് സ്വതന്ത്രവിപണിയിൽ കൊണ്ടുവരുന്നതിനും വേണ്ടി, സ്വകാര്യ ഏജൻസികൾ ലൈസൻസുമൂലമേ നെല്ലുവ്യാപാരം നടത്താവൂ എന്ന് ഗവർമ്മെൻറ് അനുമതി നൽകിയിരിക്കുന്നു. ഇതിലേക്ക് വേണ്ട ലൈസൻസിനുള്ള ഫീസ് 100 ക. ആയിരിക്കും. ലൈസൻസുകൾ നൽകുന്നതിനും, ആവശ്യമുള്ള തടഞ്ഞുവയ്ക്കുന്നതിനും സിവിൽ സപ്ലൈസ് കമ്മീഷണർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ഉൽപാദകരെ ലൈസൻസ് വ്യവസ്ഥയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. 15 പറ നെല്ലിൽക്കൂടുതൽ സ്റ്റോക്കുചെയ്യുവാനും വില്പന നടത്തുവാനും ലൈസൻസ് ആവശ്യമാണ്.

### ചെങ്ങന്നൂർ ഉപതിരഞ്ഞെടുപ്പ്

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽനിന്നും ജനറൽ സീററിലേക്കും റിസർവേഷൻ സീററിലേക്കുമുള്ള ഉപതിരഞ്ഞെടുപ്പ് ഫെബ്രുവരി 10-ാം തിയതി നടന്നിരിക്കുന്നു.

## ഇൻഡ്യാവാർത്തകൾ

### പ്രതിരോധവകുപ്പുമന്ത്രി നിര്യാതനായി

ഇൻഡ്യൻ ഡിഫൻസ് മിനിസ്റ്റർ ശ്രീ എൻ. ഗോപാലസ്വാമി അയ്യങ്കാർ ഫെബ്രുവരി 10-ാംനു- പ്രഭാതത്തിൽ മദ്രാസ് ജനറൽ ഹോസ്പിററലിൽവച്ച് നിര്യാതനായിരിക്കുന്നു. കാഷ്മീർ മിനിസ്റ്റർ ആയിരുന്നിട്ടുള്ള ഇദ്ദേഹം കഴിഞ്ഞ ആറുവർഷമായി കേന്ദ്രമന്ത്രിസഭയിലെ ഒരംഗമെന്ന നിലയിൽ സേവനമനുഷ്ഠിച്ചുവരികയായിരുന്നു.

### പാർലമെൻറു സമ്മേളനം

കേന്ദ്രപാർലമെൻറിന്റെ ബജററു സമ്മേളനം ഫെബ്രുവരി 11-ാംനു- പ്രസിഡണ്ട് രാജേന്ദ്രപ്രസാദ് ഉൽഘാടനം ചെയ്തിരിക്കുന്നു. ഉൽഘാടനപ്രസംഗത്തിൽ ഇൻഡ്യയിലെ ഭക്ഷ്യനില ആശാവഹമായ ഒരു നിലയിലെത്തിയിട്ടുണ്ടെന്നും, കേന്ദ്രഫിനാൻസ് കമ്മീഷൻ സമർപ്പിച്ചിരിക്കുന്ന ശുപാർശകൾ നടപ്പിലാക്കുവാനുള്ള നടപടികൾ ഉടൻ ആരംഭിക്കുന്നതാണെന്നും, ആന്ധ്രാപ്രവിശ്യാരൂപീകരണത്തിന് ഇനി താമസം വരുത്തുന്നതല്ലെന്നും, ഇന്ത്യയിലെ എല്ലാ വിമാനസർവ്വീസുകളും സ്റ്റേററിന്റെ അധീനത്തിലാക്കുവാൻ ഗവർമ്മെൻറ് തീരുമാനിച്ചിരിക്കുകയാണെന്നും ഡോക്ടർ പ്രസാദ് പ്രസ്താവിക്കുകയുണ്ടായി.

### കോൺഗ്രസ് വർക്കിംഗ് കമ്മിററി

ഇൻഡ്യൻ നാഷനൽ കോൺഗ്രസ് വർക്കിംഗ് കമ്മിററിയിലെ അംഗങ്ങളുടെ പേരുകൾ പ്രഖ്യാപനം ചെയ്യപ്പെട്ടിരിക്കുന്നു. മദ്രാസ് മുഖ്യമന്ത്രി ശ്രീ രാജഗോപാലാചാരി, പശ്ചിമബംഗാൾ മുഖ്യമന്ത്രി ഡോ. ബി. സി. റോയ്, ശ്രീ ജഗജീവൻ റാം, ബോംബെ പി. സി. സി. പ്രസിഡണ്ട് ശ്രീമതി എ. വി. കുട്ടിമാളു അമ്മ, തിരുകൊച്ചി പി. സി. സി. പ്രസിഡണ്ട് ശ്രീ കെ. പി. മാധവൻനായർ മുതലായി ഏഴു പുതിയ അംഗങ്ങളെ കമ്മിററിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വർക്കിംഗ് കമ്മിററിയിൽ ആകെ 21 അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതിൽ 19 അംഗങ്ങളുടെ പേരുകൾമാത്രമേ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളൂ.

### ജപ്പാൻ നെൽകൃഷി സമ്പ്രദായം

2,25,000 ഇൻഡ്യൻ ഗ്രാമങ്ങളിൽ മാർച്ച് 15-ാംനു- ജപ്പാൻ സമ്പ്രദായത്തിലുള്ള നെൽകൃഷിപദ്ധതി നടപ്പിൽവരുത്തുവാൻ കേന്ദ്രഗവർമ്മെൻറു തീരുമാനിച്ചിരിക്കുന്നതായി കേന്ദ്രകൃഷിമന്ത്രി പ്രഖ്യാപിച്ചിരിക്കുന്നു. ഈ സമ്പ്രദായമനുസരിച്ച് കൃഷിചെയ്ത തോട്ടങ്ങളിൽ ഒരേക്കർസ്ഥലത്തുനിന്ന് 12,000 റാത്തൽ നെല്ല് (അതായത് ഒരു പറ നിലത്തിൽനിന്ന് ഉദ്ദേശം 100 പറ) ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടെന്നു പറയപ്പെടുന്നു.

### ആന്ധ്രാ സംസ്ഥാനം

ആന്ധ്രാസംസ്ഥാന രൂപീകരണം സംബന്ധിച്ച് അന്വേഷണം നടത്തുവാൻ കേന്ദ്രഗവർമ്മെൻറു നിയോഗിച്ചിരുന്ന ജസ്റ്റിസ് വാഞ്ചു അതിന്റെ നിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ട് ഗവർമ്മെൻറിനു സമർപ്പിച്ചിരിക്കുന്നു. സംസ്ഥാനരൂപീകരണത്തിനുള്ള നടപടികൾ ഒരാഴ്ചയ്ക്കകം ആരംഭിക്കുന്നതാണ്. പുതിയ ആന്ധ്രാസംസ്ഥാനത്തിന്റെ തലസ്ഥാനം തല്ക്കാലത്തേക്ക് മദ്രാസ് തന്നെ ആയിരിക്കുമെന്നറിയുന്നു

## വിദേശവാർത്തകൾ

### ഇസ്രായേൽ—സോവ്യററ് നയതന്ത്രബന്ധം വിച്ഛേദിക്കപ്പെട്ടു

ഇസ്രായേലിന്റെ തലസ്ഥാനമായ ടെൽ അവീവിലെ സോവ്യററ് പ്രതിനിധിമന്ദിരത്തിൽ മുന്നറിയിപ്പില്ലാതെയുണ്ടായ ചില പൊട്ടിത്തെറിക്കലുകളുടെ ഫലമായി പ്രതിനിധിമന്ദിരത്തിനു കേടുപാടുകളും ചില സോവ്യററുദ്യോഗസ്ഥന്മാർക്ക് പരുക്കേൽക്കുകയുമുണ്ടായി. ഇതേ തുടർന്ന് ഫെ 12-ാംനു- ഇസ്രായേലുമായുള്ള എല്ലാ ബന്ധവും സോവ്യററു യൂണിയൻ വിച്ഛേദിച്ചിരിക്കുന്നതായും മോസ്കോയിൽനിന്ന് ഇസ്രായേൽ പ്രതിനിധികളെ ഉടൻ പിൻവലിച്ചുകൊള്ളണമെന്നും സോവ്യററു വിദേശകാര്യമന്ത്രി ഇസ്രായേലിനെ അറിയിച്ചിരിക്കുന്നു.

### ബ്രിട്ടന്റെ സംഭാവന

അവികസിത രാജ്യങ്ങൾക്ക് സാങ്കേതികസഹായം നൽകുന്നതിന് ഐക്യരാഷ്ട്രസമിതി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിക്ക് ബ്രിട്ടൻ ഇക്കൊല്ലം 500 000 പവൻ സംഭാവന നൽകുന്നതാണെന്ന് ബ്രിട്ടീഷ് ആഭ്യന്തരവകുപ്പുമന്ത്രി പ്രസ്താവിച്ചിരിക്കുന്നു.

### സുഡാൻ സ്വതന്ത്രയായി

സുഡാനു സ്വയംഭരണാവകാശം നൽകിക്കൊണ്ടുള്ള ഒരുടമ്പടിയിൽ ഫെബ്രുവരി 12-ാംനു- ബ്രിട്ടനും ഈജിപ്റ്റും ഒപ്പുവച്ചിരിക്കുന്നു. കഴിഞ്ഞ 53 വർഷക്കാലം സുഡാന്റെ ഭരണം ഈജിപ്റ്റും ബ്രിട്ടനും സംയുക്തമായിട്ടാണ് നടത്തിക്കൊണ്ടിരുന്നത്.

## ഇടവകവാർത്തകൾ

തേവര: സേക്രഡ് ഹാർട്ട് ഹൈസ്കൂൾ ബോർഡിംഗിലെ മരിയസംഘത്തിന്റെ 21-മത്തെ വാർഷികവും ചെറുപുഷ്പമിഷൻലീഗിന്റെ രണ്ടാം വാർഷികവും ഫെബ്രുവരി 3-ാംനു- റവ. ഫാ. ഹില്ലാരിയോൺ സി. ഡി. എം. ഐ.യുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. മി. കെ. എം. ജോസഫ് ബി. എ. ബി. എൽ. ഒരു പ്രസംഗം ചെയ്തു.

— അവിട്ടത്തൂർ: വികാരി റവ. ഫാ. ആലപ്പാട്ടിന്റെ അദ്ധ്യക്ഷതയിൽ ഫെ. 5-ാംനു- കൂടിയ പൊതുയോഗത്തിൽവച്ച് ചെറുപുഷ്പമിഷൻലീഗിന്റെ ഒരു ശാഖ ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു.



അപ്പൻ വാക്ശരങ്ങൾ വർഷിക്കുമ്പോൾ കുട്ടി അമ്മയെ അഭയം പ്രാപിക്കുന്നു. അമ്മ ശകാരവർഷം ഇടങ്ങുമ്പോൾ അപ്പനെയും അഭയം പ്രാപിക്കുന്നു.

x x x



ഒരുവൻ: (ഇടയ്ക്ക്) ഇതെന്താ വക്കീൽസ്സാറേ പതിവില്ലാത്ത വേഷത്തിലിറങ്ങിയിരിക്കുന്നോ?

അപരൻ: ഇന്നു ഗാന്ധിജയന്തിയാണെന്നറിഞ്ഞുകൂടേ? ഇന്നത്തെ മീററിംഗിനു ഞാൻ പ്രസംഗിക്കാമെന്നേററിട്ടുണ്ട്. അതിനു പോകയാ.

ചെറുകഥ

# ഭക്തൻ

(ജി. സി. ടീലാർ)

ബ്രിജീത്തായുടെ ഏററം ഇളയ സന്താനമാണ് കുഞ്ഞന്തോനി. രണ്ടുവയസ്സു പ്രായമുള്ളപ്പോൾമുതൽ അമ്മ മകനെ പള്ളിയിൽ കൊണ്ടുപോകുമായിരുന്നു. വെള്ളവസ്ത്രം ധരിച്ച അമ്മയും പട്ടുടുപ്പിട്ട മകനുംകൂടി ദേവാലയത്തിലേക്കു പോകുന്നതു കാണുമ്പോൾ നിശ്ചലരായി നിന്നുകൊണ്ട് ചിലർ പറയും: "ഭാഗ്യപ്പെട്ട അമ്മയും മകനും!" എന്ന്. ഒരു കുർബാനയുടെ സമയം മുഴുവൻ അവൻ തന്റെ കുഞ്ഞുമുട്ടുകുത്തി കൈകൾ കൂപ്പി നിൽക്കുമായിരുന്നു! ഭക്തിയിലേക്കു വളർത്തിക്കൊണ്ട് തന്റെ



കുഞ്ഞിനെ കൂടുതൽ കൂടുതൽ ഭക്തനാക്കാൻ ആ സ്ത്രീരത്നം ശ്രമിക്കയുണ്ടായി. അഞ്ച് അൾത്താരകൾ ഉണ്ടായിരുന്ന ഒരു പള്ളിയായിരുന്നു അത്. ഓരോന്നും ഓരോ വിശുദ്ധന്റെ പ്രതിഷ്ഠിക്കപ്പെട്ടതും. ഓരോ രൂപത്തിന്റെ മുമ്പിൽ ബ്രിജീത്താ മകനെ കൂട്ടിക്കൊണ്ടുപോയി മുട്ടുകുത്തിക്കുക പതിവായിരുന്നു. അങ്ങനെ സകല തിരുസ്വരൂപങ്ങളോടും അവന്റെ ഭക്തിയുണ്ടായി. ഒരു ക്രൂശുരൂപം കാണിച്ചുകൊണ്ട് ഒരിക്കൽ അപ്പൻ ചോദിച്ചു: "ഇതാരാണു മകനേ?" കുഞ്ഞന്തോനിക്ക് ഒരു സംശയവുമുണ്ടായില്ല. "ഈശോ" എന്നവൻ ഉടനെ മറുപടി പറഞ്ഞു. കൃതജ്ഞനായ പിതാവ് അവന്റെ നെററിയിൽ ഒരു ചുംബനവും അർപ്പിച്ചു.

കുഞ്ഞന്തോനിക്കു നാലുവയസ്സു പ്രായം. ഒരു ദിവസം രാവിലെ കുർബാന കഴിഞ്ഞ് അമ്മയും മകനുംകൂടി വീട്ടിലേക്കു പോരികയായിരുന്നു. കുഞ്ഞന്തോനിയെ കണ്ടപ്പോൾ ഏഴുവയസ്സുള്ള കുഞ്ഞുമാത്തുവിന് ഒരു കുരുത്തക്കേടു തോന്നി. അവന്റെ തലയിലൊന്നു തൊട്ടുവാൻ. കുഞ്ഞന്തോനി പെട്ടെന്നു മുഴുവൻ നീററിയിരുന്നതുപോലെ അവിടെനിന്നു കരയുവാൻ തുടങ്ങി. പിറകേ ചെന്നു തിരിഞ്ഞു നോക്കിയപ്പോൾ ഓടിപ്പോകുന്നതു കുഞ്ഞുമാത്തുവിനെയാണ് ബ്രിജീത്ത കണ്ടത്. അവർക്കു ദേഷ്യംവന്നു. കുനിഞ്ഞു വഴിയിൽനിന്നും ഒരു കല്ലെടുത്ത് എല്ലാം എടുത്തു മകന്റെ കൈയിൽ കൊടുത്തിട്ടു പറഞ്ഞു: "എന്റെ മകൻ കൊടുക്കുമോ? അവനിട്ട്." കുഞ്ഞന്തോനി ശക്തി പ്രയോഗിച്ച് എറിഞ്ഞു. എങ്കിലും അതു കുഞ്ഞുമാത്തുവിന്റെ അടുത്തുകൂടി പോയില്ല. അവൻ തിരിഞ്ഞുനിന്നു കൊഞ്ഞനം കാണിക്കുവാൻ തുടങ്ങി. ദേഷ്യംകൊണ്ടു കുഞ്ഞന്തോനി വീണ്ടും കരഞ്ഞു. ക്ഷമയററ ബ്രിജീത്ത വേറൊരു കല്ലെടുത്ത് എറിഞ്ഞു. ആ കുസൃതിയുടെ നേരെ. അതു മൂളിപ്പറന്ന് അവന്റെ കാലിൽ തട്ടി. കുഞ്ഞുമാത്തു കരഞ്ഞു. അപ്പോൾ കുഞ്ഞന്തോനി ചിരിക്കാൻ തുടങ്ങി. അമ്മയും അവന്റെ ആനന്ദത്തിൽ പങ്കുകൊണ്ടു. "അവൻ പോകട്ടെ. എന്റെ മകൻ വാ." ബ്രിജീത്താ കുഞ്ഞുമാത്തുവിനെ അർഹിയ പുത്രൻ പേര് ചൊന്നു വല്ലതും സ്പർശിച്ചു. "പൊക്കപ്പ്" എന്നവൻ ആവർത്തിച്ചുകൊണ്ട് അമ്മയുടെകൂടെ നടന്നു തുടങ്ങി.

എല്ലാ വൈദികരുടെയും കണ്ണിലുണ്ണിയാണ് കുഞ്ഞന്തോനി. അൾത്താരയിലെ പള്ളിയിൽ വരുന്നതും ഏററം ഒടുവിലായി പള്ളിയിൽനിന്നു പോകുന്നതും കുഞ്ഞന്തോനിതന്നെ. ബ. അസ്സേന്തിയച്ചന്റെ പ്രത്യേകവാത്സല്യത്തിന് അവൻ പാത്രീഭൂതനായി. സെമിനാരിയിലും, ഭജനങ്ങളിലും, മിഷ്യൻകളിലും, തിരുബാലസഖ്യത്തിലും അദ്ദേഹം അവനെ ചേർത്തു. കൂടാതെ കുർബാനയിൽ സഹായിയാകുവാൻ അഭ്യസിപ്പിച്ചു. ഉച്ചകഴിഞ്ഞു പള്ളിയിൽ വന്ന് ഒരു നിത്യ വിസിററു കഴിക്കാതെ അവൻ സംതൃപ്തനാകാറില്ല.

"നമ്മുടെ കുഞ്ഞന്തോനിയെപ്പോലെ നല്ലതു കുട്ടികളെ ഇടവകയിൽ വേറെയുണ്ടോ ഒരു സപ്പസ്സ്!" വികാരിയച്ചന്റെ ചോദ്യം. അധികം ചിന്തിക്കേണ്ടതില്ലല്ലോ എന്നില്ല അസ്സേന്തിയച്ചൻ മറുപടി പറയുവാൻ.

"അവനെപ്പോലൊരു മാലാഖയെ ഞാനിതുവരെ ഇവിടെ എന്നല്ല, മററങ്ങും കണ്ടിട്ടില്ല. ആദ്യത്തെയാൾക്കൽ കുമ്പസാരിക്കുന്നു; അനുദിനം കുർബാനയും കൈക്കൊള്ളുന്നു. ഇവിടത്തെ എല്ലാ ഭക്തസംഘങ്ങളുടെയും പ്രീഫെക്ററുമാണവൻ."

"ദൈവമുള്ളതും. ദൈവം അവനെ അനുഗ്രഹിക്കട്ടെ."

അപ്രതീക്ഷിതമായ ഒരു സംഭവമാണ് അന്നു നടന്നത്. പുതിയ മെത്ര



ഇന്ത്യയിലെ പുതിയ ഇന്റർനൺഷ്യോ ഡോ. മാർട്ടിൻ ലൂക്കാസ് തിരുമേനി

ഞ്ഞെടുപ്പിൽ സോഡാലിററിയുടെ പ്രീഫെക്ററുസ്ഥാനം കുഞ്ഞുമാത്തുവിനു കിട്ടി. ഭക്തൻ എന്ന പേരു ലഭിച്ചിട്ടില്ലെങ്കിലും സേവനസന്നദ്ധതയിൽ കുഞ്ഞുമാത്തു മററു പലരെയും അതിശയിച്ചിരുന്നു. ഒരു ഭൂകമ്പമായിരുന്നു കുഞ്ഞന്തോനിക്ക്. അവൻ അസ്സേന്തിയച്ചന്റെ അടുത്തുചെന്നു പറഞ്ഞു: "എനിക്കിനി സോഡാലിററിക്കു വരാൻ കഴിയുകയില്ല."

"അതെന്താണെടോ? നിയമമററവും വരുത്തിയാൽ ഇതൊക്കെ പിന്നെ എങ്ങനെ നടന്നുപോകും?"

"ഞാനില്ലെങ്കിലും നടക്കാനുള്ളതു നടന്നുകൊള്ളും. കുഞ്ഞുമാത്തുവല്ലേ പ്രീഫെക്ററ്. എനിക്കവന്റെകൂടെ പ്രയാസമാ."

"അവൻ ഒരു നല്ല പയ്യനാണല്ലോ. പിന്നെ നിനക്കെന്താ പ്രയാസം?"

"അവന്റെ അപ്പനിതിലെ മത്തിപിററ നടന്നതാ. അവനെ ഒന്നും ഒപ്പമിരുത്താൻ കൊള്ളുകയില്ല."

"നമ്മുടെ കർത്താവ് ഒരു മരപ്പണിക്കാരന്റെ മകനായിട്ടാണല്ലോ ജനിച്ചത്."

"അതൊക്കെ അന്നത്തെ. പക്ഷേ എന്നെപ്പോലെ നല്ല കുടുംബത്തിൽപ്പെട്ടവരെല്ലാം ദേഷ്യംപ്പെടേണ്ടതില്ലാത്ത ആളുകളുമായി കൂട്ടുകൂടുകയില്ല."

"മോനേ, അപ്പോൾ നിന്റെ ഭക്തികൊണ്ടുള്ള പ്രയോജനമെന്ത്? ഒരു കുറവുമേയല്ലല്ലോ. സോഡാലിററിയുടെ പ്രീഫെക്ററുസ്ഥാനം പോയതുകൊണ്ടാണ് നിന്റെ ഈ വിരോധം. യഥാർത്ഥഭക്തി വിനയവും ആത്മത്യാഗംകൊണ്ടു നിറഞ്ഞതാണ്."

"ഭക്തി എന്താണെന്ന്" അച്ചൻ ഇ

നീ എന്നെ പഠിപ്പിക്കണ്ട. എന്റെ കൊച്ചുന്നാൾമുതലേ എന്റെ അമ്മ അതെല്ലാം എന്നെ പഠിപ്പിച്ചിട്ടുണ്ട്."

"ഞാൻ പറയുന്നതു കേൾക്കാൻ നിനക്കു മനസ്സില്ലെങ്കിൽ ഇവിടത്തെ സംഘടനകളിൽ ഒന്നിൽപ്പോലും നീ അംഗമായിരിക്കേണ്ടതില്ല."

കുമ്പസാരത്തിനും കുർബാന കൈക്കൊള്ളലിനും മുടക്കംവരുത്താതെ കുഞ്ഞന്തോനിയുടെ ജീവിതം മുമ്പോട്ടു നീങ്ങി. പള്ളി ഒരു ചടങ്ങുമാത്രം. സ്വന്തം ഇടവകപ്പള്ളിയുടെ മുററത്തുനിന്നും അവൻ ഉടനെ ഒരു ദേവാലയമാണ് തന്റെ ഭക്തികൃത്യങ്ങൾക്കായി അവൻ തിരഞ്ഞെടുത്തത്. "ഇപ്പോഴത്തെ അസ്സേന്തിയച്ചൻ പോകാതെ ഞങ്ങളുടെ പള്ളിയിൽ ഞാൻ കാലുകുത്തുകയില്ല." കൂട്ടുകാരുടെ മുമ്പിൽവച്ച് അവൻ ഇങ്ങനെ വീമ്പടിച്ചു നടന്നിരുന്നു. അസ്സേന്തിയച്ചനുമായി പിണങ്ങാൻ കാരണമെന്തെന്നു ചോദിച്ചവരോട് അവന്റെ മറുപടി: "അദ്ദേഹത്തിന് ആളുകളെ തിരിച്ചറിയാൻ മേലാ," എന്ന്.

കർക്കശ് അനന്തരപനായ ഒരു ഭർത്താവിനെ അന്വേഷിച്ച് ഇറങ്ങിത്തിരിക്കയായിരുന്നു ചിന്നമ്മയിൽ അവരച്ചൻ. വഴിക്ക് അവർ ഒരു പള്ളിയിൽ കയറി പ്രാർത്ഥിച്ചു. ഭക്തിപാരവശ്യത്തിൽ ലയിച്ചുനിൽക്കുന്ന കുഞ്ഞന്തോനിയെ അവർ അവിടെവച്ചു കാണുകയുണ്ടായി. കുഞ്ഞന്തോനിയുടെ മാധ്യസ്ഥവും ഉറപ്പിച്ചു. "ദൈവഭക്തിയുള്ള ഒരു ചെറുക്കനായാണ് ഞാൻ നോക്കിനടന്നത്. എന്റെ മനസ്സിനിണങ്ങിയ ഒരുത്തനെ ഇന്നു കണ്ടുകിട്ടി." അവരച്ചന്റെ പ്രഖ്യാപനം.

മടക്കത്തിൽ-കുഞ്ഞന്തോനി വിവാഹം അത്യാഡംബരപൂർവ്വം നടന്നു. വെറോനിക്കയുടെ ഭർത്താവ് കുഞ്ഞന്തോനിച്ചൻ എന്ന സ്ഥാനവലിപ്പവുമുണ്ടായി. ഭക്തനായ ഭർത്താവും ഭക്തയായ വധുവുംകൂടി ചേർന്നപ്പോൾ സംജാതമായി ഒരു മാതൃകാകുടുംബം. രണ്ടു മണിക്കൂറിൽ കുറയുകയില്ല അവിടത്തെ സന്ധ്യാപ്രാർത്ഥന. ഭർത്താവിന്റെ ഭക്തിതീക്ഷ്ണതയിൽ വെറോനിക്കാ അഭിമാനംകൊള്ളുകയുമായിരുന്നു. എങ്കിലും പ്രാർത്ഥന കഴിഞ്ഞുള്ള പരിപാടി അവർക്കത്ര ഇഷ്ടമായിരുന്നില്ല. സ്വന്തം കുടുംബമഹത്വത്തിന്റെ ചരിത്രം നിവർത്തി നിവർത്തിയും മററു കുടുംബങ്ങളെ മട്ടിരുത്തിയും ഉള്ള ഒരു പ്രസംഗമായിരുന്നു.

പഴയ അസ്സേന്തിയച്ചനു സ്ഥലംമാററം കിട്ടി. കുഞ്ഞന്തോനിച്ചൻ ഏററം സന്തോഷിച്ച ഒരു ദിവസമായിരുന്നു അത്. യാത്ര അയപ്പുയോഗവും മംഗളപത്രവും കൂടാതെ അദ്ദേഹം അപ്രത്യക്ഷനായി. ഉച്ചകഴിഞ്ഞുവന്ന പുതിയ അസ്സേന്തിയച്ചൻ. വെടിപ്പടലം പൊട്ടിച്ചുകൊണ്ട് 30 കതിനാ അദ്ദേഹത്തെ അനുമോദിച്ചു. ഇതിനുശേഷം പരിഷ്കൃതമായ യുവാക്കന്മാർ അവിടെ ഇറങ്ങി നിന്നു. ജോർജുകുട്ടിയുടെ നേതൃത്വത്തിലാണ് അവർ പള്ളി ദേശീയകമായിട്ടുള്ളത്. കപ്പിയാൻ കാരനിന് വികാരിയച്ചനേയും ഇടവകക്കാരേയും അവർ ക്ഷണിക്കുകയു

ണ്ടായി. വൈദികരും ജനങ്ങളും ഒന്നുപോലെ അന്നത്തെ ഇരുന്നൂറോളം യുവാക്കന്മാരെ ഇതിൽ അദ്ദേഹത്തിനുള്ള സ്വാധീനശക്തി കണ്ടു. അവരെല്ലാം ജോർജുകുട്ടിയുടെ മുമ്പിൽ മുട്ടുകുത്തി അനുഗ്രഹം വാങ്ങിച്ചു എഴുന്നേററപ്പോൾ ജോൺകുട്ടിയുടെ കൈയിൽ 500 രൂപയുടെ ഒരു ചെക്ക് കൊടുത്തു അദ്ദേഹം.

"ഇതുകൊണ്ടു മതിയാകയില്ലെന്നാണു തോന്നുന്നത്. കാരണത്തിനു 25 രൂപ ആയി."

"എന്റെ ജോൺകുട്ടി, ഇപ്പറഞ്ഞതു വളരെ. അടുത്ത ദിവസം ഇതൊക്കെ തീരും. കാണാം കൊള്ളാം." എല്ലാവരും സ്ഥലംവിട്ടു.

"ഇത്ര യോഗ്യനായ ഒരച്ചൻ എന്റെ ഓർമ്മയിൽ വന്നിട്ടില്ല." കുഞ്ഞന്തോനിച്ചന്റെ അഭിപ്രായം പലരുടെ ചെവിയിലും കയറി. ജോർജുകുട്ടിയും കുഞ്ഞ


**നിരാശപ്പെടേണ്ട!!**

നിങ്ങളുടെ രോഗത്തിന് എത്ര പഴക്കമുണ്ടായാലും വിരോധമില്ല; രോഗലക്ഷണങ്ങളുടെ മൂലകാരണങ്ങളും പ്രതിവിധികളും കണ്ടുപിടിക്കുവാൻ

**500 പേജുള്ള**

**"അറിയേണ്ടും കാര്യങ്ങൾ"**

എന്ന പുസ്തകം നിങ്ങളെ സഹായിക്കും. വില- 2 ക. മാത്രം.

കൂടുതൽ വിവരങ്ങൾക്ക് എഴുതുക:

മാനേജർ, **കാളൻ**, നെല്ലായി. P. O.



തൈക്കാട്ടുമൂസ്സ് വക

**ഇ. ടി. എം. വൈദ്യശാല**

ബ്രാഞ്ച്: ആലുവാ റെയിൽവെസ്റ്റേഷനു സമീപം

എല്ലാ വ്യാഴാഴ്ചയും ഒന്‍പതുമണിമുതൽ അഞ്ചുമണിവരെ

**ഇ. ടി. ആര്യൻമൂസ്സ് അവർകൾ**

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്


## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

സി. ഐ. അന്തോണി, മാടസ്

അച്ചടിച്ചു തയ്യാറാക്കിയിരിക്കുന്ന

## റഷ്യയെപ്പററിയുള്ള

## ലഘുലേഖകൾ

പൂനായിലെ "സോഷ്യൽ ഇൻസ്റ്റിററ്യൂട്ട്" പ്രവർത്തകന്മാരിലൊരാളും സാമ്പത്തിക സാമുദായിക വിഷയങ്ങളിൽ വിദഗ്ദ്ധനുമായ ഫാദർ കുമ്പ് (Cump) എസ്. ജെ. സോവ്യററ് റഷ്യയിലെ നേതാക്കന്മാരുടെ കൃതികൾ, റഷ്യൻ പത്രങ്ങളുടെ സാക്ഷ്യങ്ങൾ എന്നിവ ഉദ്ധരിച്ചുകൊണ്ട് വിവരിച്ച് എഴുതി പ്രസിദ്ധംചെയ്തിട്ടുള്ള 10 ഇംഗ്ലീഷ് ലഘുലേഖകളിലെ കാര്യങ്ങൾ ഉൾക്കൊള്ളിച്ച് എഴുതിയ 10 മലയാള ലഘുലേഖകൾ അച്ചടിച്ചു തയ്യാറായിരിക്കുന്നു. ഓരോ ലഘുലേഖയിലും വിവരിച്ചിട്ടുള്ള വിഷയങ്ങൾ താഴെ കാണുന്നവയാണ്: 1. റഷ്യയിലെ സ്വാതന്ത്ര്യം; 2. റഷ്യയിലെ വിദ്യാഭ്യാസം; 3. റഷ്യയിലെ തൊഴിലാളികളുടെ ക്ഷേമം; 4. റഷ്യയിലെ കൃഷിക്കാർ; 5. റഷ്യയിലെ നീതിന്യായം നടത്തൽ; 6. റഷ്യയിലെ കൂലിയും വിലയും; 7. റഷ്യയിലെ സ്ത്രീകളുടെ നില; 8. റഷ്യയിലെ നിർബന്ധവേല; 9. റഷ്യയുടെ സാമ്രാജ്യമോഹം; 10. റഷ്യയുടെ ആക്രമണങ്ങൾ. ഈ പത്തു ലഘുലേഖകളുടെയും ഓരോ പ്രതി ഉൾപ്പെടുന്ന സെററ് ആവശ്യക്കാർക്കു ലഭിക്കുന്നതാണ്. ഒരു സെററ്ന്റെ വില 1ക. 8ണ. പോസ്റ്റേജ് ആവശ്യക്കാർ വഹിക്കണം. പോസ്റ്റേജ് റേററ് ആദ്യത്തെ 5 തൂക്കത്തിന് 9 പൈ; ഓരോ 2½ തൂക്കത്തിനും 3 പൈ; രണ്ടു സെററു ലഘുലേഖ ഏകദേശം 5 തൂക്കം വരും. വി.പി. പോസ്റ്റേജുംകൂടി ഒരു രൂപയിൽ താഴെ വരികയാണെങ്കിൽ അതിന്റെ സ്റ്റാമ്പയച്ചാൽ മതിയാകും. അതിൽ കൂടുതലുള്ള തുക മണിയോർഡർ അയക്കണം. ഓരോ ലഘുലേഖയുടെയും 1000 പ്രതികൾ മാത്രമേ അച്ചടിച്ചിട്ടുള്ളു.

ആവശ്യപ്പെടേണ്ടും മേൽവിലാസം:

സേവനസംഘം,
വിൻസെൻഷ്യൻ ഹൗസ്,
തോട്ടകം, വൈക്കം

N. B. ഈ ലഘുലേഖകളുടെ രചയിതാ, അവയിലുദ്ധരിച്ചിരിക്കുന്ന സാക്ഷ്യങ്ങളെല്ലാം കമ്മ്യൂണിസ്ററുകാർക്കു നിഷേധിക്കുവാൻ സാധ്യമല്ലാത്ത റഷ്യൻ കമ്മ്യൂണിസ്ററു പത്രങ്ങളുടെ പ്രസ്താവനകളാകുന്നു എന്നതാണ്.

ജോണിച്ചനും തമ്മിലുള്ള മൈത്രി വർദ്ധിച്ചു. അവരുടെ ഭക്തിക്കും വർദ്ധനവുണ്ടായി. ഒരു ദിവസം അവരോടു പറഞ്ഞു: "അച്ചോ, ഞങ്ങൾക്കു രണ്ടുപേർക്കും മൂന്നാംസഭയിൽ ചേരണമെന്നാണാഗ്രഹം. അച്ചന്റെ കൈകൊണ്ടുതന്നെ അതു സാധിക്കണം." ജോർജച്ചൻ രണ്ടുപേർക്കും പൂർണ്ണസമ്മതം കൊടുത്തു; ദീക്ഷ നൽകുകയും ചെയ്തു. അവർ അംഗങ്ങളായി ചേരുകയും ചെയ്തു.

സമ്മേളനം— ഒരിടവകയിൽ ഏറ്റം പ്രശസ്തിയുള്ള ഒരൈക്യശ്രമമാണ്. കുഞ്ഞാനാച്ചൻ എല്ലാവരും അതിനെപ്പറ്റി അറിയുകയും ചെയ്തു. അവരുടെ സ്ഥിരപരിശ്രമംമൂലം ഫ്രാൻസിസ്കൻ മൂന്നാംസഭയിൽ ചേരുവാൻ ധാരാളം ആളുകൾ വന്നുകൂടി. കുഞ്ഞാനാച്ചന്റെ കീർത്തി നാടെങ്ങും പരന്നു. "നിങ്ങൾ കുഞ്ഞാനാച്ചനെപ്പോലെ ഭക്തന്മാരായിരിക്കണം" എന്നായിരുന്നു ജോർജച്ചന്റെ പ്രസംഗം മൂന്നാംസഭക്കാരോട്.

"നമുക്കിതൊക്കെ ചെയ്യണം. ദൈവത്തിന്റെ മുമ്പിൽ നമ്മളെന്തെല്ലാം കാട്ടണം." കുഞ്ഞാനാച്ചൻ ഒരു കെട്ടു പണം, കൊണ്ടുവന്ന കുട്ടിയെന്നു നെല്ലിന്റെകൂടെ കൂട്ടുകയായിരുന്നു. അപ്പോഴാണ് പരദേശിക്കു പ്രതിഷേധം ഉയർന്നത്. ഒന്നും അറിഞ്ഞുകൂടാത്ത മട്ടിൽ അയാൾ ചോദിച്ചു: "എന്താണ് ചെയ്യുന്നതെന്നാണ് നീ പറയുന്നത്?"

"നെല്ലിന്റെ കൂടെ പതിര കലർത്തി വിൽക്കുകയാണ്."

"കഷ്ടം! ആരെന്താ പറയുന്നത്? മൂന്നാംസഭക്കാരനല്ലേ അങ്ങ്? ഇല്ലെന്നു പറയുമ്പോൾ ഉണ്ടാകുന്നവൻ ഞാനല്ലേ?"

"അതു ശരിയാണ്. എങ്കിലും ഒരുവന്റെ അദ്ധ്വാനത്തിൽ വേണ്ട ഉപകാരം. അല്ലെങ്കിൽ നിങ്ങളുടെ വിശ്വാസവും കർമ്മവുംകൊണ്ടെന്താണു പ്രയോജനം?"

"ഇങ്ങനെ പലപ്പോഴും തിരുനാളല്ല വിശ്വാസവും കർമ്മവും."

"മൂന്നാംസഭയും എന്നെക്കൂടി പഠി. ഇതൊക്കെ അനീതികളാണ്. പ്രവർത്തിക്കാതിരിക്കാനാണ് വിശ്വാസവും കർമ്മവും എന്നാണ് ഞാൻ പഠിച്ചിട്ടുള്ളത്."

"നീ ഒന്നു മിണ്ടാതിരിക്ക്. പതിര ഒന്നോ രണ്ടോ ഞാൻ ചേർത്തുള്ളൂ. അതുകൊണ്ടു ആകാശമിടിഞ്ഞൊന്നും ഇങ്ങോട്ടു വീഴുവാൻ പോകുന്നില്ല. തോട്ടത്തിൽ കൊയ്ത്തുകഴിഞ്ഞ പതിര വെറുതെ കളയാനല്ലല്ലോ."

"എന്നാലും നമ്മളിങ്ങനെ അനീതി ചെയ്യുന്നതു ശരിയല്ലെന്നാണ് എനിക്കു തോന്നുന്നത്. ആളുകൾ വല്ലവരും ഇതറിഞ്ഞാൽ എന്തു കുറച്ചിലായിരിക്കും നമുക്ക്."

"നീ ഒന്നും അധികം പറയാതിരുന്നാൽ മതി. ഇതു വല്ലവരും അറിയാൻ പോകുന്നോ?"

കുഞ്ഞാനാച്ചൻ നെല്ല വണ്ടിയിൽ കയറ്റി പോയി. കുഞ്ഞാനാച്ചനുമായുള്ള വിശ്വാസത്താലാണ് അവൻ അതു അളന്നു നോക്കുകപോലും ചെയ്തില്ല. പക്ഷെ രണ്ടു ദിവസം കഴിഞ്ഞു് ഒരുത്തൻ പറഞ്ഞു, അതെല്ലാം പതിരായിരുന്നു എന്ന്. മനസ്സുകൊണ്ട് അപമാനിക്കാനല്ല അവനിഷ്ടം; അവൻ വളരെ സങ്കടപ്പെട്ടു. പിറ്റേ ദിവസം നെല്ല കൊണ്ടുവന്നപ്പോൾ അവൻ പരാതിപ്പെട്ടു: "അപ്പോഴാണ് കുഞ്ഞാനാച്ചൻ അറിഞ്ഞത്, നെല്ലു വാങ്ങിയവന്റെ കള്ളം കണ്ടുപിടിച്ചെന്ന്."

"എന്റച്ചോ, ഞങ്ങൾ പാവങ്ങളാണ്. ഈ കുഞ്ഞാനാച്ചന്റെ അടുക്കൽനിന്നു നെല്ല വാങ്ങിക്കുന്നതു്. അവന്റെ കള്ള പതിര കൂട്ടിയതാ." — കുഞ്ഞാനാച്ചന്റെ സങ്കടം അതു പള്ളിക്കാരുടെ കാതിൽ എത്തി. ജോർജച്ചൻ വിളിച്ചു ചോദിച്ചു. എന്നിട്ടു കുഞ്ഞാനാച്ചനോടു ചോദിച്ചു: "അസംബന്ധം! ആരെങ്കിലും അങ്ങനെ നീ ഇതുപോലെ ചെയ്തോ? ഇതു സത്യമാണോ?"

"ഞാൻ കണ്ടു് ഒരു പരീക്ഷണവും കൂടി കഴിഞ്ഞിട്ടാണ് ഇങ്ങോട്ടു വന്നതു്. ആദ്യം ഭാര്യ പറഞ്ഞതു ഞാൻ വിശ്വസിച്ചില്ല. പിന്നെ എനിക്കതിനു ബോദ്ധ്യമായി."

"എങ്ങനെ ബോദ്ധ്യപ്പെട്ടു?"

"അവിടെനിന്നും മേടിച്ച കൊണ്ടുവന്നവയിൽനിന്നു പേറെടുത്തു. അപ്പോൾ പതിര കണ്ടു."

"കുറെ നെല്ലിൽ അല്പം പതിര് ഒരു സാധാരണ സംഭവമല്ലേ?"

"പത്തുപറയിൽ രണ്ടുപറ പതിരായിരുന്നച്ചോ."

"ഇതു വാസ്തവമോ, കുഞ്ഞാനാച്ചാ?"

"അതെ അച്ചോ. ഞാൻ ഇപ്പോൾ തന്നെ മടക്കിക്കൊടുക്കാം."

"ആകട്ടെ."

കുഞ്ഞാനാച്ചൻ പോയി ഒരു കെട്ട നെല്ലുമായി തിരിച്ചുവന്നു് ജോർജച്ചന്റെ മുറിയിലേക്കു കടന്നു വന്നു. ഒരു ഭാവഭേദവും കണ്ടില്ല. പുരോഹിതന്റെ ആഗ്രഹമൊന്നും നിറവേറിയില്ല. കുഞ്ഞാനാച്ചനോടു വിശദീകരിക്കാനായി അവൻ എന്തെങ്കിലും പറഞ്ഞതുമില്ല. അതേഷം ആ അപകടത്തിൽനിന്നും ഒഴിവാക്കപ്പെട്ടു.

മൂന്നാംസഭാസമ്മേളനം. വികാരിയച്ചനായിരുന്നു അദ്ധ്യക്ഷൻ. അദ്ദേഹം പറഞ്ഞു: "പ്രിയ സഹോദരങ്ങളേ, ഇന്നത്തെ ചില കാര്യങ്ങളെപ്പറ്റി എനിക്കു നിങ്ങളോടു പറയുവാനുണ്ട്. വി. ഫ്രാൻസിസിന്റെ മൂന്നാംസഭയിൽ ചേർന്നവർ പരിപൂർണ്ണമായ ഒരു ജീവിതം സ്വീകരിക്കുവാൻ പ്രതിജ്ഞ ചെയ്തവരാണല്ലോ. അതിനാൽ നിങ്ങളുടെ ഓരോ പ്രവൃത്തിയും മറ്റുള്ളവർ വീക്ഷിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളുടെ മാതൃക മറ്റുള്ളവർ സ്വീകരിക്കുവാൻ ഇടയാക്കുകയും ചെയ്യുന്നു. നിങ്ങളുടെ ജീവിതം കളങ്കരഹിതമായിരിക്കുകതന്നെ വേണം. നിങ്ങളുടെ സത്യസന്ധതയിലും നിഷ്കളങ്കതയിലും മറ്റുള്ളവർ സംശയിക്കത്തക്ക യാതൊന്നും സംഭവിക്കാതിരിക്കേണ്ടതിന് നിങ്ങളുടെ ഇടയിൽ ക്രമമായ ഒരു പുനഃപരിശോധന നടത്തേണ്ടിയിരിക്കുന്നു.

"വളരെ സങ്കടകരമായ ഒരു വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ഇവിടെ അടുത്ത കാലത്തു് മറ്റുള്ളവർക്കു് ഒരു മാതൃക കാണിച്ചുകൊടുക്കേണ്ടവനാണല്ലോ. എന്നാൽ നിങ്ങളുടെ കൂട്ടത്തിലൊരാളെപ്പറ്റി അനേകം പരാതികൾ എന്റെ പക്കൽ കിട്ടി. അന്വേഷണത്തിൽ ഒന്നും അടിസ്ഥാനരഹിതമല്ലെന്നു മനസ്സിലാക്കുവാൻ കഴിഞ്ഞു. പരദൂഷണവും വഞ്ചനയുമാണ് അയാളുടെ പ്രധാന തൊഴിലുകൾ, പള്ളിയിൽനിന്നും പണം കഴിച്ചതും. ദേവാലയങ്ങളിൽ പ്രദർശിപ്പിക്കുന്ന ഭക്തി നിങ്ങളുടെ അന്തരംഗത്തിലും പകരുന്നില്ലെങ്കിൽ നിങ്ങളുടെ ഭക്തി കപടഭക്തിയായിത്തീരുമെന്നു നിങ്ങൾ മനസ്സിലാക്കുക. നിങ്ങൾക്കും മറ്റുള്ളവർക്കും ഒരു പാഠമായിത്തീരേണ്ടതിനു് കുഞ്ഞാനാച്ചനെ ഈ മൂന്നാംസഭാംഗത്വത്തിൽനിന്നും നീക്കം ചെയ്യുക മാത്രമല്ല, മൂന്നാംസഭയിൽനിന്നു് പുറത്താക്കുകയും ചെയ്തിരിക്കുന്നു."

## കുഫളൻ, നെല്ലായി

ഈ വിലാസത്തിൽ ദയവായി എഴുതി അയക്കേണ്ടവർ എന്നെ ഉടനെ അറിയിക്കണമെന്നപേക്ഷ. ആവശ്യക്കാർ ഉടനെ ലഭിക്കുന്നതാണ്.

## കൃതജ്ഞത

ബ്രി. അൽഫോൻസാമ്മയുടെ മദ്ധ്യസ്ഥതയാൽ ലഭിച്ച കാര്യസാദ്ധ്യത്തിന് ഉപകാരസ്മരണ.

Joseph Ezhachalil, New Delhi

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ സുഖക്കേട് മാറിയതിന് ഉപകാരസ്മരണ.

വക്കീ, ശാന്തിമേക്കാട്ടിൽ

---

മാതാവിന്റെയും ജോസഫ്പിതാവിന്റെ മദ്ധ്യസ്ഥതയാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും സ്ഥലംകിട്ടിയതിനും കോടതിയിൽ ജയിച്ചതിനും നന്ദി.

ഫാ. ലൂക്ക് തെക്കേക്കര


## വസ്തു വില്പാനുണ്ട്

തൊടുപുഴ താലൂക്ക് കരിങ്കുന്നം പകുതിയിൽ കോടിക്കുളം മുറിയിൽ പാറപ്പുഴ കരയിൽ കാളിയാർപുഴയുടെ അടുത്തു് തെങ്ങ്, 5 ഏക്കർ പുരയിടവും 2 പറക്കു ഇരുപ്പു് നിലവും സകല പണികളും തീർന്ന് ഒരു മേച്ചിൽ പണിയിച്ചിരിക്കുന്ന ഒരു കെട്ടിടവും സകല ആദായങ്ങളും ഉള്ള സ്ഥലം വില്പാനുണ്ട്. ഇച്ഛിക്കുന്നവർ താഴെ കാണുന്ന മേൽവിലാസത്തിൽ എഴുതുക:

വക്കീ തെപ്പലോ തൊളവംകരോൽ വീട്,
പാറപ്പുഴ, കല്ലൂർ P. O.





## മലക്കറികളും പഴവർഗ്ഗങ്ങളും ശാസ്ത്രീയമായി പാകംചെയ്യേണ്ടവിധം

(മൈസൂർ ആഹാരഗവേഷണ കേന്ദ്രത്തിലെ നിർദ്ദേശങ്ങൾ)

നമ്മുടെ നിത്യാഹാരത്തിൽ മലക്കറികൾക്കും പഴവർഗ്ഗങ്ങൾക്കും ശ്രേഷ്ഠമായ ഒരു സ്ഥാനം ഉണ്ടായിരിക്കേണ്ടതാണ്. പാൽ, വെണ്ണ, മുട്ട, മാംസം ഇവയെപ്പോലെ മലക്കറികളും പഴങ്ങളും പരിരക്ഷകാഹാരപദാർത്ഥങ്ങളാകുന്നു (Protective foods) നിത്യഭക്ഷണത്തിൽ പരിരക്ഷകാഹാരപദാർത്ഥങ്ങൾ കൂടി അടങ്ങിയിരുന്നാലേ നമ്മുടെ ശരീരാരോഗ്യത്തിന് വേണ്ടുന്ന ജീവകപ്രധാനങ്ങളായ ജീവകങ്ങളും (Vitamins) ലവണങ്ങളും (mineral salts) ലഭിക്കുകയുള്ളൂ. ഈ നാട്ടിൽ മലക്കറികളും പഴങ്ങളും മിക്കവാറും വർഷംതോറും ചില കാലങ്ങളിൽ മാത്രം ഉണ്ടാകുന്നവയാകയാൽ എല്ലാ സമയത്തും ഇവ ലഭ്യമാകുന്നില്ല. അതിനാൽ ധാരാളമായി കിട്ടുന്ന കാലങ്ങളിൽ ആവശ്യത്തിൽ കവിഞ്ഞുണ്ടാകുന്ന മലക്കറികളും പഴങ്ങളും ഉപയോഗശൂന്യമായി നഷ്ടപ്പെടുത്തുവാൻ ഇടയാകാതെ ഉണക്കിയും മറ്റും വരട്ടിയും മറ്റും സൂക്ഷിച്ചുവയ്ക്കുന്ന പക്ഷം എല്ലാക്കാലങ്ങളിലും ഇവ ലഭ്യമാകുന്നതായിരിക്കും. മലക്കറികളും പഴങ്ങളും ഉണക്കിയും വരട്ടിയും മറ്റും പലവിധത്തിൽ ഉപയോഗിച്ചുവരുന്ന പതിവ് ഈ നാട്ടിൽ പുതുമയൊന്നുമല്ലെങ്കിലും, അവയിലെ പോഷകാംശങ്ങൾക്കു കുറവു വരാതെ നഷ്ടംസംഭവിക്കാത്തവിധം ശാസ്ത്രീയമായ രീതിയിൽ പാകപ്പെടുത്തിയെടുക്കുന്ന വിഷയത്തിൽ മൈസൂർ കേന്ദ്ര ആഹാരഗവേഷണശാലക്കാർ നടത്തിയിട്ടുള്ള പരീക്ഷണങ്ങളെക്കുറിച്ചു പ്രസ്തുത സ്ഥാപനക്കാർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങൾ പ്രയോജനപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു...

### നേന്ത്രപ്പഴം നുറുക്കുകൾ

കേടില്ലാത്തതും പഴുക്കാത്തതുമായ നല്ല നേന്ത്രക്കായ് തിരഞ്ഞെടുക്കുക. ഇവ പ്രത്യേകിച്ചു് കഴുകി ഏതെങ്കിലും തരത്തിലുള്ള കറയും, മണ്ണും പുരണ്ടിരിക്കാതെ വരുന്ന ചെളിയും അഴുക്കും മറ്റും വൃത്തിയായി ഒരു തുണികൊണ്ടു് തുടച്ചു കളയേണ്ടതാകുന്നു.

അടുത്ത പടിയായി മൂർച്ചയുള്ള ഒരു കത്തികൊണ്ടു നേന്ത്രക്കായുടെ തൊലിയും ഞെട്ടുമായി ചെത്തിക്കളഞ്ഞു കളയേണ്ടതാണ്. തൊലി പൊളിച്ചു കളഞ്ഞ കായ് ഇപ്രകാരം കഷ്ണങ്ങളാക്കി പോളകളാക്കി നീളത്തിൽ രണ്ടായി അറുത്തു് അല്പം ചെരിച്ചു് (1/8 3/16 ഇഞ്ച്) ഘനത്തിൽ നുറുക്കുക. ഇങ്ങനെ ചെയ്യുന്നതിനാൽ കായ് നുറുക്കിയതിന്റെ പക്കം കഷ്ണങ്ങളുടെ ഉപരിതലവും കുറഞ്ഞിരിക്കും. തൊലി കളഞ്ഞ കായും നുറുക്കിയ കഷ്ണങ്ങളും വെള്ളത്തിൽ മുക്കിയിടുകയോ അഥവാ അല്പം ഉപ്പു ചേർത്ത വെള്ളത്തിൽ ഇട്ടു വെക്കുകയോ ചെയ്യേണ്ടതാണ്. അങ്ങനെ വെള്ളത്തിൽ ഇട്ടുവെക്കാതിരുന്നാൽ കായ് കറുത്തുപോകും. വൃത്തിയായി കഴുകി മരത്തട്ടുകളിൽ നിരത്തണം. (ഒരു ചതുരശ്രയടി വിസ്തീർണ്ണമുള്ള തട്ടിയിൽ അരറാത്തൽ മുതൽ ഒരു


## കച്ചവടക്കാരുടെ പ്രത്യേകശ്രദ്ധയ്ക്കു്

ബ്രിട്ടീഷ് സർക്കാരിന്റെ ഉപ്പുകളിൽ ഉയർന്നതും ഏറ്റവും വില കുറഞ്ഞതുമായ ഉപ്പിന്റെ വില 22-1-53 മുതൽ 75 ക. ആയി വില വർദ്ധിപ്പിച്ചിരിക്കുന്നു. ഇനിയും വില കൂടുമെന്നു സംശയിക്കുന്നു.




നിങ്ങൾക്ക് ആവശ്യമുള്ള പ്രസിദ്ധി നേടിയ ഉയർന്നതരം കുത്തരി, കുത്തിക്കൂട്ടു കുന്നികുരു അരക്കൂട്ടം, കലപ്പുള്ള ആട്ടമാവ് എന്നിവയും പിണ്ണാക്ക് ഇവകൾ മില്ലിലും അങ്ങാടിയിലും ഞങ്ങളുടെ ഡിപ്പോകളിലും കിട്ടുന്നതാണ്.

കമേർസിയൽ റൈസ് മിൽ,
കൊക്കാലെ, തൃശൂർ
ഫോൺ: 102. കമ്പി: CIARYEM


രത്തൽ നുറുക്കുകൾവരെ നിരത്താവുന്നതാണ്) അടുത്തതായി, നുറുക്കുകൾ ദീർഘകാലത്തേക്കു സൂക്ഷിക്കാവാൻ ഉദ്ദേശിക്കുന്നെങ്കിൽ, ഒരു മണിക്കൂർസമയം തട്ടികളെ ഗന്ധകം പുകച്ചു സൾഫർ ഡൈഓക്സൈഡ് വാതകം (sulphur-dioxide) ഏല്പിക്കുകയും വേണം. ഇപ്രകാരം ചെയ്യുന്നതിനാൽ നുറുക്കുകൾക്കു കേടുതട്ടാതെ അധികകാലം സൂക്ഷിക്കുവാൻ സാധിക്കുന്നതാണ്. സൾഫർ ഡൈഓക്സൈഡ് ഏല്പിച്ചതിനുശേഷം നുറുക്കുകൾ വെയിലിലോ 140°—145° F. ചൂടു ലഭിക്കത്തക്കവിധം അടുപ്പിലോ വെച്ചു നല്ലപോലെ ഉണക്കണം. വെയിലിൽ ഉണക്കുന്നതിനേക്കാൾ ഉത്തമമാണ് മേൽപ്പറഞ്ഞവിധം അടുപ്പിൽ വെച്ചു ഉണക്കുന്നതു്. എന്നാൽ ആവശ്യാനുസരണം ചൂടു് നിയന്ത്രിക്കാവുന്നതും വേഗം ഉണങ്ങിക്കിട്ടുന്നതുമായ ഇലക്ട്രിക് ഉപകരണങ്ങളും ഉണ്ട്. നുറുക്കുകൾ ഒടിക്കുമ്പോൾ പൊട്ടിപ്പോകത്തക്കവണ്ണം ആയാൽ ശരിയായി ഉണങ്ങിക്കഴിഞ്ഞിട്ടുണ്ട് എന്നു നിശ്ചയിക്കാം.

ഇങ്ങനെ ഉണക്കിയെടുത്ത നുറുക്കുകൾ ആവശ്യാനുസരണം പൊടിച്ചോ മറ്റൊ ഉപയോഗിക്കാവുന്നതാണ്. അല്ലെങ്കിൽ ടിന്നിലടച്ചു സൂക്ഷിക്കാം. പാകപ്പെടുത്തിയ മാവ്, നല്ലതരം കേക്കുകളും, ബിസ്കറ്റുകളും മറ്റും ഉണ്ടാക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്.

(Travancore-Cochin News)

കുടുംബപംക്തി

# കത്തോലിക്കാകുടുംബവും വ്യഥകളും

(ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. എ.)

"ക്ഷമയും നിശ്ശബ്ദതയുമാകുന്ന യന്ത്രത്തിൽ വ്യഥകളാകുന്ന ധാന്യം പൊടിച്ചു് മിശിഹായുടെ പാദപീഠങ്ങളിങ്കൽ തേൻരസത്തു് ഗുളികകളാക്കി വിശപ്പാറുന്ന ജനങ്ങൾക്കു് ഉപയോഗിക്കുക സ്നേഹാഗ്നി ആ ലക്ഷണമൊത്ത ദിവ്യൗഷധം" (Little Rose)

മിക്ക ദമ്പതികൾക്കുമത്രേ തങ്ങളുടെ വിവാഹദിവസത്തിലേക്ക് ഒന്നു കണ്ണോടിക്കുകയാണെങ്കിൽ അവർക്കു മനസ്സിലാകും, വൈവാഹികജീവിതമാകുന്ന കപ്പലിൽ ദാമ്പത്യസ്നേഹമാകുന്ന നിധിയും വഹിച്ചു് പ്രത്യാശകളുടെയും പ്രതീക്ഷകളുടെയും തിരമാലകളിൽക്കൂടി മുന്നോട്ടു തുഴിച്ചിട്ടുണ്ടെന്നു്. പ്രത്യാശകളുടെയിടയിൽ കുടുംബജീവിതം മഴവില്ലുനിറഞ്ഞതായിത്തോന്നി. എന്നാൽ കാലം കഴിയുന്തോറും അവർക്കു മനസ്സിലായി മഴവില്ലുണ്ടാകുന്നതിനു് കാർമേഘവും സൂര്യപ്രകാശവും ഇടകലരണമെന്നു്. മനുഷ്യസ്വഭാവം ഒരിടത്തിൽ സ്ഥിതിചെയ്യുന്നിടത്തോളം കാലം പരീക്ഷകളും വ്യഥകളും അവർക്കുണ്ടായേതീരൂ. ഇവ ഇല്ലാത്ത ജീവിതം മനുഷ്യജീവിതമാകയില്ല. ഇതുതന്നെയാണു് കുടുംബജീവിതത്തെപ്പറ്റിയും പറയുവാനുള്ളതു്.

ക്രിസ്തുമതം 'മംഗളവാർത്തയുടെ സുവിശേഷം' (Gospel of glad tidings) ആണെന്നതുപോലെ കീലും വ്യഥകളുടെയും കുരിശുകളുടെയും മതമാണു്. അതു് വെളിപാടു ചെയ്യപ്പെട്ടതും പരീക്ഷണവിധേയമാക്കപ്പെട്ടതും തരണം ചെയ്യുന്നതും പരിപൂർണ്ണതയിൽ എത്തിച്ചേരുന്നതും കുരിശുവഴിയത്രെ. ദൈവം അയക്കുന്ന കുരിശുകളിൽ അടങ്ങിയിരിക്കുന്ന മധുരസത്തം നാം കാണുന്നെങ്കിൽ ഇപ്പോൾ നമുക്കു് സങ്കടത്തിനു് കാണുന്ന സഹനങ്ങളെ നാം ഇഷ്ടപ്പെടും. കഷ്ടതയെ സമുദ്രത്തോടു് കല്പനകൾ നൽകുന്ന സമുദ്രത്തിന്റെ ശക്തിയെ നിയന്ത്രിക്കുന്ന ഉടയവൻ അറിയുന്ന കല്പനയാണെന്നു് നമുക്കു് ബോദ്ധ്യമാകുമെങ്കിൽ അതിന്റെ അത്ഭുതശക്തി ആവശ്യമാണെന്നു്. ക്ലേശങ്ങളിൽനിന്നു ഒഴിഞ്ഞുമാറുകയല്ല മനുഷ്യന്റെ ഹൃദയത്തെ ക്ലേശമാകുന്ന കനലിൽ കയ്പുവെന്നമർന്നു് അടങ്ങിയിരിക്കുന്നതെങ്കിലും ആത്മാവിനെ ഉയർത്തുകയും പ്രകാശിപ്പിക്കയും ചെയ്യുന്ന ആ തീക്കനലിനു് ശക്തിയുണ്ടു്. മൂർച്ചയേറിയ കല്ലു് തച്ചന്റെ ഉളിയാൽ തല്ലപ്പെട്ടിട്ടുണ്ടെങ്കിലും മുറിവേല്പിച്ചപ്പെട്ട ആ സ്ഥലത്തു് വിശുദ്ധന്മാരുടെ ചുറ്റും പ്രഭാവലയം (Halo) സ്ഥാപിക്കുന്നതിനു് അതിനു ത്രാണിയുണ്ടു്. യഥാർത്ഥമായി നല്ലവരായ ഇതുപോലെ ക്ലേശങ്ങളിൽ കടന്നുപോകുന്നു. ഈ ലോകത്തിൽ യാതൊന്നിനും സ്ഥിരമായിട്ടുള്ള ഭാഗ്യം നാം വാങ്ങിയിട്ടില്ല. കുരിശിനെ മാറോടുചേർത്തു ആലിംഗനം ചെയ്യുന്നവരുടെ പക്കലേക്കു് നമ്മുടെ കണ്ണുകളെ തിരിക്കുകയാണെങ്കിൽ എല്ലാ വ്യഥകളിലും നമുക്കു് ആശ്വാസം ലഭിക്കും. ഏറെയും അകന്ന അവിടുത്തേക്കാറിയും ഏറെയും പൊട്ടിത്തകർന്നവനെ സുഖപ്പെടുത്തുവാൻ. ഭൗതികഡോക്ടർമാർക്കു് അജ്ഞാതമായിരിക്കുന്ന ഹൃദയസ്തംഭന (heart failure) മെന്ന രോഗം ഭേദപ്പെടുത്തുന്നതിനു് അവിടുത്തേക്കു് അന്യാദൃശമായ വൈദഗ്ദ്ധ്യമുണ്ടു്. ജീവിതത്തിന്റെ ഇടവഴികളിൽക്കൂടെ പോകുമ്പോഴും കുരിശുകളും ക്ലേശങ്ങളും കണ്ടുമുട്ടാതിരിക്കാൻ സാധ്യമല്ല. ഭൗതികാന്തരീക്ഷത്തിൽ സന്തോഷസന്താപങ്ങളുടെ തരംഗങ്ങൾ മാറിമാറി വരുന്നുണ്ടല്ലോ. ഒരു വിവാഹഘോഷയാത്ര സന്തോഷപൂർവ്വം ദേവാലയത്തിൽ നിന്നിറങ്ങുമ്പോൾ ക്ലേശപൂർണ്ണമായ ഒരു ശവസംസ്കാരഘോഷയാത്ര പള്ളിയിലേക്കു വരുന്നില്ലേ? കരച്ചിലും പുഞ്ചിരിയും ഇടകലർന്നതാണു്. ഒരു കുട്ടിയുടെ കണ്ണുനീരുകളിൽ കിടന്നു ചിരിക്കുന്ന ഈ സന്താപങ്ങളിൽ ഒരുകുട്ടി കരച്ചിലോടുകൂടി ഉണരുമ്പോൾ മറ്റൊരു പുഞ്ചിരിയോടുകൂടി ഉണരുന്നു. നേരമില്ലേ? അന്ധകാരമില്ലാതെ വെളിച്ചമോ ദുഃഖമില്ലാതെ സന്തോഷമോ ഇല്ല. ദൈവത്തിനു ഈ ലോകത്തിൽ ഇരുട്ടും വെളിച്ചവും ക്രമമായി ഇടകലർത്തുന്നു. മനുഷ്യന്റെ ഏറ്റവും ഉയർന്ന വേദനകളില്ലാതെ സന്തോഷമാത്രമുള്ളതും ഭാരമില്ലാതെ എപ്പോഴും അനുഭവിക്കുന്ന ഇരുണ്ട മനുഷ്യജീവിതവും കാര്യമല്ല. ദൈവം കുരിശുകൾ അയക്കുമ്പോൾ നാം അവയെ ഇഷ്ടപ്പെടണം. നമ്മുടെ നന്മയ്ക്കുവേണ്ടി അയക്കുന്നതാണെന്നു വിചാരിച്ചു് അവ കൾ നിട്ടി അവ സ്വീകരിക്കണം. വിശ്വാസത്തിന്റെ കണ്ണുകളിൽ ഇരിക്കുന്ന ഉണ്ണിയീശോയെ പണിതീർത്ത ഒരു ചെറിയ മരക്കുരിശു് ഒരു കൊച്ചുമരപ്പലകയിലുണ്ടാക്കിയതിനെ പിടിച്ചുകൊണ്ടുനിൽക്കുന്നതായും ഉണ്ണിയീശോ കളിപ്പാട്ടം സ്വീകരിക്കുന്ന മനോഭാവത്തോടെ അതു് സ്വീകരിക്കുന്നതായും ചിത്രത്തിലും പ്രതിമകളിലും നാം കണ്ടിട്ടില്ലേ? ഇതുപോലെ ആയിരിക്കണം കുരിശുകളും ക്ലേശങ്ങളും സ്വീകരിക്കുന്നതിനുള്ള നമ്മുടെ മനസ്ഥിതിയും. പ്രായം കൂടുന്തോറും കുരിശുവഹിക്കുന്നതിനുള്ള കൂടുതൽസന്നദ്ധത ഉണ്ടാകണം. ക്രൈസ്തവരിലുള്ളവർക്കുള്ള് ആശ്വാസമത്രേ. ശിശുപ്രായത്തിൽനിന്നും അമ്മയുടെ മടിയിൽ കിടക്കുന്ന കുരിശുരൂപം ചുംബിക്കുന്നതിനു ശ്രമിക്കുന്നു. യൗവനപ്രായത്തിൽ മറ്റുള്ളവർ കുരിശിനെപ്പറ്റി പ്രസംഗിക്കയും മറ്റും ചെയ്യുമ്പോൾ നമുക്കു് ആ ദിവ്യസാധനത്തെപ്പറ്റി ഒരു മതിപ്പും ബഹുമാനവുമുണ്ടാകുന്നു. നമ്മുടെ വാർദ്ധക്യത്തിൽ നാം എപ്പോഴും അതുപയോഗിക്കുന്നു. പ്രായം വർദ്ധിച്ചു് രോഗശയ്യയെ അലങ്കരിക്കുമ്പോൾ കുരിശു് എപ്പോഴും നമ്മുടെ കരങ്ങളിലും ചുണ്ടിലും വിശ്രമിക്കുന്നു. ലോകജീവിതത്തിന്റെ അവസാനവിനാഴികയിലെ നമ്മുടെ ചുംബനവസ്തുവും ഇതുതന്നെ. ചിലപ്പോൾ ശരീരം മണ്ണോടുചേരുന്നതുവരെയും നമ്മുടെ ശരീരത്തോടു് കുരിശു കെട്ടിപ്പിടിച്ചിരിക്കുന്നു. ഇപ്രകാരം ഈ പ്രായംമുതൽ മരണംവരെ നമ്മോടുകൂടി വസിക്കുവാൻ ഇഷ്ടപ്പെടുന്ന കുരിശിനെ, ക്ലേശത്തെ, നാം സ്നേഹിക്കാതിരിക്കുന്നതു് ഉചിതമാണോ? ദൈവത്തിന്റെ പ്രത്യേകമായ സ്നേഹിച്ച വിശുദ്ധന്മാരെല്ലാം ഈ ഭൂമിയിൽ കുരിശുകൾ വഹിക്കേണ്ടിയിരുന്നു. അനുഗ്രഹിതനായ "ഹെൻറി സൂസോ" പറയുന്നു. "ആകാശപ്പറവകളും എന്നിക്കു കടലാസ്സായും, സമുദ്രം മുഴുവൻ മഷിയായും, ഇലകളും പുല്ലുകളും പേനയായും, ആയിരുന്നാലും നക്ഷത്രങ്ങളെങ്കിലും എന്റെ ജീവിതക്ലേശങ്ങൾ എഴുതിത്തീർക്കുവാൻ സാധ്യമല്ല." റോസച്ചെടികൾ സൗരഭ്യം വിശുന്ന പുഷ്പങ്ങളാലും കൂർത്തുമൂർച്ചയുള്ള മുള്ളുകളാലും നിറയപ്പെട്ടിരിക്കുന്നതുപോലെ ലോകജീവിതം പ്രത്യാശകളാലും ഭീതിയാലും സന്താപസന്തോഷങ്ങളാലും മിശ്രമത്രേ. ലോകജീവിതത്തിന്റെ മഹത്ത്വവും രഹസ്യവും ശരിയായി അറിഞ്ഞിരിക്കുന്നവർ മാത്രമേ ക്ലേശങ്ങൾ സഹിക്കുന്നതിനു സന്നദ്ധത പ്രകടിപ്പിക്കയുള്ളു. റോസപ്പുഷ്പങ്ങളുടെയിടയ്ക്കു് മുള്ളുകൾ നിറഞ്ഞിരിക്കുന്ന ദൈവത്തെ നാം വിലപ്പോൾ പഴിച്ചേക്കാമെങ്കിലും മുള്ളുകളുടെ മദ്ധ്യേ റോസപ്പുഷ്പം സ്ഥാപിച്ചിരിക്കുന്ന അവിടുത്തേക്കു് ചിലപ്പോൾ നന്ദിപ്രകടിപ്പിക്കണമെന്നുള്ള വസ്തുതയും നാം വിസ്മരിക്കരുതു്. ക്ലേശം ഒരുത്തനു് വിഷപാനീയമെങ്കിൽ അപരനു് മധുരസമാകുന്നു. ക്ലേശങ്ങൾക്കു്, അതേ മുള്ളുകൾക്കു്, സംശയം പുറപ്പെടുവിക്കുന്നുള്ള ശക്തിയുണ്ടു്. ഗ്രന്ഥകാരൻ വാങ്ങിച്ച മൊഴിയോടു ചേർന്നു നടക്കാതെ ഇപ്രകാരം പറഞ്ഞു: "ഈശസ്വസുചികൾക്കു പകരം കാരമുള്ള" നിറങ്ങൾ ഗ്രന്ഥലോകത്തിൽ ഉപയോഗിക്കണം. കാരണം ഈശസ്വസുചി ഏറ്റവും ഭേദപ്പെടുന്ന കുഴിക്കയും മലാഖ നശിപ്പിക്കയും ചെയ്യുന്ന കാരമുള്ളോ? ഇതു വാസ്തവമല്ലേ? കൂർത്തതും മൂർച്ചയുള്ളതും കൊണ്ടുകൊൾവിച്ചിരിക്കുന്ന കാരണമായിട്ടുള്ളതായ കാരമുള്ളിനു് സംഗീതം പുറപ്പെടുവിക്കുവാൻ സാദ്ധ്യതയുണ്ടെന്നോ? അപ്രകാരമെങ്കിൽ ജീവിതത്തിലെ മുള്ളുകളിൽ നിന്നു എന്താണു പാഠം പഠിക്കേണ്ടതു്? ലോകത്തിൽ എന്തെങ്കിലും ക്ലേശങ്ങൾ സഹിക്കേണ്ടില്ലാത്തവരെ കണ്ടുകിട്ടുക പ്രയാസമാണു്. ക്ലേശങ്ങൾ എല്ലാം എപ്പോഴും ശാരീരികമായിരിക്കയില്ല. ചിലപ്പോൾ ആത്മീകവും മാനസികവുമായിരിക്കും. അതുകൊണ്ടു് ചിലർ ക്ലേശങ്ങൾ സഹിക്കുന്നു. മറ്റുചിലർ സായ്മറിക്കാതെ പരികയ്, മരണത്തെപ്പോലും മരിക്കയും ചെയ്യുന്നു. ദൈവം കുരിശുകളും ക്ലേശങ്ങളും അയക്കുന്നുള്ളവ സ്നേഹമാണെന്നുള്ള വസ്തുത ചിലർ ദൈവകരുണയുടെ മാതൃകയാകുന്നു. രോഗികൾക്കു് ശാരീരിക വേദനകളാണെങ്കിൽ വേറെ ചിലർക്കു് മാനസികക്ലേശമായിരിക്കും. അപ്രകാരം മനോവേദന വലയം ചെയ്യുമ്പോൾ നാം കാരണം മറ്റുള്ളവർ ആത്മഹത്യ ചെയ്യുകയും ശാരീരികമായും ഉയർന്ന തലത്തിൽ അസ്വസ്ഥമായ ക്ലേശമായിരിക്കും.

മേൽപ്പറഞ്ഞവ പൊതുവായിട്ടുള്ള ക്ലേശകാരണങ്ങളാണു്. എന്നാൽ ഒരു കുടുംബത്തിന് പ്രത്യേകമായി ഒരു പ്രകാരത്തിലാണു് ക്ലേശമുണ്ടാകുന്നതു് എന്നു്, കുടുംബാംഗങ്ങളിൽ ചിലർക്കു് നിരന്തരമുണ്ടാകുന്ന രോഗം മൂലവും മറ്റും, ഒരു കുടുംബാംഗം കലയായവനികയ്ക്കുള്ളിൽ മറയുമ്പോൾ ഇതരാംഗങ്ങൾക്കുണ്ടാകുന്ന വിരഹതാപം മൂലവും. രോഗം എപ്പോഴും അതിന്റേതായ ദൈവാനുഗ്രഹത്തെയും കൊണ്ടുവരുന്നുണ്ടു്. ശാന്തശീലവും ഏകാന്തതയുമുള്ള ഈശോയുടെ പക്കൽ തനിച്ചിരിക്കുന്നതിനു് രോഗം ഒരു മനുഷ്യനു അവസരം നൽകുന്നില്ലേ? അവിടുത്തെ വിശുദ്ധമുറിവിൽ പ്രവേശിച്ചു് രോഗി പ്രാർത്ഥനവഴി ദൈവവുമായി നർമ്മസംഭാഷണത്തിലേർപ്പെട്ടു നില്ക്കുമ്പോൾ കുരിശിൽപ്പിടയുന്നവനുള്ളിൽ മറയ്ക്കപ്പെട്ടിരിക്കുന്ന വജ്രക്കല്ലാണു് മനുഷ്യൻ ക്ലേശമാകുന്ന ചുറ്റികകൊണ്ടു് ദൈവം ഈ വജ്രക്കല്ലിനെ പുറത്താക്കുന്നു. ദൈവം നമുക്കുതന്നെങ്കിലും അതെപ്പോൾ നാം അവിടുത്തെ സ്തുതിക്കുന്നതുപോലെ ഇഷ്ടപ്പെട്ടതിനെ നമ്മിൽനിന്നു അകററുമ്പോഴും നാം അവിടുത്തെ സ്തുതിക്കണം. എന്നാൽ ദൈവം തന്നവരെ ധൂളിയിലും അവിടുന്നു നമ്മിൽനിന്നെടുക്കുന്നവരെ മാർബിൾകല്ലിലും ഉല്ലേഖനം ചെയ്യുന്നതു ശരിയാണോ? ക്രിസ്ത്യാനിക്കു ചേർന്നതാണോ? കൺകെട്ടയെ കട്ടിയാക്കുന്ന അഗ്നിതന്നെയല്ലേ സ്വർണ്ണത്തെ ശുദ്ധീകരിക്കുന്നതും? അപ്രകാരം ഒരുതരം ക്ലേശം തന്നെ ഒരുവനെ കഠിനമാനസനാക്കുകയും അപരനെ സംസ്കാരചിത്തനാക്കുകയും ചെയ്യുന്നു. ഇതെല്ലാം സ്വീകരിക്കുന്ന വിധത്തെ ആശ്രയിച്ചിരിക്കുന്നു. ലോകത്തിന്റെ ദൃഷ്ടിയിൽ കുടുംബജീവിതത്തിന്റെ സുഖശ്രവണ്യമായ കണ്ണീരുകൾ അറുക്കുന്ന ലോകത്തെ ശത്രുമാണെന്നത്രേ. രോഗത്തിന്റെയോ മരണത്തിന്റെയോ ഭീതി തിങ്ങിയിട്ടില്ലാത്ത ഒരു ഭവനം നാം സന്ദർശിക്കുകയാണെങ്കിൽ അതു് ഭൗമികപറുദീസയാണെന്നു് നമുക്കു തോന്നും. എന്നാൽ മരണം അവിടെ കാലുകുത്തുമ്പോൾ അവിടെയുള്ള ആഹ്ലാദപ്രകടനങ്ങൾ എല്ലാം അസ്തമിക്കയും ചെയ്യുന്നു. ഏതെങ്കിലും മരണത്തിന്റെ നിത്യവിയോഗം വിളിച്ചുപറയുന്ന സ്മാരകവസ്തു ഇല്ലാത്ത ഭവനം ഭൂമിയിൽ ഉണ്ടോ? ആ സ്മാരകവസ്തു ഒരു പിള്ളത്തൊട്ടിലോ, കളിപ്പാട്ടമോ, പുസ്തകസഞ്ചിയോ, സിഗററ്റു് കെയ്സോ, ശൂന്യമായ കസേരയോ, മുറുക്കാൻചെല്ലമോ ആയിരിക്കാം. റോസച്ചെടിയിലെ മനോഹരപുഷ്പം ഒരിക്കലും നിലംപതിച്ചു്, അതിന്റെ ഇതളുകൾ മരണമെന്ന നാനാവശത്തേക്കും വിതറപ്പെടുന്നതുപോലെ ഒരു കുടുംബവും അംഗങ്ങളുടെ മരണംമൂലം ഛിന്നഭിന്നമാകുന്നു. അഴവീണ പുഷ്പങ്ങൾ തിരിച്ചുവന്നു് ശാഖകളിൽ ഒട്ടിപ്പിടിച്ചു റോസച്ചെടി പൂർവ്വസ്ഥിതിയിലാകാത്തതുപോലെ മൃത്യുവിനിരയായ അംഗങ്ങളും ഭവനത്തിൽ തിരിച്ചു വന്നു് അതിനെ വീണ്ടും പൂർണ്ണഭവനമാക്കുന്നില്ല. ആയതിനാൽ സന്താനവിരഹത്താൽ ക്ലേശിക്കുന്ന മാതാപിതാക്കൾ ഇപ്രകാരം പ്രാർത്ഥിക്കട്ടെ: "എന്റെ ദൈവമേ, എന്റെ നിധി അവിടുന്നു സൂക്ഷിച്ചുകൊൾക. അതിനു പകരമായി അവിടുന്നു എനിക്കു ധൈര്യം തരിക. എന്റെ കുഞ്ഞു ഒരുപക്ഷേ എന്റെ രക്ഷയ്ക്കു കാരണമായിരിക്കാം."

# വിജ്ഞാനവീഥി

ഇൻഡ്യൻ പാർലമെന്റിൽ അടുത്ത കാലത്തുണ്ടായ ഒരു പ്രസ്താവനയനുസരിച്ചു, ഇപ്പോൾ ഇൻഡ്യയിൽ 3,302 അമേരിക്കക്കാരുണ്ടു്. അവരിൽ, അമേരിക്കൻ പ്രതിനിധിമന്ദിരത്തിലെ ഉദ്യോഗസ്ഥന്മാർ 338; വ്യാപാരികൾ 536; വിദ്യാർത്ഥികൾ 312, സെൻട്രൽ ഗവമെന്റിലേയും സ്റ്റേററു് ഗവമെന്റുകളിലേയും ഉദ്യോഗസ്ഥന്മാർ 37; അമേരിക്കയുടെ ചതുർമുഖ സഹായപദ്ധതിയനുസരിച്ചു് ഇൻഡ്യയിൽ ജോലിചെയ്യുന്നവർ 57; മിഷനറിമാർ 2,022.

o o o

അമേരിക്കയിലാകട്ടെ, ഇപ്പോൾ 5,240 ഇൻഡ്യാക്കാരുണ്ടു്. അവരിൽ 4000 പേർ മരിക്കുന്നതിൽസ്ഥിരതാമസക്കാരായി മാറിയിട്ടുള്ളവരാണു്. 1,136 വിദ്യാർത്ഥികളുണ്ടു്. ശേഷംപേർ ഇന്ത്യൻ പ്രതിനിധിമന്ദിരത്തിലെ ഉദ്യോഗസ്ഥന്മാരാണു്.

o o o

അവികസിതരാജ്യങ്ങളെ സഹായിക്കുന്നതിനായി ഐക്യരാഷ്ട്രസമിതി രൂപവൽക്കരിച്ചിരിക്കുന്ന പദ്ധതിയുടെ വിജയത്തിനായി റഷ്യ ഒരു പൈപോലും സംഭാവന നൽകിയിട്ടില്ല.

o o o

അമേരിക്കയിൽ അക്ഷരജ്ഞാനമുള്ളവരുടെ ശതമാനം 97·3 ആണു്.

o o o

അമേരിക്കൻ പ്രസിഡൻറുമാരിൽ താഴെപറയുന്നവർ ജനാർമന്മാരായിരുന്നു: വാഷിംഗ്ടൺ, ജാക്സൺ, വില്യം ഹെൻറി, ഹാരിസൺ, ടെയ്ലർ, പീയേഴ്സ്, ഗ്രാൻറ്, ഹേയ്സ്, ഗാർഫിൽഡ്, ആർഥർ, ബെൻജമിൻ ഹാരിസൺ, ഐസനോവർ.

o o o

യാതൊരു കത്തോലിക്കനും ഇതുവരെ അമേരിക്കൻ പ്രസിഡൻറുപദമലങ്കരിച്ചിട്ടില്ല, രണ്ടുപേർ മാത്രമേ പ്രസിഡൻറു സ്ഥാനത്തിനു മത്സരിച്ചിട്ടുള്ളു. 1872-ൽ സ്വതന്ത്ര ഡെമോക്രാററു് സ്ഥാനാർത്ഥിയായി മത്സരിച്ച ചാൾസ് ഒക്കോണോറും 1928-ൽ ഡെമോക്രാററിക് ടിക്കററിൽ മത്സരിച്ച ആൽഫ്രഡ് ഇ സ്മിത്തുമാണവർ.

o o o

"ലാററിൻ അമേരിക്ക"യിൽ 20 രാജ്യങ്ങൾ ഉൾപ്പെടുന്നു. ദക്ഷിണാമേരിക്കയിലും സെൻട്രൽ അമേരിക്കയിലും സ്പാനിഷ്, പോർത്തുഗീസ് എന്നീ ഭാഷകൾ നിലവിലിരിക്കുന്ന രാജ്യങ്ങൾക്കും വെസ്റ്റിൻഡീസിലെ ചില റിപ്പബ്ലിക്കുകൾക്കുംകൂടിയുള്ള പേരാണിതു്.

o o o

അമേരിക്കയിൽ ഉദ്ദേശം 50 ലക്ഷം യഹൂദന്മാരുണ്ടു്. ആകെ ജനസംഖ്യയുടെ 3.4 ശതമാനമാണിതു്.

o o o

ഐക്യരാഷ്ട്രസമിതിയിൽ ഇപ്പോൾ 60 രാഷ്ട്രങ്ങൾ അംഗങ്ങളായുണ്ടു്. അവയിൽ 51 എണ്ണം 1945-ൽ സാൻഫ്രാൻസിസ്കോവിൽവച്ചു് യു. എൻ. ചാർട്ടറിൽ ഒപ്പുവച്ചവയും ശേഷം 9 എണ്ണം പിന്നീടു ചേർന്നവയുമാണു്. ഇൻഡോനേഷ്യയാണു് ഏററവും അവസാനം ചേർന്നതു് (1950). താഴെ പേർ പറയുന്ന 14 രാഷ്ട്രങ്ങൾ ഐക്യരാഷ്ട്രസമിതിയിൽ അംഗങ്ങളാകുവാൻ സന്നദ്ധമായിരിക്കയാണെങ്കിലും റഷ്യയുടെ എതിർപ്പു് (വീറ്റോ) നിമിത്തം അതിനു സാധിക്കാതിരിക്കയാണു്. ഇററലി, ഐർലൻഡു്, പോർത്തുഗൽ, കൊറിയൻ റിപ്പബ്ലിക്ക്, കംബോഡിയ, ലാവോസ്, വിയററ്നാം, ജപ്പാൻ, ആസ്ട്രിയ, ഫിൻലൻഡു്, സിലോൺ, ലിബിയ, നേപ്പാൾ, ജോർദ്ദാൻ.

# Sathya Deepam

Vol. 26 Ernakulam February 18, 1953 No. 26


# വിവിധവൃത്താന്തങ്ങൾ

### കത്തോലിക്കാസഭയിലെ കന്യകാസൈന്യനിര

റോമിൽ ഈയിടെ സമ്മേളിച്ച അദ്ധ്യാപനകന്യകാസംഘടനയുടെ റിപ്പോർട്ടിൽനിന്നു കത്തോലിക്കാസഭയിൽ ഇപ്പോൾ ആകെ 10 ലക്ഷത്തിനുമേൽ കന്യാസ്ത്രീകളുള്ളതായി കാണുന്നു. അതിൽ 9 ലക്ഷവും തിരുസിംഹാസനത്തിലെ അംഗീകാരം സിദ്ധിച്ചിട്ടുള്ള സഭകളുടെ അംഗങ്ങളാണ്. ശേഷിച്ചുള്ളവർ രൂപതാദ്ധ്യക്ഷന്മാരുടെ കീഴിലുള്ള സംഘടനകളിൽ പെട്ടവരുമാകുന്നു.

### ഹംഗേറിയൻ ചക്രവർത്തിയെ പേരുവിളിക്കാനുള്ള നടപടികൾ

ഓസ്ട്രിയാ ഹംഗറിയുടെ ഒടുവിലത്തെ ചക്രവർത്തിയായിരുന്ന ചാൾസ് പ്രഥമൻ മദേയിറാ ദ്വീപിൽവച്ച് 1922-ലാണ് മരണം പ്രാപിച്ചത്. സ്ഥാനത്യാഗം ചെയ്തു അവിടെ എത്തിയതിന്റെ 4-ാം കൊല്ലമായിരുന്നു അതു്. കർദ്ദിനാൾ ഇന്നിറ്റ്സർ തിരുമേനിയുടെ നിർദ്ദേശാനുസരണം സ്വന്തവംശമായ ഈ ചക്രവർത്തിയെ നാമകരണം ചെയ്യുന്നതിലേക്ക വേണ്ട പ്രാരംഭനടപടികൾ പ്രസ്തുതരൂപതയിലെ സഭാദ്ധ്യക്ഷന്മാർ സമാരംഭിച്ചിരിക്കുന്നതായറിയുന്നു.

### കമ്മ്യൂണിസ്റ്റ് ഇരുമ്പഴി അവരുടെ അസ്തിത്വത്തിനാവശ്യം

പടിഞ്ഞാറെ ജർമ്മനിയിലെ ഒരു മേയറായ ലോറൻസ് റെഹ് എന്ന ദേഹം ഒരു പ്രസ്താവനയിൽ പറഞ്ഞു: "കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അസ്തിത്വംതന്നെ അവരുടെ ഇരുമ്പഴി മറച്ചുകൂടാത്തതായിത്തീർന്നിരിക്കുന്നു. അവിടത്തെ ജനങ്ങൾ ബാഹ്യലോകത്തെ ദർശിക്കാനിടയായാൽ കമ്മ്യൂണിസം പൊളിഞ്ഞുതകരും. അത്ര അധഃപതിച്ച ഒരു നിലയിലത്രേ ഇരുമ്പഴികളിൽ അവർ കഴിയുന്നതു്. 1917-ലെ യുദ്ധത്തിൽ ഒരു തടവുകാരനായി അദ്ദേഹം റഷ്യയിൽ പോയിരുന്നതാണ്. അവിടത്തെ ജനസാമാന്യത്തിന്റെ ജീവിതരീതി കണ്ട് അദ്ദേഹം അമ്പരന്നുപോയി. രണ്ടാം ലോകമഹായുദ്ധം കഴിഞ്ഞു റഷ്യയിൽനിന്നു മടങ്ങിയെത്തിയ യോദ്ധാക്കളുമായി അദ്ദേഹം സംസാരിച്ചിട്ടുണ്ട്. അതേ ചരിത്രംതന്നെയാണ് അവർക്കും പറയാനുള്ളതു്. അതിനാൽ പുറത്തുനിന്നു ആരെയും ഈ രംഗങ്ങൾ ദർശിപ്പിക്കാതിരിക്കേണ്ടതു കമ്മ്യൂണിസത്തിന്റെ നിലനില്പിനു ആവശ്യകമായിത്തീർന്നിരിക്കുന്നു.

### ആഫ്രിക്കൻസമരം പ്രോട്ടസ്റ്റന്റു നവീകരണവിത്ത്

ദക്ഷിണാഫ്രിക്കയിൽ ഇന്നു മലാൻ നടത്തുന്ന വർഗ്ഗീയസമരത്തെ ആസ്പദമാക്കി ഡോക്ടർ പോൾ ഹാലൂറ് എന്ന ചിന്തകൻ എഴുതുന്നു: "അവിടെ മലാൻ വിതക്കുന്നതു പ്രോട്ടസ്റ്റന്റു നവീകരണത്തിന്റെ വിത്തുകളാണ്. ഹോളണ്ടിൽനിന്നു കാൽവിന്റെ അനുയായികളായ പ്രോട്ടസ്റ്റന്റുകാർ 17-ാം ശതകത്തിൽ തെക്കെ ആഫ്രിക്കയിൽ കുടിയേറിപ്പാർത്തു. വർഗ്ഗീയവാദം മാത്രമാണ് അന്നുമുതൽ അവരവിടെ വളർത്തിക്കൊണ്ടുവരുന്നതു്. ഹോളണ്ടിലുള്ള അവരുടെ സഹോദരങ്ങൾ കത്തോലിക്കരോടുംമറ്റും ഇടകലർന്നു വസിക്കുന്നതിനാൽ അവരുടെ വർഗ്ഗീയവാഞ്ഛ ദക്ഷിണാഫ്രിക്കയിലേപ്പോലെ മൂർദ്ധന്യത്തിലെത്താൻ സാധിക്കുന്നില്ല. മലാൻ ഒരു പ്രോട്ടസ്റ്റന്റു പുരോഹിതനായിരുന്നു. അദ്ദേഹത്തിന്റെ ഇന്നത്തെ ഭരണരീതി പാശ്ചാത്യമതസമ്പ്രദായത്തിൽവച്ചു ഏററം ജനായത്തവിരുദ്ധമായിത്തീർന്നിട്ടുണ്ട്."

### അമേരിക്കയേയും ബ്രിട്ടനേയും ടിറ്റോ കബളിപ്പിക്കുന്നു

ചിലി ജനാധിപത്യസമാജത്തിലെ ഒരു മെമ്പറായ റാഡോമിറോ ടോമിക് അവരുടെ പാർലമെന്റിൽ പ്രസ്താവിച്ചു: "1 കോടി 60 ലക്ഷം ജനങ്ങളുള്ള യൂഗോസ്ലാവിയായിൽ, അമേരിക്കയുമായി അത്രതന്നെ വ്യാപാരവും ആ രാജ്യം നടത്തുന്നില്ല. അററ്ലാന്റിക് സഖ്യത്തിൽ അവർ ചേർന്നിട്ടില്ല. എങ്കിലും ഇക്കഴിഞ്ഞ നാലുകൊല്ലത്തിനിടയ്ക്ക് നൂറു കോടി ഡോളറിന്റെ സഹായം അമേരിക്കാ അവർക്കു നൽകിയിട്ടുണ്ട്. നേരെമറിച്ച് ലത്തീൻ അമേരിക്കൻ രാജ്യങ്ങളിൽ 15 കോടി ജനങ്ങളുണ്ട്. അമേരിക്കൻ ഐക്യനാടിനു വേണ്ട അസംസ്കൃതസാധനങ്ങളിൽ 40 ശതമാനവും ഇവിടെനിന്നത്രേ നൽകിക്കൊണ്ടിരിക്കുന്നതു്. നമുക്കു ലഭിച്ചിട്ടുള്ള സഹായമോ 38 കോടി ഡോളർ മാത്രം. ടിറ്റോയെ പ്രീണിപ്പിക്കുന്നതിനുള്ള ഐക്യനാടിന്റെ ഈ മനോഭാവമാണ് അവരിൽനിന്നു നമ്മെ അകററുന്നതു്. ടിറ്റോ അമേരിക്കയേയും ബ്രിട്ടനേയും കബളിപ്പിക്കുക മാത്രമാണ് ചെയ്തുകൊണ്ടിരിക്കുന്നതു്."

### ലീഡ്സിലെ മെത്രാൻ ഇംഗ്ലീഷ് ജനതയെ ഉപദേശിക്കുന്നു

ലീഡ്സിലെ പ്രസിദ്ധ മെത്രാനായ ജോൺ ഹീനൻ തിരുമനസ്സുകൊണ്ടു, ടിറ്റോ ബ്രിട്ടൻ സന്ദർശിക്കുന്നപക്ഷം ജനങ്ങൾ എന്തുചെയ്യണമെന്നുള്ളതിനെപ്പററി ഒരു നിർദ്ദേശം നൽകിയിരിക്കുന്നു: "പ്രതിഷേധങ്ങളെ അവഗണിച്ച് ആ കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപതി നമ്മുടെ രാജ്യം സന്ദർശിക്കുന്നതായാൽ 'ഞങ്ങളുടെ സഹമതസ്ഥരായി നിങ്ങളുടെ രാജ്യത്തുള്ളവരോട് എന്താണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്?' എന്നുള്ള ചോദ്യം സഹസ്രങ്ങളായ ജനങ്ങൾ ചേർന്ന് ഏകസ്വരത്തിൽ ഇടവിടാതെ അദ്ദേഹത്തിന്റെ കർണ്ണപുടങ്ങളിൽ എത്തിക്കണം. സ്വഭാര്യയെ ഉപേക്ഷിച്ച് പുനർവിവാഹം നടത്തിയ നമ്മുടെ വിദേശകാര്യമന്ത്രി ഈഡൻ മധുവിധുവിനായി യൂഗോസ്ലാവിയായിലെത്തിയപ്പോഴാണ് ഈ കമ്മ്യൂണിസ്റ്റ് ഡിക്റ്റേറററെ ഇങ്ങോട്ടു ക്ഷണിച്ചുംവച്ച് പോന്നിരിക്കുന്നതു്. ഇക്കാര്യത്തിൽ പൊതുജനാഭിപ്രായമെന്തെന്നു സ്വീകരണവേളയിൽ നാം പ്രത്യക്ഷമാക്കണം."

### അമേരിക്കൻ കത്തോലിക്കർക്ക് അപരിഹാര്യമായ നഷ്ടം

അയർലണ്ടിലെ അമേരിക്കൻ അംബാസിഡറായിരുന്ന ഫ്രാൻസിസ് ഷെവലിയർ മാത്യൂസ് [illegible] തന്റെ 66-ാമത്തെ വയസ്സിൽ പെട്ടെന്നു നിര്യാതനായി. അമേരിക്കയിലെ അല്മായകത്തോലിക്കരിൽ ഏററം പ്രബലമായ ഒരു സ്ഥാനം അലങ്കരിച്ചിരുന്ന ഒരാളായിരുന്നു ഇദ്ദേഹം. സഭയിലും രാഷ്ട്രത്തിലും സമുന്നതമായ പദവികൾ അദ്ദേഹം നിരന്തരമായി വഹിച്ചുവന്നു. ദീർഘകാലം നൈററ്സ് ഓഫ് കൊളംബസ് സംഘടനയുടേയും, ധർമ്മസഹായ സംഘടനകളുടേയും, സമുദായസേവനസമിതികളുടേയും അദ്ധ്യക്ഷനായിരുന്നു. മാത്യൂസ് അദ്ധ്യക്ഷനോ അംഗമോ ആകാത്ത ഗവൺമെന്റുകമ്മിററികൾ അക്കാലത്തു അധികം ഉണ്ടായിരുന്നിട്ടില്ല. പ്രശസ്തമായി രാജ്യത്തെ സേവിച്ചിട്ടുള്ള ചുരുക്കം പൗരന്മാർക്ക് നൽകാറുള്ള മെഡൽ ഓഫ് മെറിററ് പ്രസിഡണ്ട് ട്രൂമൻതന്നെയാണ് അദ്ദേഹത്തിനു നൽകിയതു്. അതേസമയംതന്നെ അദ്ദേഹം ഒരു പേപ്പൽ ചേംബർലെയിനും, സെൻറു ഗ്രിഗറിയുടെ [illegible], ഹോളി സെപ്പൾക്കർ കമാന്ററുമായിരുന്നു. സഭയ്ക്കും രാഷ്ട്രത്തിനും അപരിഹാര്യമായ ഒരു നഷ്ടമാണ് ഇദ്ദേഹത്തിന്റെ നിര്യാണംമൂലം വന്നുഭവിച്ചിരിക്കുന്നതു്.

# FAMOUS CONVERTS

(Continued)

**DR. BELLA V. DODD**, formerly New York State legislative director for the Communist Party, has returned to the Catholic Church, it was disclosed by Richard Reid, editor, in his "By the Way" column in the Catholic News, newspaper of the New York Archdiocese. Dr. Dodd was born a Catholic but did not practise her religion. She is an attorney, and a former Hunter College professor. For years she was a leader in the radical ranks among teachers. She was expelled from the Communist Party in 1949, but refused to expose party members. Dr. Dodd was instructed by Bishop Fulton J. Sheen, and has recently been received into the Church.

**HERBERT ANTCLIFFE, F. R. S. A.**, one of the most famous English organists, was both organist and choirmaster in a number of Anglican Churches before his reception into the Church in 1914. He has been organist and director of music for many Catholic Churches since. As a member of the Netherlands Society for musical history, and Vice-President of the Foreign Press Association, he has done much to improve the artistic relations between England and Holland. He is a newspaper correspondent and contributor to periodicals in Europe, America, and the British Empire, and a composer of chamber and orchestral music; part songs and church music. Among his publications are: "Living Music," "Brahms," "Schubert," "The Nature of Music" etc.

**EDWARD O. DODSON** is a young scientist whose accomplishments give promise of a brilliant future. He was born in 1916 of Protestant parents. While in High School, he became a member of the Congregational Church, but certain happenings while in college led him to investigate the Catholic Church. He became a Catholic in 1938. He is the holder of many scholastic honours: The Elliott Prize in Greek, a graduate assistantship in the University of California, his Ph. D. in 1946, the Newman Hall Essay Contest. He has lectured in Zoology in the University of California, and is now a member of the Dept. of Biology at Notre Dame since 1947.

**DR. LETITIA DENNY FAIRFIELD, C. B. E., M. D., D. P. H.**, was received into the Catholic Church in 1923. Both before and after her conversion she held important posts as Children's Doctor, Pathologist, Woman Medical Director, R. A. F., R. A. M. C., Senior Medical Officer of the L. C. C. (1911-1948) etc. Has published: "Catholics and the public Medical Services." She is Asst. editor of the Medico-Legal Journal.

# ദിവ്യകാരുണ്യഗാനം*

(ഹിന്ദി "ദാഗി"ലെ "ഹെ മെരെ ദിൽകഹി ആരുചൽ" പോലെ)

നാഥാ! എന്റെ ചേതസ്സിൽ വാഴ്ക നീ,
ക്ലേശിതർക്കാശ്രയം നൽക നീ,
ഭാവുകം ഉലകമാറാക നീ, (നാഥാ......
ദിവ്യസ്നേഹ പ്രഭാ സാരമേ! —ഭവ്യദാനത്തിൻ കേദാരമേ! (2)
കന്യകാനന്ദനാ! കാന്തന്മാർ—മന്നിൽ മാഴ്കയായ് തീർന്നവർ,
ഏകനാഴും പാപിയാം ചേതനർ. (നാഥാ......
ദിവ്യ കാരുണ്യ സാഗരമേ!—നവ്യമാം മോക്ഷ പാഥേയമേ! (2)
ദിവ്യരാൽ വാഴ്ത്തിടും ജ്ഞാനമേ! —നിർവൃതി നൽകിടും ദാനമേ!
നന്മതൻ തേൻതരും സൂനമേ! (നാഥാ......
സ്നേഹമേറും മമ നായകാ!—മോഹമാനസോരിതാ പാലകാ! (2)
പാപികൾക്കില്ല നിന്നെന്നിയേ—പാലനാലോചരി ഭൂമിയിൽ.
ആകയാൽ പാഹി നീ മാനസേ. (നാഥാ......
സ്വർഗ്ഗലോകം വെടിഞ്ഞന്നാളും—മർത്ത്യരക്ഷാർ സമസ്തത്തെയും
കാത്തു രക്ഷിക്കുവാൻ വന്ന നീ—ദുർഗ്ഗമജീവിത പാതയിൽ
ഉജ്ജ്വല താരമായ് വാഴ്കയിൽ – മാന്യവാനാണു ഞാൻ ഭാവിയിൽ
(നാഥാ......
സ്നേഹസർവ്വസ്വമാം അങ്ങയെ—കൂപ്പി വാഴ്ത്തിടുവാനെന്നിയേ (2)
കെല്പുഴാന്തരേ മാം പാപിയെ—കാറകന്നിടിന ദ്യോവുപോൽ
കാണുമാറാക്കുവാൻ ഏകനാഴ്വാം. (നാഥാ......
സ്നേഹമാകുന്ന ദൈവാത്മജൻ—സ്നേഹരൂപം ധരിച്ചുള്ള നീ
മേഹദേഹി ഭയേ കാട്ടവേ—ദിവ്യസങ്കീർത്തനം പാടിയ
സ്വർഗ്ഗീയ ഗായകരൊത്തിതാ—ദിവ്യസംഗീതകം പാടിടാം. (നാഥാ......
മോക്ഷസാമ്രാജ്യം വാണിടിന—സർവ്വേശാ വണങ്ങുന്നിതാ (2)
ശത്രുതൻ ശക്തികൾ ക്രൂരമായ്—ആഞ്ഞടിച്ചാക്രമിച്ചിടുകിൽ
നാഥാ! നീ തന്നെയെൻ ശക്തികൾ. (നാഥാ......

* ശംഖാലെ ജൂബിലിയോടു ചേർന്നു നടത്തിയ ദിവ്യകാരുണ്യ പ്രദക്ഷിണത്തിനു മാമ്പിൽക്കൂടി പാടിയതു്.

— വറുഗീസ് ജെ. മാളിയേക്കൽ